മലയാളം മിഷൻ
MALAYALAM MISSION

പ്രവാസി മലയാളികൾക്കായുള്ള
മലയാള ഭാഷാപാഠ്യപദ്ധതി

# കണിക്കൊന്ന

## കൈപ്പുസ്തകം

(ഭാഗം 1, 2)



കേരള സർക്കാർ

Printed and Published by **The Director, Malayalam Mission**
Department of Cultural Affairs, Government of Kerala, Printed at KBPS, Kochi

കേരള സർക്കാർ

മലയാളം മിഷൻ
MALAYALAM MISSION

പ്രവാസി മലയാളികൾക്കായുള്ള
മലയാള ഭാഷാപാഠ്യപദ്ധതി

കണിക്കൊന്ന

കൈപ്പുസ്തകം

(ഭാഗം 1, 2)





**പിണറായി വിജയൻ**
മുഖ്യമന്ത്രി

കേരള സർക്കാർ

സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-695 001

നം.530/പ്രസ്/സി.എം.ഒ/2020.

സെപ്തംബർ 22 2020.

## സന്ദേശം

മലയാളം മിഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന കണിക്കൊന്ന സർട്ടിഫിക്കറ്റ് കോഴ്സിനുള്ള പാഠപുസ്തകം കാലികമായി പരിഷ്കരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.

നമ്മുടെ മാതൃഭാഷ, സംസ്കാരം, സാഹിത്യം, ചരിത്രം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട വിവരങ്ങൾ സരളമായും ഹൃദ്യമായുമാണ് തയ്യാറാക്കിയിട്ടുള്ളത്. ലോകമെങ്ങുമുള്ള കുട്ടികൾക്ക് മലയാള നാടിനെകുറിച്ച് കൂടുതൽ മനസ്സിലാക്കാൻ ഈ പുസ്തകം ഉപകാരപ്രദമാകുമെന്ന് കരുതുന്നു. ഇതിന് മുൻകൈയെടുത്ത മലയാളം മിഷനെ അഭിനന്ദിക്കുന്നു.

എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Malayalam Mission
Department of Cultural Affairs
malayalammissionkerala01@gmail.com

ടെലിഫോൺ : (0471) 2333812 & 2333682 ഫാക്സ് : (0471) 2333489 ഇ-മെയിൽ : chiefminister@kerala.gov.in
വെബ്സൈറ്റ് : www.keralacm.gov.in

**ശിൽപശാലകൾക്ക് നേതൃത്വം നൽകിയവർ**
പ്രൊഫ. സുജ സൂസൻ ജോർജ്ജ്
സേതുമാധവൻ എം.
ഡോ. എം.ടി. ശശി
എം.വി. മോഹനൻ
പി.ടി. മണികണ്ഠൻ പന്തല്ലൂർ
ഡോ. കെ.പി. രത്നാകരൻ
എടപ്പാൾ സി. സുബ്രഹ്മണ്യൻ
രാധാകൃഷ്ണൻ ആലുവീട്ടിൽ
വി.എസ്. ബിന്ദു
ബാലഗോപാലൻ എം.പി.
സുരേഷ് ബാബു കെ.കെ.
ഡോ. ആർ. വിജയമോഹൻ

**കവർ ഡിസൈൻ**
സഹജൻ വി.എം.

**ടൈപ്പ് സെറ്റിംഗ് & ലെഔട്ട്**
അജയ്‌ലാൽ പി.പി.

**ചിത്രീകരണം**
സന്തോഷ് വെളിയന്നൂർ
ബൈജുദേവ്

**പ്രൂഫ് റീഡിംഗ്**
ഡോ. കെ. ബീന
പശ്ചാത്തല സഹായം
ആഷ മേരി ജോൺ
അനീഷ് എസ്.

**ശിൽപശാലകളിൽ പങ്കാളികളായവർ**
എം.സി. അരവിന്ദൻ
അംബിക പി. മേനോൻ
അനില സി.കെ.
രാമചന്ദ്രൻ മഞ്ചറമ്പത്ത്
ബിന്ദു ജയൻ
ജയശ്രീ പ്രകാശ്
രാജേശ്വരി നായർ
ദാമോദരൻ കെ.
ബിലു സി. നാരായണൻ
സ്മിത പി.ആർ.
ഡോ. കെ.ജെ. അജയകുമാർ
വിജു എൽ.എൻ.
ബീനഎൽ.
ഷീജ സി.കെ.
മഹേഷ്കുമാർ എം.ആർ.
മനോജ് പി.എസ്.
ഡോ. കെ. ബീന
അനിൽ മങ്കട
സുരേഷ് കൊളശ്ശേരി
മണിശങ്കർ പി.കെ.
സെബു ജെ.ആർ.
ഉദയകുമാർ എസ്.
ഡോ. കെ. കമറുന്നീസ

# കണിക്കൊന്ന

## സർട്ടിഫിക്കറ്റ് കോഴ്സ്

## കൈപ്പുസ്തകം

(ഭാഗം 1, 2)

മലയാളം മിഷൻ

സാംസ്കാരികകാര്യ വകുപ്പ്, കേരള സർക്കാർ

2020



**കണിക്കൊന്ന**

പ്രവാസിമലയാളികൾക്കുള്ള സർട്ടിഫിക്കറ്റ് കോഴ്സ്
കൈപ്പുസ്തകം (ഭാഗം 1, 2)

**മലയാളം**


ഒക്ടോബർ 2020 : ആദ്യപ്രസിദ്ധീകരണം (പരിഷ്കരിച്ചത്)

തയാറാക്കിയത് : മലയാളം മിഷൻ റിസോഴ്സ് ഗ്രൂപ്പ്
ലേ-ഔട്ട് : അജയ്ലാൽ പി.പി.
കവർ ഡിസൈൻ : സഹജൻ വി.എം.
അച്ചടി : കേരളാ ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി, കാക്കനാട്, കൊച്ചി

കോപ്പി - 1000 (സൗജന്യ വിതരണത്തിന്)



©
മലയാളം മിഷൻ
സാംസ്കാരികകാര്യവകുപ്പ്, കേരള സർക്കാർ

# സ്നേഹപൂർവം

'എവിടെയെല്ലാം മലയാളി, അവിടെയെല്ലാം മലയാളം' എന്ന മഹത്തായ സന്ദേശമാണ് മലയാളം മിഷൻ മുന്നോട്ടുവച്ചിട്ടുള്ളത്. മറ്റൊരു ദേശത്ത് വേറിട്ടൊരു ഭാഷയിലും സംസ്കാരത്തിലും ജീവിതം ഉറപ്പിച്ചിട്ടുള്ളവരുടെ പുതുതലമുറയ്ക്കായി ഭാഷാപാഠങ്ങൾ ഒരുക്കുമ്പോൾ വലിയ ജാഗ്രത ആവശ്യമാണ്.

പ്രവാസിമലയാളിസമൂഹത്തിന്റെ നാടിനെക്കുറിച്ചുള്ള ഓർമകൾ, സ്വപ്നങ്ങൾ; കേരളത്തിന്റെ തനതുകലകൾ, മലയാളകവിതയും സാഹിത്യവും, കേരളീയ ഉത്സവങ്ങൾ, ജീവിതരീതികൾ, സാംസ്കാരികപ്രത്യേകതകൾ, മലയാളക്കരയുടെ ചരിത്രം, ഭൂമിശാസ്ത്രം, പ്രകൃതി തുടങ്ങിയവയെല്ലാം ഭാഷാപഠനത്തോടൊപ്പം വിദ്യാർഥിക്ക് സ്വായത്തമാക്കാൻ കഴിയണം. ഈ ചിന്തകളെല്ലാം മുൻനിർത്തിയാണ് പ്രവാസിമലയാളിസമൂഹത്തിന്റെ തന്നെ സഹകരണത്തോടെ മലയാളം മിഷൻ പാഠപുസ്തകങ്ങൾ തയാറാക്കിയിരിക്കുന്നത്. അതിന് ആധുനിക ശാസ്ത്രീയസമീപനങ്ങളാണു സ്വീകരിച്ചത്. അങ്ങനെയാണ് പാഠപുസ്തകവും കൈപ്പുസ്തകവും സമീപനരേഖയും രൂപംകൊണ്ടത്.

പ്രവാസിമലയാളിസമൂഹത്തിന്റെ പ്രതിനിധികളും കേരളത്തിൽനിന്നുള്ള അധ്യാപകരും വിദ്യാഭ്യാസപ്രവർത്തകരും കവികളും സാഹിത്യകാരരും സാങ്കേതികവിദഗ്ധരും ഉൾപ്പെടെ നൂറുകണക്കിനാളുകളുടെ മാസങ്ങൾ നീണ്ട അക്ഷീണപ്രയത്നം പുസ്തകങ്ങളുടെ രൂപീകരണത്തിനു പിറകിലുണ്ട്. മലയാളം മിഷൻ മുൻ ഡയറക്ടർ കെ. സുരേഷ്കുമാർ ഐ.എ.എസിന്റെ ആ അവസരത്തിലെ നേതൃത്വം നന്ദിയോടെ സ്മരിക്കുന്നു.


പാഠപുസ്തകങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കപ്പെടേണ്ടവയാണ്. നമ്മുടെ പാഠപുസ്തകങ്ങളിലും പുതിയ കാലത്തിന്റെ തെളിച്ചത്തിലും വെളിച്ചത്തിലും ഭാവിയിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. 'കണിക്കൊന്ന'യുടെ കൈപ്പുസ്തകം പുതിയ പതിപ്പ് എല്ലാ പ്രവാസികൾക്കുമായി സമർപ്പിക്കുന്നു.

**പ്രൊഫ. സുജ സൂസൻ ജോർജ്ജ്**
ഡയറക്ടർ, മലയാളം മിഷൻ


# ഉള്ളടക്കം




ആമുഖം ........ V




1 ഹായ് ! പട്ടം ........ 14




2 ഉമ കണ്ട കാഴ്ചകൾ ........ 26



3 ശാ... ശീ... ദോശ ........ 34




4 കറുമ്പിയുടെ കുറുമ്പ് ........ 44



5 പൂരം പൊടിപൂരം ........ 52



6 ഓണം പൊന്നോണം ........ 60



7 സ്വാതന്ത്ര്യം തന്നെ അമൃതം ........ 68



8 ക്രിസ്മസ് രാത്രിയിൽ ........ 74



# ആമുഖം

പുറംമലയാളികൾക്കു സ്വന്തം ഭാഷ പഠിക്കുന്നതിനായി രൂപംകൊടുത്ത പാഠ്യപദ്ധതിയുടെ വിശദാംശങ്ങളാണ് ഈ കൈപ്പുസ്തകത്തിൽ അടങ്ങിയിരിക്കുന്നത്. നാലു കോഴ്സുകളിലായി പത്തുവർഷം നീണ്ടുനിൽക്കുന്ന ഭാഷാപഠനമാണ് ഈ പാഠ്യപദ്ധതി നിർദേശിക്കുന്നത്. പാഠ്യപദ്ധതിയുടെ നിർമാണത്തിലും ഉള്ളടക്കത്തിലും ശാസ്ത്രീയമായ സമീപനം സ്വീകരിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പാഠ്യപദ്ധതിനിർമാണത്തിൽ സ്വീകരിച്ചുവരുന്ന ഏറ്റവും ആധുനികമായ കാഴ്ചപ്പാടുകളാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. ഇതിന്റെ വിശദാംശങ്ങൾ ഈ കൈപ്പുസ്തകത്തോടൊപ്പം വിതരണം ചെയ്യുന്ന പാഠ്യപദ്ധതി സമീപനരേഖയിൽ നൽകിയിട്ടുണ്ട്. പ്രസക്തമായ ചില കാര്യങ്ങൾ മാത്രം ഇവിടെ സൂചിപ്പിക്കാം.

## എന്തിനു മലയാളം പഠിക്കണം?

പുറം കേരളത്തിലെ മലയാളി കുട്ടികൾ എന്തിന് മലയാളം പഠിക്കണം? ഈ ചോദ്യത്തിന് പ്രവാസി മലയാളീ സമൂഹം നൽകുന്ന ഉത്തരം ഇങ്ങനെ: “എന്റെ നാടിന്റെ സംസ്കാരവും മാതൃഭാഷയും എന്റെ കുട്ടികൾ അറിഞ്ഞിരിക്കണം.” തികച്ചും ലളിതമായ ഉത്തരം. പക്ഷേ, ഈ ഉത്തരത്തിന് നൽകാവുന്ന വിശദീകരണമിങ്ങനെ:

- ഭാഷയുടെ വിവിധ വ്യവഹാരരൂപങ്ങൾ കേട്ടും വായിച്ചും തന്റേതായ രീതിയിൽ ആശയം മനസ്സിലാക്കുന്നതിനുള്ള കഴിവു നേടുക.



- സ്വന്തം ആശയങ്ങൾ, ചിന്തകൾ, വികാരങ്ങൾ, ഭാവന എന്നിവ അനുയോജ്യമായ രൂപത്തിൽ മറ്റുള്ളവർക്കു മനസ്സിലാവുന്ന തരത്തിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കാനുള്ള കഴിവു നേടുക.
- മലയാളഭാഷയിലെ സർഗാത്മകകൃതികൾ വായിച്ച് ആസ്വദിക്കുന്നതിനും അവയിൽനിന്നു സ്വാംശീകരിക്കുന്ന സംസ്കാരം ജീവിതത്തിൽ ഉപയോഗപ്പെടുത്തുന്നതിനുമുള്ള കഴിവു നേടുക.
- മലയാളഭാഷ തന്റെ ജന്മനാടിന്റെ പാരമ്പര്യത്തിന്റെ ഭാഗമാണെന്നു തിരിച്ചറിഞ്ഞ് അതിലൂടെ നാടിന്റെ സംസ്കാരത്തെ ഉൾക്കൊള്ളുന്നതിനും സ്വത്വബോധം വികസിപ്പിക്കുന്നതിനുമുള്ള കഴിവു നേടുക.

ഇവ സാക്ഷാൽക്കരിക്കുന്നതിനുള്ള പഠനാനുഭവങ്ങൾ എങ്ങനെയുള്ളതായിരിക്കണം?

## എങ്ങനെയാവണം ഭാഷാപഠനം?

കുട്ടികൾ ജനിച്ച നാൾ മുതൽ എങ്ങനെയാണോ മാതൃഭാഷ പഠിക്കുന്നത്, ആ രീതിയുടെ പ്രത്യേകതകൾ ഉപയോഗപ്പെടുത്തിവേണം ഭാഷാപഠനാനുഭവങ്ങൾ രൂപപ്പെടുത്തേണ്ടത്. ജന്മസിദ്ധമായ ചിന്താശേഷികളും ഭാഷാപഠനശേഷികളും ഉപയോഗപ്പെടുത്തിയാണ് ഓരോ കുട്ടിയും ഭാഷ പഠിക്കുന്നത്. ആ കഴിവുകൾ ഉപയോഗപ്പെടുത്തുന്ന പഠനാനുഭവങ്ങളാണ് പാഠ്യപദ്ധതിയിൽ കുട്ടികൾക്കായി ഒരുക്കിയിട്ടുള്ളത്. അവയുടെ പ്രത്യേകതകൾ ഇങ്ങനെ:

- കുട്ടിക്ക് രസകരമായി അനുഭവപ്പെടുന്നതും സ്വന്തം ജീവിതാനുഭവങ്ങളുമായി ബന്ധപ്പെട്ടതുമാകണം.
- കുട്ടിക്ക് സ്വയം ഏറ്റെടുക്കാവുന്നതും ബുദ്ധിപരമായ വെല്ലുവിളി ഉയർത്തുന്നതുമായിരിക്കണം.
- കുട്ടിയുടെ യുക്തിചിന്തയെ പ്രോത്സാഹിപ്പിക്കുന്നതും ഭാവനയും സർഗാത്മകതയും വളർത്തുന്നതുമാകണം.
- സ്വയം വിലയിരുത്തലിനും പരസ്പരവിലയിരുത്തലിനും സാധ്യതകളുള്ളതും തുടർപ്രവർത്തനങ്ങളിലേക്കു നയിക്കുന്നതുമാകണം.
- പാഠപുസ്തകങ്ങൾക്കു പുറമേ പത്രങ്ങളും മാസികകളും പുസ്തകങ്ങളും വിവരസാങ്കേതികവിദ്യയും പ്രയോജനപ്പെടുത്താൻ സാധ്യതയുള്ളതാവണം.

ഈ സവിശേഷതകളുള്ള പഠനസങ്കേതങ്ങളാണ് പാഠ്യപദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്നത്. അവയിൽ ചിലത്

- ഭാഷാകേളികൾ
- രചനാപ്രവർത്തനങ്ങൾ
- പ്രോജക്ട്
- പതിപ്പുനിർമാണം
- കൈയെഴുത്തുമാസിക


- നാടകീകരണം
- സിനിമ, ടെലിവിഷൻ, മറ്റു നവമാധ്യമങ്ങൾ
- സംവാദം
- സെമിനാർ
- പാനൽ ചർച്ച
- സാഹിത്യസമാജങ്ങൾ, ദിനാചരണങ്ങൾ, ആഘോഷങ്ങൾ
- ഭാഷ, ചരിത്രം, സംസ്കാരം എന്നിവയുടെ താരതമ്യപഠനവും വിമർശനാത്മക പഠനവും

(വിശദവിവരങ്ങൾക്ക് സമീപനരേഖ കാണുക).

## എന്തു പഠിക്കണം?

നിത്യജീവിതത്തിൽ നാം ഭാഷ ഉപയോഗിക്കുന്നത് സംഭാഷണം, കത്ത്, ചർച്ച, വാർത്ത, കഥ, കവിത തുടങ്ങിയ വ്യത്യസ്ത വ്യവഹാരരൂപങ്ങളിലൂടെയാണല്ലോ. അവയിലൂടെ മാത്രമേ ഭാഷയ്ക്ക് നിലനിൽക്കാൻ കഴിയുകയുള്ളൂ. അതിനാൽ ഭാഷാപഠനം നടക്കേണ്ടത് വിവിധ വ്യവഹാര രൂപങ്ങളുടെ സ്വീകരണത്തിലൂടെയും പ്രയോഗത്തിലൂടെയുമാണ്. പത്തുവർഷത്തെ ഭാഷാപഠനത്തിനുള്ളിൽ കുട്ടി പ്രാവീണ്യം നേടേണ്ട ഭാഷാവ്യവഹാര രൂപങ്ങൾ ഇങ്ങനെ പട്ടികപ്പെടുത്താം:

| | |
|---|---|
| സംഭാഷണം | ചർച്ച |
| സംവാദം | വിവരണം, വർണ്ണന |
| പ്രസംഗം | കവിത, നാടൻപാട്ടുകൾ, സിനിമാഗാനം |
| കഥ | നാടകം, തിരക്കഥ |
| കുറിപ്പ് | നിരൂപണം, വിമർശനം, മൊഴിമാറ്റം |
| ആസ്വാദനം | ഉപന്യാസം, സംഗ്രഹം |
| കത്ത് | അപേക്ഷ |
| നിവേദനം | ഡയറി |
| നോട്ടീസ് | ബ്രോഷർ |
| പോസ്റ്റർ | വാർത്ത |
| കടങ്കഥ | പഴഞ്ചൊല്ലുകൾ |
| ശൈലികൾ | തത്സമയവിവരണം |
| | നവമാധ്യമ ഭാഷാരൂപങ്ങൾ |



പത്തുവർഷത്തെ പഠനത്തിലൂടെ ഈ വ്യവഹാരരൂപങ്ങളിൽ പ്രാവീണ്യം നേടാൻ കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് പാഠ്യപദ്ധതിയുടെ ലക്ഷ്യം. അതുകൊണ്ട് കുട്ടികളുടെ പ്രായത്തിനും താൽപ്പര്യങ്ങൾക്കും അനുയോജ്യമായ രീതിയിൽ നാലു കോഴ്സുകളിലായി പഠനാനുഭവങ്ങൾ ഒരുക്കിയിട്ടുണ്ട്.



## ഉള്ളടക്കം

കേരളത്തിന്റെ ചരിത്രവും സംസ്കാരവുമായി ബന്ധപ്പെട്ട വിവിധ ആശയങ്ങൾ കുട്ടികൾ സ്വായത്തമാക്കേണ്ടതുണ്ട്. എന്നാൽ, ഇവ വേറിട്ടു പഠിപ്പിക്കുന്നതിനല്ല പാഠ്യപദ്ധതി ലക്ഷ്യമിടുന്നത്. പകരം, ഭാഷാപഠനത്തിനുള്ള ആശയങ്ങളായി കേരളചരിത്രവും സംസ്കാരവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ പുറംനാട്ടിലെ സമാനമായ ആശയങ്ങളുമായി ബന്ധപ്പെടുത്തിയും താരതമ്യം ചെയ്തുമാണ് കുട്ടികൾ പഠിക്കേണ്ടത്. കേരളീയജീവിതവുമായി ബന്ധപ്പെട്ട ആറ് ആശയമേഖലകളിലായി ഇവ ക്രോഡീകരിച്ചിരിക്കുന്നു.

1. കേരളീയ കുടുംബ-സാമൂഹികജീവിതത്തിന്റെ സവിശേഷതകൾ, വികാസപരിണാമങ്ങൾ, സാമൂഹിക-സാമ്പത്തികബന്ധങ്ങൾ, അവ നേരിടുന്ന പ്രശ്നങ്ങൾ, ഇതര സമൂഹങ്ങളുമായുള്ള താരതമ്യം
2 കേരളീയമായ വസ്ത്ര-ഭക്ഷണ-പാർപ്പിടരീതികൾ, അവയുടെ വൈവിധ്യം, സവിശേഷതകൾ, വികാസപരിണാമങ്ങൾ, ഈ രംഗത്തു കാണുന്ന പ്രശ്നങ്ങൾ
3 കേരളീയകലകൾ, കളികൾ, അവയുടെ സവിശേഷതകളും ചരിത്രവും, കാലഹരണപ്പെട്ടുപോകുന്നവ, അതിന്റെ കാരണങ്ങൾ, ഈ രംഗത്തു കാണുന്ന തെറ്റായ പ്രവണതകൾ
4 കേരളീയ ഉത്സവങ്ങൾ, ആഘോഷങ്ങൾ, ആചാരങ്ങൾ, അവയുടെ വൈവിധ്യം, സവിശേഷതകൾ, കേരളീയജീവിതത്തിന്റെ വളർച്ചയിൽ ഇവയുടെ സ്വാധീനം
5 കേരളീയപ്രകൃതി, വൈവിധ്യം, സവിശേഷതകൾ, അവയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ
6 കേരളനവോത്ഥാനമുന്നേറ്റങ്ങൾ, നായകർ, സ്വാതന്ത്ര്യസമരം, ജാതീയതയ്ക്കെതിരെയുള്ള പോരാട്ടം, കാർഷികസമരങ്ങൾ, വിവേചനങ്ങൾക്കെതിരായ സമരങ്ങൾ, സ്ത്രീ-പുരുഷസമത്വം, മതേതരത്തം

നാലു കോഴ്സുകളിലും ഈ ആശയമേഖലകൾ ഉപയോഗിക്കുന്നുണ്ടെങ്കിലും കുട്ടികളുടെ പ്രായത്തിനും താൽപ്പര്യങ്ങൾക്കുമനുസരിച്ച് ഉള്ളടക്കം ക്രമീകരിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്.

## കോഴ്സ് ഘടന

സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ഹയർ ഡിപ്ലോമ, സീനിയർ ഹയർ ഡിപ്ലോമ എന്നീ നാലു കോഴ്സുകളാണ് പുറംമലയാളികൾക്കായുള്ള ഭാഷാപഠനത്തിനു നിശ്ചയിച്ചിരിക്കുന്നത്. സർട്ടിഫിക്കറ്റ്, ഡിപ്ലോമ കോഴ്സുകൾ രണ്ടുവർഷം വീതവും ഹയർ ഡിപ്ലോമ, സീനിയർ ഹയർ ഡിപ്ലോമ കോഴ്സുകൾ മൂന്നു വർഷം വീതവുമാണ്. പത്തുവർഷം നീണ്ടുനിൽക്കുന്ന പഠനം പൂർത്തീകരിക്കുമ്പോൾ കേരളത്തിലെ പത്താം ക്ലാസിന് തുല്യമായ നിലവാരത്തിലേക്ക് എത്തിച്ചേരാൻ കഴിയത്തക്ക രീതിയിലാണ് കോഴ്സിന്റെ ഘടന നിർദേശിച്ചിട്ടുള്ളത്.



സീനിയർ ഹയർ ഡിപ്ലോമ കോഴ്സിന്റെ ആദ്യ രണ്ട് യൂണിറ്റുകൾ ഒന്നാം വർഷവും മൂന്ന്, നാല് യൂണിറ്റുകൾ രണ്ടാംവർഷവും അഞ്ച്, ആറ് യൂണിറ്റുകൾ മൂന്നാം വർഷവുമാണ് പ്രയോജനപ്പെടുത്തേണ്ടത്. ഓരോ വർഷാവസാനവും വാർഷികമൂല്യനിർണയം നടത്തുന്നതാണ്.

## പഠനസാമഗ്രികൾ

പഠനത്തെ സഹായിക്കുന്ന എന്തും പഠനസാമഗ്രികളാണ്. പുസ്തകങ്ങൾ, ആനുകാലികങ്ങൾ, നോട്ടീസുകൾ, ലഘുലേഖകൾ, കത്തുകൾ, ചാർട്ടുകൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, വിവരവിനിമയ സാങ്കേതിക ഉപകരണങ്ങൾ തുടങ്ങിയവയെല്ലാം ഭാഷാപഠനത്തെ സഹായിക്കുന്നവയാണ്. പഠിതാവിന്റെ പ്രായത്തിനും മാനസികവളർച്ചയ്ക്കുമിണങ്ങുന്ന പഠനസാമഗ്രികളായിരിക്കണം ഉപയോഗിക്കേണ്ടത്. കുട്ടികൾക്ക് സ്വയമേവ കൈകാര്യം ചെയ്യാൻ കഴിയുന്നവയായിരിക്കണം പഠനസാമഗ്രികൾ. അധ്യാപിക സഹായി (ഫെസിലിറ്റേറ്റർ) മാത്രമായിരിക്കണം. ഒരു പഠനാനുഭവത്തിന് മാത്രം അനുയോജ്യമായ രീതിയിലുള്ള പഠനസാമഗ്രികൾ തയാറാക്കുന്നതിനേക്കാൾ ഊന്നൽ നൽകേണ്ടത് വ്യത്യസ്ത സന്ദർഭങ്ങൾക്കായി പ്രയോജനപ്പെടുത്താവുന്ന സാമഗ്രികൾ ആണ്.

## മൂല്യനിർണയം

പഠനപ്രക്രിയയുടെ അവിഭാജ്യഘടകമാണ് മൂല്യനിർണയം. ഇതു പഠനത്തോടൊപ്പംതന്നെ പുരോഗമിക്കുന്ന പ്രക്രിയയാണ്. നിരന്തരവും സമഗ്രവുമായ മൂല്യനിർണയമാണ് പാഠ്യപദ്ധതി ലക്ഷ്യമിടുന്നത്. പഠനപ്രക്രിയ വിലയിരുത്തൽ, പഠനത്തിന്റെ ഭാഗമായുണ്ടായ ഉൽപ്പന്നങ്ങൾ വിലയിരുത്തൽ എന്നീ രണ്ടു ഘട്ടങ്ങളുണ്ടിതിന് (വിശദവിവരങ്ങൾക്ക് സമീപനരേഖ പുറം 58 കാണുക).


## പഠനകേന്ദ്രങ്ങളിലെ പഠനം

പുറംമലയാളികളുടെ ഭാഷാപഠനത്തിനായി ജനകീയമായി രൂപപ്പെടുത്തിയിട്ടുള്ള സംവിധാനമാണ് പഠനകേന്ദ്രങ്ങൾ. ഒരു പഠനകേന്ദ്രത്തിൽ നാലു കോഴ്സുകളിലെയും പഠനം നടക്കേണ്ടതുണ്ട്. നഗരങ്ങളിലായതുകൊണ്ട് സ്ഥലപരിമിതിയുടെ പ്രശ്നമുണ്ടെങ്കിലും അത്യാവശ്യം വേണ്ട അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ചെടുക്കേണ്ടതാണ്. കുട്ടികൾക്ക് പഠനപ്രവർത്തനത്തിലേർപ്പെടാനുള്ള അനുകൂല അന്തരീക്ഷമാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്. ഇരിപ്പിട സൗകര്യങ്ങൾ, റഫറൻസ് സാമഗ്രികൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ എന്നിവയും പ്രവർത്തനവേളയിൽ ഇവിടെ ലഭ്യമാക്കാൻ ശ്രദ്ധിക്കണം.

പ്രാദേശികമായ പ്രത്യേകതകൾക്കനുസരിച്ച് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസമെങ്കിലും പഠനകേന്ദ്രങ്ങൾ പ്രവർത്തിക്കുമെന്നുറപ്പാക്കേണ്ടതുണ്ട്. ഈ ദിവസങ്ങളിൽ ഓരോ കുട്ടിക്കും ചുരുങ്ങിയത് രണ്ടു മണിക്കൂറെങ്കിലും പഠനകേന്ദ്രത്തിൽ പഠനാനുഭവങ്ങൾ ലഭ്യമാക്കണം. ഈ അനുഭവങ്ങളുടെ വെളിച്ചത്തിലായിരിക്കണം തുടർന്നുള്ള ദിവസങ്ങളിൽ കുട്ടി വീട്ടിലുള്ള ഭാഷാപഠനം തുടരേണ്ടത്. പഠനത്തിനുള്ള ഏകകേന്ദ്രമെന്ന നിലയിലല്ല, മാർഗനിർദേശം നൽകുന്ന കേന്ദ്രം എന്ന നിലയിലാണ് പഠനകേന്ദ്രം പ്രവർത്തിക്കേണ്ടത്.

## അധ്യാപിക

ഒരു പഠനകേന്ദ്രത്തിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം വഹിക്കുന്നത് അധ്യാപകരാണ്. അവരുടെ പ്രവർത്തനമികവിനെ ആശ്രയിച്ചാണ് പഠനകേന്ദ്രത്തിന്റെ പുരോഗതി. അതുകൊണ്ടു തന്നെ ഇവർക്ക് നിരന്തര പരിശീലനവും അധ്യാപനസഹായിയായി കൈപ്പുസ്തകങ്ങളും പഠനകേന്ദ്രങ്ങളിലേക്ക് ആവശ്യമായ സാധനസാമഗ്രികളും നൽകേണ്ടതാണ്.



പാഠ്യപദ്ധതി സമീപനങ്ങൾക്കനുസൃതമായ പഠനപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കുന്നതിന് അധ്യാപികയിൽ അടിസ്ഥാനപരമായ ചില മാറ്റങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

- പഠിപ്പിക്കലല്ല ഇവിടെ പ്രധാനം, ഫലപ്രദമായ പഠനസാഹചര്യങ്ങൾ സൃഷ്ടിക്കലായിരിക്കണം.
- പഠനനേട്ടങ്ങൾ മുൻനിർത്തി മാറിയ പഠനസമീപനമനുസരിച്ച് താൻ പ്രവർത്തിക്കുന്ന പഠനകേന്ദ്രങ്ങളിലെ പഠിതാക്കളുടെ നിലവാരത്തിനും താൽപ്പര്യത്തിനും അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കണം.
- ക്ലാസ്മുറി എന്നത് പരിമിതമായ സമയം ലഭ്യമാകുന്നതാകയാൽ മറ്റു തുടർപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താൻ പ്രേരിപ്പിക്കുന്ന തരത്തിൽ പാഠാസൂത്രണം നടത്തണം.
- പഠനപ്രവർത്തനങ്ങൾ, സാമഗ്രികൾ എന്നിവ മുൻകൂട്ടി തയാറാക്കുകയും പഠനപ്രക്രിയയ്ക്ക് (ചിന്താശേഷികളുടെ പ്രയോഗത്തിന്) ഊന്നൽ നൽകിക്കൊണ്ട് പ്രവർത്തനങ്ങൾ നൽകുകയും വേണം.
- പഠനപ്രവർത്തനങ്ങളെ സുഗമമാക്കുന്ന വ്യക്തി എന്ന നിലയിൽ സജീവ പങ്കാളിത്തം വഹിക്കുന്ന സഹപഠിതാവായി മാറണം.
- നിരന്തരം സ്വയം വിലയിരുത്താനും മെച്ചപ്പെടുത്താനും ശ്രമിക്കുന്ന വ്യക്തിയാവണം. ഇതിനായി തനത് ഗവേഷണതന്ത്രങ്ങൾ പ്രയോജനപ്പെടുത്തി പുതിയ പഠനതന്ത്രങ്ങൾ രൂപപ്പെടുത്താൻ ശ്രദ്ധിക്കണം.

## പഠനം – രക്ഷാകർത്താവിന്റെ നേതൃത്വത്തിൽ

നാം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ പൂർത്തീകരിക്കുന്നതിന് പഠനകേന്ദ്രങ്ങളിലെ ഏതാനും സമയത്തെ ഭാഷാപഠനം പര്യാപ്തമാണോ? തീർച്ചയായും അല്ല. വീടുകളിൽനിന്നു ലഭിക്കുന്ന പഠനാനുഭവങ്ങൾക്ക് ഇവിടെ ഏറെ പ്രാധാന്യമുണ്ട്. മാതൃഭാഷാപഠനത്തിന് സുപ്രധാനമായ പങ്ക് എല്ലാ കാലത്തും വഹിച്ചിരുന്നത് വീടുകളിലെ അനൗപചാരികമായ പഠനാനുഭവങ്ങളാണല്ലോ.

ഇവിടെ അധ്യാപികയുടെ ചുമതല വഹിക്കേണ്ടത് രക്ഷാകർത്താവാണ്. പഠനകേന്ദ്രങ്ങളിൽനിന്നു നിർദേശിക്കുന്ന തുടർപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ പഠിതാവിനെ സഹായിക്കേണ്ടത് രക്ഷിതാവാണ്. അതോടൊപ്പംതന്നെ വീട്ടിലെ ഓരോ സന്ദർഭവും കുട്ടിയുടെ ഭാഷാപഠനത്തെ സഹായിക്കുന്നതാക്കി മാറ്റാൻ രക്ഷിതാവിനു കഴിയും. സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള ധാരാളം സന്ദർഭങ്ങൾ വീട്ടിൽ ലഭിക്കും.
അവ ഫലപ്രദമായി ഉപയോഗിക്കാൻ രക്ഷിതാവ് ശ്രദ്ധിക്കേണ്ടതാണ്. ആവശ്യമായ മാർഗനിർദേശങ്ങൾ കൈപ്പുസ്തകത്തിൽനിന്നു ലഭിക്കും.



## പാഠപുസ്തകം

പഠനത്തിനുള്ള നിരവധി സാമഗ്രികളിലൊന്നായി പാഠപുസ്തകം മാറിക്കഴിഞ്ഞു. പാഠപുസ്തകങ്ങൾ കുട്ടിക്കായി നിർമിച്ചവയാണ്. കുട്ടികൾക്ക് സ്വന്തമായോ മുതിർന്നവരുടെ സഹായത്താലോ വായിക്കാവുന്നതരത്തിലുള്ളവയാണ് പാഠപുസ്തകങ്ങൾ.

ഇതിലെ പ്രവർത്തനങ്ങൾ സ്വയം ഏറ്റെടുത്തു ചെയ്യാൻ കുട്ടിക്ക് കഴിയണം. എന്നാൽ പാഠപുസ്തകപഠനം കൊണ്ടുമാത്രം പഠനം പൂർത്തിയാവുന്നില്ല. പാഠ്യപദ്ധതി മുന്നോട്ടുവയ്ക്കുന്ന പഠനാനുഭവങ്ങളിൽ ചെറിയൊരു ശതമാനം മാത്രമാണ് പാഠപുസ്തകത്തിൽ നിർദേശിച്ചിട്ടുള്ളത്. ശേഷിക്കുന്നവ കൈപ്പുസ്തകത്തിൽ നൽകുന്നതോ അധ്യാപിക സ്വയം നിർമിക്കുന്നതോ ആണ്.

## കൈപ്പുസ്തകം

ഭാഷാപഠനത്തിൽ കൈപ്പുസ്തകത്തിന്റെ പ്രാധാന്യം വളരെ വലുതാണ്. കൈപ്പുസ്തകത്തിൽ എന്തൊക്കെ അടങ്ങിയിട്ടുണ്ടെന്നു നോക്കാം:

- പഠനനേട്ടങ്ങൾ
- ഇവ നേടാനായി ഉപയോഗപ്പെടുത്തുന്ന ആശയങ്ങൾ
- കുട്ടിക്ക് ലഭിക്കേണ്ട പഠനാനുഭവങ്ങൾ
- പഠനാനുഭവങ്ങൾ ഒരുക്കുന്നതിനായി അധ്യാപകർക്കും രക്ഷിതാക്കൾക്കുമുള്ള മാർഗനിർദേശങ്ങൾ
- കുട്ടികൾക്കുള്ള അനുബന്ധ വായനസാമഗ്രികൾ
- അധ്യാപകർക്കും രക്ഷിതാക്കൾക്കുമുള്ള റഫറൻസ് പാഠങ്ങൾ
- തുടർപ്രവർത്തനത്തിനുള്ള നിർദേശങ്ങൾ
- മൂല്യനിർണയം നൽകുന്നതിനുള്ള നിർദേശങ്ങൾ

## കൈപ്പുസ്തകം ഉപയോഗിക്കേണ്ടത് എങ്ങനെ?


എട്ടു ഇതളുകളാണ് കൈപ്പുസ്തകത്തിലുള്ളത്. ഇതിന്റെ അടിസ്ഥാനം പാഠപുസ്തകത്തിലെ ആറു ഇതളുകളാണ്. കൈപ്പുസ്തകത്തിലെ ഓരോ ഇതളിലും അടങ്ങിയ ഘടകങ്ങൾ ഇവയാണ്:

**ഇതളിന്റെ ആമുഖം:** ഇതളിൽ ഉപയോഗിച്ചിരിക്കുന്ന ആശയങ്ങൾ, വ്യവഹാരരൂപങ്ങൾ, പഠനസങ്കേതങ്ങൾ എന്നിവ ആമുഖത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പഠനനേട്ടങ്ങൾ:** ഓരോ ഇതളിലെയും പഠനാനുഭവങ്ങളിലൂടെ കുട്ടി നേടേണ്ട പഠനനേട്ടങ്ങൾ പ്രസ്താവിച്ചിരിക്കുന്നു.

**പഠനാനുഭവങ്ങൾ:** പാഠപുസ്തകത്തിൽ നൽകിയതും അല്ലാത്തതുമായ പഠനാനുഭവങ്ങൾ അവയെങ്ങനെ സംഘടിപ്പിക്കാമെന്ന വിശദാംശങ്ങളോടെ നൽകിയിരിക്കുന്നു.

**സ്വയം വിലയിരുത്തൽ:** ഓരോ ഇതളിലെയും പഠനാനുഭവങ്ങൾക്കു ശേഷം അധ്യാപികയ്ക്ക് സ്വയം വിലയിരുത്തി രേഖപ്പെടുത്താനാണിത്. ഈ വിലയിരുത്തൽ തുടർന്നു നടക്കുന്ന പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താൻ അധ്യാപികയെ സഹായിക്കുന്നു.



### പാഠാസൂത്രണം നടത്തുമ്പോൾ

- അധ്യാപിക/ രക്ഷിതാവ് ഇതളുകൾ പൂർണമായും വായിച്ചു മനസ്സിലാക്കിയിരിക്കണം.



- ഇതളിൽ നിർദേശിച്ചിരിക്കുന്ന പഠനനേട്ട ങ്ങൾക്കായി തന്റെ കുട്ടിക്കിണങ്ങുന്ന പ്രവർത്തനങ്ങൾ കണ്ടെത്തി ക്രമീകരിക്കണം.
- കൈപ്പുസ്തകത്തിലെ പ്രവർത്തനങ്ങൾ പര്യാപ്തമല്ലെങ്കിൽ പുതിയ പ്രവർത്തനങ്ങൾ കണ്ടെത്താവുന്നതാണ്. ഇവ പഠനനേട്ടം ഉറപ്പിക്കാൻ സഹായിക്കുന്നതും നാം സ്വീകരിച്ചിരിക്കുന്ന പഠനസമീപനങ്ങൾക്ക് ഇണങ്ങുന്നതുമായിരിക്കണം.
- ഓരോ ദിവസവും സംഘടിപ്പിക്കേണ്ട പ്രവർത്തനങ്ങൾ അധ്യാപിക ക്ലാസിനു മുമ്പുതന്നെ ചിട്ടപ്പെടുത്തിയെഴുതണം.
- പഠനാനുഭവങ്ങൾ സംഘടിപ്പിക്കുന്നതിനാവശ്യമായ സാമഗ്രികൾ മുൻകൂട്ടി തയാറാക്കണം.

### പഠനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുമ്പോൾ

- കുട്ടികളിൽ താൽപ്പര്യം ജനിപ്പിക്കുന്ന രീതിയിൽ പ്രവർത്തനങ്ങൾ അവതരിപ്പിക്കാൻ ശ്രദ്ധിക്കണം.
- ക്ലാസിൽ വ്യത്യസ്ത പഠനനിലവാരത്തിലുള്ള കുട്ടികളുണ്ടായേക്കാം. പഠനനിർദേശങ്ങൾ എല്ലാവർക്കും വ്യക്തമായി മനസ്സിലായെന്ന് ഉറപ്പുവരുത്തണം.
- പഠനാനുഭവങ്ങൾക്കിടയിൽ ആവശ്യമായ സന്ദർഭങ്ങളിൽ മാത്രം പാഠപുസ്തകം ഉപയോഗിക്കുക. പാഠപുസ്തകത്തിന് ഉചിതമായ പ്രാധാന്യമേ ക്ലാസ്മുറിയിൽ നൽകേണ്ടതുള്ളൂ.
- കൈപ്പുസ്തകത്തിൽ നൽകിയിരിക്കുന്ന കുട്ടികൾക്കുള്ള അനുബന്ധപാഠങ്ങൾ ചാർട്ടിലെഴുതിയോ പകർപ്പെടുത്തോ ക്ലാസിൽ ഉപയോഗിക്കുമല്ലോ.
- കുട്ടികൾ പ്രവർത്തനങ്ങളിലേർപ്പെടുമ്പോൾ ആവശ്യമായ സന്ദർഭങ്ങളിൽ നിർദേശങ്ങളും സഹായവും നൽകുക.
- കുട്ടികളുടെ സൃഷ്ടികൾ ക്ലാസിൽ അവതരിപ്പിക്കാനും ചർച്ചചെയ്യാനും അവസരം നൽകാൻ പരമാവധി ശ്രദ്ധിക്കുക. ക്ലാസിൽ അവതരിപ്പിക്കപ്പെടാതെ പോകുന്ന സൃഷ്ടികൾ അധ്യാപിക വ്യക്തിപരമായി പരിശോധിച്ച് പ്രോത്സാഹിപ്പിക്കാൻ മറക്കരുത്.
- കുട്ടികളുടെ പഠനപുരോഗതി, അവർ നേരിടുന്ന പഠനപ്രശ്നങ്ങൾ എന്നിവ നിരീക്ഷിച്ച് രേഖപ്പെടുത്തണം. അത്തരം നിരീക്ഷണങ്ങൾ നിരന്തരമൂല്യനിർണയത്തിന്റെ സുപ്രധാന സൂചനകളാണ്.
- ഓരോ ക്ലാസിനു ശേഷവും കുട്ടികൾ ഏറ്റെടുക്കേണ്ട തുടർപ്രവർത്തനങ്ങൾക്ക് കൃത്യമായ നിർദേശങ്ങൾ നൽകുക.

ഒരു അധ്യാപികയെ സംബന്ധിച്ചിടത്തോളം തന്റെ അധ്യാപനനൈപുണികൾ നിരന്തരം വികസിപ്പിക്കേണ്ടത് അനിവാര്യമാണ്. ഈ നിരന്തരനവീകരണത്തിന് ഓരോ അധ്യാപികയും സ്വയം പര്യാപ്തയാകേണ്ടതുണ്ട്. ക്ലാസ്മുറികളിൽ നടപ്പാക്കുന്ന ഓരോ പഠനപ്രവർത്തനത്തിന്റെയും നേട്ടങ്ങളും പോരായ്മകളും സ്വയം വിലയിരുത്തുകയും ചെയ്യണം.


അടുത്ത പ്രവർത്തനത്തിൽ സ്വീകരിക്കാവുന്ന പുതിയ തന്ത്രങ്ങൾ മെനയാനും അധ്യാപികയ്ക്കു കഴിയണം. വിവിധ തലങ്ങളിൽനിന്നു ലഭിക്കുന്ന പിന്തുണകൾ ഉപയോഗിച്ചുകൊണ്ട് സ്വയം പരിശീലിക്കപ്പെടുന്ന സംവിധാനമാണ് ഒരാളെ മികച്ച അധ്യാപികയാക്കുന്നത്. ഇതിനായി സ്വന്തം ആസൂത്രണവും വിലയിരുത്തലും രേഖപ്പെടുത്താനാവശ്യമായ രേഖ സൂക്ഷിക്കുന്നത് അനിവാര്യമാണ്. ടീച്ചിങ് മാന്വൽ എന്ന പേരിലുള്ള രേഖ ഇതിനായി ഉപയോഗിക്കാവുന്നതാണ്.

### ടീച്ചിങ് മാന്വൽ

അധ്യാപികയുടെ ടീച്ചിങ് മാന്വൽ ദൈനംദിന പാഠാസൂത്രണരേഖയാണ്. ഇതിന് രണ്ടു ഭാഗങ്ങളുണ്ട്. ഓരോ ദിവസവും നിർദിഷ്ട പഠനനേട്ടങ്ങൾ ലഭിക്കുന്നതിനായി കൈപ്പുസ്തകത്തിൽനിന്നു തിരഞ്ഞെടുത്തതോ സ്വയം നിർമിക്കുന്നതോ ആയ പഠനപ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നതാണ് ടീച്ചിങ് മാന്വലിന്റെ ഒന്നാം ഭാഗം. ഈ പ്രവർത്തനങ്ങൾ നടപ്പാക്കുമ്പോൾ പഠിതാക്കൾക്കുണ്ടാകുന്ന മാറ്റങ്ങൾ, പ്രതികരണങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതാണ് രണ്ടാം ഭാഗം. ഇതോടൊപ്പം തന്റെ പഠിതാക്കൾ എത്രമാത്രം പഠനപുരോഗതി കൈവരിച്ചുവെന്നും അവർ നേരിട്ട പ്രധാന പഠനപ്രശ്നങ്ങൾ എന്തൊക്കെയാണെന്നും രേഖപ്പെടുത്താനും ഈ രേഖയ്ക്ക് കഴിയണം. ഈ രേഖയിൽനിന്നാണ് കുട്ടികളുടെ നിരന്തരമൂല്യനിർണയത്തിനാവശ്യമായ വിലയിരുത്തലുകൾ രൂപീകരിക്കേണ്ടത്. അതുകൊണ്ടുതന്നെ ടീച്ചിങ് മാന്വൽ ഒരു സുപ്രധാനരേഖയാണ്.

ഈ കൈപ്പുസ്തകത്തിൽ നിർദേശിച്ച പഠനാനുഭവങ്ങൾ അവസാനവാക്കല്ല. ഓരോ പഠനകേന്ദ്രത്തിന്റെയും സാഹചര്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ പഠനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും പുതിയവ നിർമിക്കുകയും ചെയ്യേണ്ടതുണ്ട്. ഇത്തരം മാറ്റങ്ങൾ അധ്യാപികയുടെ ടീച്ചിങ് മാന്വലിലാണ് പ്രതിഫലിക്കേണ്ടത്. ഇങ്ങനെ നിരന്തരം വികസിക്കുന്ന ടീച്ചിങ് മാന്വലുകളാണ് കൈപ്പുസ്തകത്തിന്റെ അടുത്ത പരിഷ്കരണത്തെ നിർണയിക്കുന്നത്. ഇത്തരം നിരന്തര മെച്ചപ്പെടലുകളിലൂടെ വികസിക്കുന്ന ഒരു ജൈവിക പ്രക്രിയയായി ഈ സംരംഭത്തെ മാറ്റേണ്ടതുണ്ട്.





ഇതൾ 1

# ഹായ്! പട്ടം

## ആമുഖം

'വീടും പരിസരവും' എന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയാണ് 'ഇതൾ ഒന്ന്' തയാറാക്കിയിരിക്കുന്നത്. കുടുംബാംഗങ്ങളെ തിരിച്ചറിയൽ, വീട്ടുപകരണങ്ങൾ തിരിച്ചറിഞ്ഞ് പറയൽ, എഴുതൽ എന്നീ ആശയങ്ങളാണിതിലെ ഉള്ളടക്കം. ഒന്നാമത്തെ യൂണിറ്റിലെ 4 ഇതളുകൾക്കും പ്രയോജനപ്പെടുന്ന തരത്തിൽ ഒരു ബിഗ് പിക്ചർ ആമുഖമായി നൽകിയിട്ടുണ്ട്.

## പഠനനേട്ടങ്ങൾ

- പരിചിതമായ സംഭവങ്ങൾ, വസ്തുക്കൾ, വ്യക്തികൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരണങ്ങൾ കേൾക്കുന്നു, പറയുന്നു, വായിക്കുന്നു, എഴുതുന്നു.
- സംഭാഷണം, ചർച്ച എന്നിവയിൽ പങ്കെടുത്ത് ആശയങ്ങൾ പറഞ്ഞ് അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ, നാടൻ പാട്ടുകൾ, വായ്ത്താരികൾ, കളിപ്പാട്ടുകൾ എന്നിവ ഒറ്റയ്ക്കും കൂട്ടായും ഈണത്തിൽ ചൊല്ലുന്നു.

- കുട്ടിക്കവിതകൾ സമാന പദങ്ങൾ കണ്ടെത്തി വരികൾ കൂട്ടിച്ചേർത്ത് പാടുന്നു, എഴുതുന്നു.

| ഊന്നൽ അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ഭാഷാവസ്തുതകൾ | വ്യവഹാര രൂപങ്ങൾ |
|---|---|
| ഉ മ റ പ വ ത ല<br>ാ ി ു | ലഘുവിവരണം<br>കുട്ടിപ്പാട്ട്<br>സംഭാഷണം |

## സാമഗ്രികൾ

ചാർട്ട്, മാർക്കർ പെൻ, വാക്യ സ്ട്രിപ്പുകൾ, പദക്കാർഡുകൾ, അക്ഷരക്കാർഡുകൾ, വിരൽപ്പാവകൾ, പലനിറത്തിലുള്ള വസ്തുക്കൾ (പന്ത്, ഇല, സ്ട്രോ, തുണിക്കഷണങ്ങൾ....) ക്രയോൺസ്, വീട്ടുപകരണങ്ങളുടെ ചിത്രങ്ങൾ, ബിഗ് പിക്ചർ.

സമയം : 8 മണിക്കൂർ

## പ്രക്രിയ:

### ചിത്രവായന

പഠിതാവിന്റെ ആർജിത ഭാഷാശേഷി പ്രയോജനപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനും ചിത്രവായന ഉപയോഗപ്പെടുത്താൻ കഴിയണം. അതിനായി എന്തൊക്കെ പഠനാനുഭവങ്ങൾ നൽകാം? ചില മാതൃകകൾ മാത്രം ഇവിടെ നൽകുന്നു. അധ്യാപികയ്ക്ക് കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തി നൽകാൻ സ്വാതന്ത്ര്യമുണ്ട്.

- ചിത്രത്തിലെന്തെല്ലാം?

ഞാനുണ്ടോന്ന് കാണുന്നു. അതിന്റെ ആദ്യത്തെ അക്ഷരം 'ക' - അധ്യാപിക പറയുന്നു. ചിത്രത്തിൽ 'ക' യിൽ തുടങ്ങുന്ന വസ്തു ഏതെന്ന് കണ്ടെത്തി പറയൽ.

- ചിത്രത്തിൽ ആരൊക്കെ? അവർ എന്തുചെയ്യുന്നു?
- വിശേഷണം ചേർത്തു പറയാം.

ചിത്രത്തിലെ വസ്തുക്കൾ വിശേഷണം ചേർത്തു പറയുന്നു.

പച്ച ഓല, നീളമുള്ള ഇല, ഉയരമുള്ള മരം....

കുട്ടികൾ തമ്മിൽ ചിത്രം തൊട്ട് മത്സരമായി കളി നടത്താം.

- പറയുന്നതെന്ത്?

ചിത്രത്തിലെ കഥാപാത്രങ്ങൾ തമ്മിൽ എന്തൊക്കെയായിരിക്കും പറയുന്നത്? സങ്കൽപ്പിച്ചുപറയൽ.

- കഥ പറയാം

  ചിത്രത്തിലെ കഥാപാത്രങ്ങളെ ഉൾപ്പെടുത്തി കഥപറയൽ.

- മുമ്പെന്ത്? പിന്നെയെന്ത്?

  ചിത്രത്തിലെ സംഭവങ്ങളെ അടിസ്ഥാനമാക്കി ഇതിനുമുമ്പ് എന്താവും നടന്നിട്ടുണ്ടാവുക? ശേഷം എന്തായിരിക്കും നടക്കുക. ഭാവനാപൂർവ്വം പറയൽ.

- ചോദ്യോത്തരപ്പയറ്റ്

  ചിത്രത്തെ അടിസ്ഥാനമാക്കി ചോദ്യങ്ങളുണ്ടാക്കി ചോദിക്കൽ. രണ്ട് ഗ്രൂപ്പായി മത്സരമായി നടത്താം.

- ചിത്രത്തിലെ വസ്തുക്കളുടെ പേര് ചാർട്ടിൽ എഴുതിയത് വായിക്കൽ

  ഇനിയും എന്തൊക്കെ സാധ്യതകൾ ചിത്രവായനയിൽ ഉണ്ട്? കണ്ടെത്തിയവ മറ്റുള്ള അധ്യാപികമാരുമായി പങ്കുവയ്ക്കൂ.

## പാഠഭാഗത്തേക്ക്

അധ്യാപിക ഒരു കടങ്കഥ അവതരിപ്പിക്കുന്നു.

*വാലുണ്ട് ചിറകുണ്ട്*
*ആകാശത്തിൽ പാറിനടക്കും*
*കിളിയല്ല വവ്വാലല്ല*
*ആളെക്കേറ്റും വിമാനമല്ല*
*പറയൂ പറയൂ ഞാനാര്?*

കുട്ടികൾ ഉത്തരം പറയട്ടെ (പട്ടം)

ഉത്തരം കിട്ടുന്നില്ലെങ്കിൽ സൂചന നൽകാം.

ഉദാ: രണ്ടക്ഷരമാണ്. അവസാനത്തെ അക്ഷരം 'ട്ടം'.

എങ്കിൽ മനോഹരമായ ഒരു പട്ടത്തെ നമുക്ക് പരിചയപ്പെടാം.

ആഖ്യാനം: നഗരത്തിലെ ഫ്ളാറ്റിലാണ് ഉമയുടെ വീട്. ഉമ രാവിലെ എഴുന്നേറ്റു. വാതിൽ തുറന്നു. അതാ ഉമ്മറത്തെ ചട്ടിയിലെ ചെടിയിൽ നിറമുള്ള ഒരു വസ്തു. അവൾ അടുത്തുവന്നു. ഹായ്! പട്ടം.

- അധ്യാപിക പാഠം വായിക്കുന്നു.

  ഉമ........................... പട്ടം എടുത്തു.

  ചോദ്യങ്ങൾ ചോദിക്കുന്നു.

- വാതിൽ തുറന്നത് ആര്?

  | ഉമ വാതിൽ തുറന്നു. |
  |---|

- വാതിൽ തുറന്ന ഉമ എന്തുചെയ്തു?

പുറത്തുവന്നു.

- ഉമ എന്താണ് കണ്ടത്?
- എവിടെയാണ് പട്ടം ഉണ്ടായിരുന്നത്?

ചട്ടിയിൽ ഒരു പട്ടം

- അവൾ എന്താണ് ചെയ്തത്?

ഉമ പട്ടം എടുത്തു

ചോദ്യങ്ങൾക്കുത്തരമായി കുട്ടി എന്തുപറഞ്ഞാലും ചതുരത്തിൽ കൊടുത്ത ഓരോവാക്യവും അധ്യാപിക ഉറക്കെ പറഞ്ഞ് ചാർട്ടിൽ എഴുതണം. കുട്ടികൾ പറഞ്ഞ വാക്യമായതിനാൽ നിശ്ചിത ഗ്രാഫ് വായിക്കാൻ കുട്ടിക്ക് കഴിയും.

## ചിത്രം വായിക്കട്ടെ (പട്ടം)

- പട്ടത്തിന്റെ നിറമെന്താണ്?

ചുവന്ന നിറം

- വാലിന് എന്താണ് നിറം?

മഞ്ഞ വാൽ

- ചിറകിനോ?

ചിറക് നീല

- ഉമയ്ക്ക് പട്ടത്തെ ഇഷ്ടമായി. ഇഷ്ടം തോന്നിയ ഉമ എന്തുചെയ്തു?

ഉമ പട്ടത്തിന് ഉമ്മ കൊടുത്തു.

- വാക്യങ്ങൾ സ്ട്രിപ്പുകളായി എഴുതിയത് നൽകുന്നു
- ചാർട്ടിൽ എഴുതിയ പാഠഭാഗം പ്രദർശിപ്പിക്കുന്നു
- കുട്ടികൾ ഗ്രാഫ് നോക്കി വായിക്കുന്നു. നിശ്ചിത ഖണ്ഡം(സ്ട്രിപ്പ്) എടുത്ത് ക്രമപ്പെടുത്തി വെയ്ക്കുന്നു. വായിക്കുന്നു.
- ഉമ | വാതിൽ | തുറന്നു
- പദങ്ങൾ ചേർത്ത് വാക്യം നിർമ്മിക്കുന്നു
- ഓരോ വാക്യ സ്ട്രിപ്പും പദങ്ങളായി മുറിച്ചുനൽകുന്നു. ക്രമീകരിച്ചു വയ്ക്കുന്നു, വായിക്കുന്നു.
- നിശ്ചിത പദം അധ്യാപിക പറയുമ്പോൾ എടുത്തു കാണിക്കൽ

- ഉ | മ നിശ്ചിത പദം അക്ഷരങ്ങളായി മുറിച്ചു നൽകുന്നു. അക്ഷരക്കാർഡുകൾ ചേർത്ത് പദങ്ങൾ നിർമ്മിക്കുന്നു. വായിക്കുന്നു.

  തു | റ | ന്നു    പു | റ | ത്ത്    വ | ന്നു

- ഉ, മ, റ, പ, വ, ല, ത എന്നീ അക്ഷരങ്ങൾ വരുന്ന പദങ്ങൾ മാത്രം ഈ രീതിയിൽ അക്ഷരക്കാർഡുകൾ തിരിച്ചറിഞ്ഞ് പദനിർമ്മാണം നടത്താം. അക്ഷരസഞ്ചി ഉപയോഗിച്ചും ഇതുചെയ്യാം (പഠനോപകരണ കിറ്റ്)
- അക്ഷരങ്ങൾ വായിച്ചും പദങ്ങൾ വായിച്ചുമാണ് അനുഭവം ലഭിക്കേണ്ടത്.
- ചിഹ്നങ്ങൾ ചേർത്ത് ഉപയോഗിക്കാത്ത പദങ്ങളിൽ അക്ഷരങ്ങൾ പരിചയപ്പെട്ട ശേഷം ചിഹ്നങ്ങളുള്ള അക്ഷരരൂപം (ലിപി) പരിചയപ്പെടുത്തുന്നതാണ് ഉചിതം.

  ഉദാ: 'റ' പരിചയപ്പെടുത്തുന്നത് 'തുറന്നു' എന്ന പദത്തിലൂടെയാവാം.

  'വ' എന്നത് 'വാതിൽ' എന്ന പദത്തിനേക്കാൾ 'ചുവന്ന' എന്ന പദത്തിലൂടെയാവുന്നതല്ലേ നല്ലത്?

- അക്ഷരക്കാർഡുകൾ ചേർത്ത് പുതിയ പദങ്ങൾ നിർമ്മിച്ചുകൂടേ? പദങ്ങൾ അർഥ പൂർണമാകാൻ ടീച്ചർ ശ്രദ്ധിക്കണം.

  ഉ | റ    പ | റ | ന്നു    ഉമ | റവ | തിന്നു

  മ | ല    മ | റ | ന്നു

  വ | ല    വ | ന്നു

  ത | റ    തി | ന്നു

  റ | വ

  പദക്കാർഡുകൾ ചേർത്ത് പുതിയ വാക്യങ്ങളും ആശയങ്ങളും രൂപീകരിക്കാം.

  ഉമ | വന്നു

  റവ | തിന്നു

## നിറക്കളികൾ

- അധ്യാപിക ഒരു നിറം പറയുന്നു. ചുറ്റുപാടും ആ നിറത്തിലുള്ള ഏതെങ്കിലും ഒരു വസ്തു ഉണ്ടെങ്കിൽ കുട്ടികൾ പോയി ആ വസ്തു തൊടണം. ക്ലാസിലോ പുറത്തോ വെച്ചു കളിക്കാം. ടീച്ചർ പല നിറത്തിലുള്ള വസ്തുക്കൾ (പന്തുകൾ, ഇല, തുണിക്കഷണങ്ങൾ, സ്ട്രോ....) പല ഭാഗങ്ങളിലായി കളിക്ക് മുമ്പെ ഒരുക്കി വയ്ക്കുന്നത് നന്നായിരിക്കും. കുട്ടികൾ തൊട്ടുകഴിഞ്ഞാൽ 'ചുവപ്പു തൊട്ടേ', 'പച്ച തൊട്ടേ' എന്നിങ്ങനെ ഉറക്കെ വിളിച്ചുപറയണം.
- എന്താണുടുത്തത്, എന്താണുടുത്തത് - എന്ത് നിറമാണുടുത്തത് നിങ്ങൾ? (എല്ലാരും ചൊല്ലണ്... രീതി)

അധ്യാപിക പാടുന്നു. കുട്ടികൾ വൃത്തത്തിൽ നിൽക്കുന്നു.

- പച്ചയാണുടുത്തത്, പച്ചയാണുടുത്തത് - പച്ച നിറമാണുടുത്തത് ഞങ്ങൾ.

  പച്ചനിറമുള്ള വസ്ത്രമോ വസ്ത്രഭാഗങ്ങളോ ധരിച്ചവർ മാത്രം വൃത്തത്തിന്റെ മധ്യഭാഗത്തേക്കുവരണം.

  അധ്യാപിക: പച്ചയാണുടുത്തതെങ്കിൽ, പച്ചയാണുടുത്തതെങ്കിൽ കൈരണ്ടും പൊക്കിനടക്കൂ.

  കുട്ടികൾ നിർദേശാനുസരണം ആംഗ്യത്തോടെ നടക്കുന്നു. വ്യത്യസ്ത നിറങ്ങൾ ചേർത്ത് കളി ആവർത്തിക്കുന്നു.

  മൂക്കിൽ കൈവച്ചു നടക്കൂ, തലയിൽ / അരയിൽ കൈവച്ച് നടക്കൂ, വായിച്ചുകൊണ്ട് നടക്കൂ... എന്നിങ്ങനെ നിർദേശങ്ങൾ മാറ്റിമാറ്റിക്കൊടുക്കാം.

## നിറം കൊടുക്കാം

- പാഠപുസ്തകത്തിലെ പട്ടത്തിന് നിറം നൽകൽ
- പാഠഭാഗത്ത് പറഞ്ഞ നിറങ്ങൾ ആണ് നൽകേണ്ടത്.

  ചിത്രം നിരീക്ഷിച്ച് എവിടെയൊക്കെ ഏതു നിറമാണ് എന്ന് കണ്ടെത്തി നിറം നൽകാം.

  ചുവന്ന പട്ടം, മഞ്ഞ വാല് ഉണ്ട്, നീലച്ചിറക് ഉണ്ട്, കണ്ണുകൾ രണ്ടുണ്ട്, ചിരിക്കുന്ന പട്ടം എന്നിങ്ങനെ പട്ടത്തെക്കുറിച്ച് ഓരോരുത്തരും പറയട്ടെ.

- പാഠപുസ്തകത്തിലെ ഗ്രാഫ് നോക്കി 'പട്ടം' എന്ന് എഴുതട്ടെ.

## പാടി രസിക്കാം

പട്ടത്തെക്കുറിച്ചുള്ള 'വാലുനീണ്ട പട്ടം....' അധ്യാപികയും കുട്ടികളും ചേർന്നുപാടട്ടെ.

*ആഖ്യാനം:* ആകാശത്ത് പറക്കുന്നതിനിടയിൽ പട്ടം ഒരു കൂട്ടുകാരിയെ കണ്ടുമുട്ടി. അതൊരു പക്ഷിയായിരുന്നു. പച്ചനിറം, ചുവന്ന കൊക്ക്.... ആരായിരിക്കും? കുട്ടികൾ പ്രതികരിക്കുന്നു.

## എഴുതാം

- തത്തയെക്കുറിച്ച് ഇതേപോലെ പാടാമോ?
- തുടർന്നു കുത്തുകളിലൂടെ 'തത്ത' എന്നെഴുതട്ടെ.

തുടർന്ന് വാലുനീണ്ട തത്ത, ചിറകുവീശി തത്ത എന്ന് ചേർത്തുകൊണ്ട് കുട്ടികൾ സംഘമായി പാടട്ടെ.

- പാട്ടിൽ കുത്തുകളിട്ട ഭാഗത്ത് 'തത്ത' എന്ന് കുട്ടികൾ സ്വതന്ത്രമായി ഗ്രാഫ് നോക്കി എഴുതട്ടെ.

## വായിക്കാം

പാഠപുസ്തകത്തിൽ വായനയ്ക്ക് നൽകിയ പദങ്ങൾ ചാർട്ടിൽ/ബോർഡിൽ പ്രദർശിപ്പിക്കുന്നു.

- അധ്യാപിക നിർദേശിച്ച പദങ്ങൾ വായിക്കട്ടെ.

വായിച്ചു കഴിഞ്ഞാൽ നിശ്ചിത പദം പാഠഭാഗത്ത് കണ്ടെത്തി അടിവരയിടട്ടെ.

## വാക്കുകൾ ഉണ്ടാക്കാം, എഴുതാം

- അക്ഷരപ്പൂവിൽ ഏതൊക്കെ അക്ഷരങ്ങൾ? വായിക്കട്ടെ
- കുട്ടികൾക്ക് അക്ഷരക്കാർഡുകൾ നൽകുന്നു.
- അവ ചേർത്ത് അർഥമുള്ള പദങ്ങൾ ഉണ്ടാക്കുന്നു.

| | | | |
|---|---|---|---|
| ഉമ | പറ | മല | മറ |
| ഉറ | പത | തല | |
| ഉല | പല | തറ | |

> 'ഉല' കുട്ടികൾക്ക് പരിചയമുണ്ടാകുമോ? ചിത്രം, വിശദീകരണം എന്നിവയിലൂടെ പരിചയപ്പെടുത്താം. പദം വരുന്ന കഥാസന്ദർഭങ്ങളിലൂടെയുമാവാം.

- അക്ഷരക്കാർഡ് ചേർത്ത് പദങ്ങൾ നിർമിച്ചശേഷം പാഠപുസ്തകത്തിൽ എഴുതൽ, വായിക്കൽ

## വായിക്കാം

### പാഠപുസ്തകത്തിലെ ടെക്സ്റ്റ് വായന

*ആഖ്യാനം:* ഉമയ്ക്ക് പട്ടം ഇഷ്ടമായി. അവൾ പട്ടവുമായി വീട്ടിനകത്തേക്ക് നടന്നു. പല്ലുതേച്ചിട്ടില്ല. കുളിച്ചിട്ടില്ല. സ്കൂളിൽ പോകുന്നതിനു മുമ്പ് എന്തൊക്കെ ചെയ്യണം. അവൾ എന്തു ചെയ്തുവെന്ന് നോക്കാം.


### ടെക്സ്റ്റ് അവതരണം

'ഉമ അകത്തു വന്നു.... ചുറ്റും നോക്കി'


'പട്ടം' 'വന്നു' തുടങ്ങിയ പദങ്ങൾക്ക് ഊന്നൽ ലഭിക്കും വിധം നേരത്തെ നടത്തിയ പ്രക്രിയയിലൂടെ പാഠം അവതരിപ്പിക്കുന്നു. 'ഉമ', 'തുറന്നു' തുടങ്ങിയ പദങ്ങൾ ആവർത്തിക്കുന്നുവെന്ന് കാണാം.

## ചിത്രം നോക്കി പറയാം


'പുറത്ത്' ചേർത്ത് പറയൽ



*മേശപ്പുറത്ത് പട്ടം*



*പുരപ്പുറത്ത് കോഴി*



*അലമാരപ്പുറത്ത് എലി*

## ചിത്രവായന

മുറിയിൽ എന്തൊക്കെയാണ് പട്ടം കണ്ടത്?

വീട്ടുപകരണങ്ങളെ പരിചയപ്പെടുത്തുക എന്നതാണ് ലക്ഷ്യം. കുട്ടിയുടെ കളിപ്പാട്ടങ്ങളും ചിത്രത്തിൽ കാണാം. പന്ത്, പാവ... അവയുടെ പേര് പറയട്ടെ. കുട്ടികൾ പറയുമ്പോൾ ടീച്ചർ ബോർഡിൽ / ചാർട്ടിൽ ഉറക്കെ പറഞ്ഞുകൊണ്ട് എഴുതൽ, വായിക്കൽ.

> ടീച്ചർ എഴുതുമ്പോൾ ആലേഖനക്രമം കുട്ടികൾക്ക് കാണത്തക്കവിധം എഴുതേണ്ടതില്ലേ?

- ഉമയുടെ വീട്ടിൽ എന്തെല്ലാം? നോട്ട് ബുക്കിൽ വരയ്ക്കാം, പേരെഴുതാം.

  (ചിത്രങ്ങൾ - മേശ, കസേര, സോഫ, പൂപ്പാത്രം)

  കുട്ടിക്ക് വരയ്ക്കാൻ കഴിയുന്നവ വരച്ചാൽ മതി.
- നിങ്ങളുടെ വീട്ടിൽ എന്തൊക്കെ ഉപകരണങ്ങൾ?
- അടുക്കളയിൽ എന്തൊക്കെ? വരയ്ക്കാമോ?

  അടുപ്പ്, പാത്രങ്ങൾ, ഭരണികൾ, ഗ്ലാസ്, പ്ലെയ്റ്റ്, സ്പൂണ്....

  അവയുടെ പേരും പറയട്ടെ.

## വീട്ടുപകരണപ്പതിപ്പ്

- ചിത്രങ്ങൾ പത്രത്താളുകളിൽനിന്നോ ഇന്റർനെറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്തോ ശേഖരിച്ച് ഒട്ടിക്കാം. അടിയിൽ അറിയാവുന്നവയുടെ പേരെഴുതട്ടെ. അധ്യാപിക സഹായിക്കുമല്ലോ.

## നിറം എഴുതാം

പച്ച അലമാര

ചുവന്ന ബക്കറ്റ്

നീല കപ്പ്


- ഐ.സി.ടി. സാധ്യത ഉപയോഗിച്ച് നിറമുള്ള വീട്ടുപകരണ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. കുട്ടികൾ നിറം ചേർത്ത് പറയുന്നു.

  *ഉദാ:* മഞ്ഞ കർട്ടൻ, വെളുത്ത പ്ലേറ്റ്, കറുത്ത കുട....

## വായിക്കാം

സ്വരചിഹ്നങ്ങൾ ചേരുമ്പോൾ വസ്തു തന്നെ മാറുന്നു. ഈ അത്ഭുതത്തിലേക്ക് കുട്ടിയെ നയിക്കുംവിധത്തിൽ ഈ ഭാഗം അവതരിപ്പിക്കണം. *മല*യെ *മാല*യാക്കാനും *പറ*യെ *പാറ*യാക്കാനും കഴിയണം.

ാ, ി, ു ചിഹ്നങ്ങൾ അക്ഷരങ്ങളോട് ചേരുമ്പോൾ വരുന്ന മാറ്റങ്ങളാണ് പാഠപുസ്തകത്തിൽ ചിത്രസഹിതം അവതരിപ്പിക്കുന്നത്. ഇത്തരം പദങ്ങൾ ഇനിയും കണ്ടെത്താനാവണം.



| | | |
|---|---|---|
| പല - പാല | വല - വില | പാറ - പാറു |
| തറ - തിറ | | പാറ - പാറി |
| വര - വരി | തന്നു - തിന്നു | |

## ചിത്രവായന

- ആരൊക്കെയാണ് പട്ടത്തിന് ചുറ്റും കൂടിയിരിക്കുന്നത്? ഊഹിച്ചു പറയട്ടെ.
- കുടുംബാംഗങ്ങളും ബന്ധങ്ങളും തിരിച്ചറിഞ്ഞ് പറയാനുള്ള പ്രധാന പ്രവർത്തനമാണിത്.

  നിങ്ങളുടെ വീട്ടിൽ ആരൊക്കെയുണ്ട്?


പാഠപുസ്തകത്തിൽ അവരുടെ ചിത്രം വരച്ച് പേരെഴുതട്ടെ (ചിത്രം വരച്ചതിന്റെ ഭംഗിയല്ല പരിഗണിക്കേണ്ടത്) തീപ്പെട്ടിക്കമ്പ് (Match stick pictures) ചിത്രങ്ങളായാലും മതി.

## വിരൽ പാവകൾ

വിരൽ പാവകൾ നിർമിക്കാം.

കട്ടിക്കടലാസിൽ വിരൽ കടക്കാൻ പാകത്തിൽ ഒരു കുഴൽ ഉണ്ടാക്കുന്നു.

കുഴലിന്റെ മുകളറ്റത്ത് അച്ഛൻ, അമ്മ, ഉമ എന്നിവരുടെ ചിത്രങ്ങൾ വരച്ചോ/മാസികകളിൽനിന്ന് തലമാത്രം മുറിച്ചെടുത്ത് ഒട്ടിച്ചോ പാവകൾ ഉണ്ടാക്കാം. കുഴലിന്റെ മുകളറ്റത്താണ് തല ഒട്ടിക്കേണ്ടത്



- എന്താണവൾ പറഞ്ഞത്?

  അധ്യാപിക വായിച്ചുകൊടുക്കുന്നു. (ചാർട്ട്)

അമ്മ: ഇതെവിടുന്നാ ഉമേ?

.................................................

.................................................

ഉമ: അറിയില്ല അച്ഛാ.

ആര്? എന്ത്? എവിടെ? എങ്ങനെ? എപ്പോൾ തുടങ്ങിയ ചോദ്യവാക്കുകൾ പരിചയപ്പെടുത്താൻ ഈ സന്ദർഭത്തിൽ തുടക്കം കുറിക്കാവുന്നതാണ്.

- പാഠഭാഗം പരിചയപ്പെട്ടശേഷം പാവകൾ ഉപയോഗിച്ച് സംഭാഷണം അവതരിപ്പിക്കട്ടെ.
- നന്നായി അവതരിപ്പിച്ച ഗ്രൂപ്പുകളെ അഭിനന്ദിക്കണം.
- എന്തുകൊണ്ടാണ് നന്നായത്?
  - ശബ്ദവ്യതിയാനത്തോടെ അവതരിപ്പിച്ചിട്ടുണ്ട്.
  - ആരാണ് സംസാരിക്കേണ്ടത് എന്ന് ആസൂത്രണം ചെയ്തിട്ടുണ്ട്.
  - സംഭാഷണം കൃത്യമായി അവതരിപ്പിക്കാൻ കഴിഞ്ഞു.

## ചേർത്തുപാടാം

- കുടുംബാംഗങ്ങളെ ഉൾപ്പെടുത്തി പാട്ട് വികസിപ്പിച്ച് പാടുക എന്നതാണ് പ്രവർത്തനം.

  *ഉദാ:* ചേട്ടനുണ്ട് വീട്ടിൽ
  മാമനുണ്ട് വീട്ടിൽ
  അമ്മൂമ്മയുണ്ട് വീട്ടിൽ

- പ്രാദേശികമായി ഉപയോഗിക്കുന്ന ബന്ധങ്ങളുടെ പദങ്ങളും വ്യത്യസ്തമായിരിക്കും. ഉമ്മ, ഉപ്പ, ബാപ്പ, അപ്പച്ചൻ, അമ്മച്ചി, വല്യുപ്പ, അച്ചായൻ എന്നിങ്ങനെ അവകൂടി പരിഗണിച്ചുവേണം വരികൾ കൂട്ടിച്ചേർക്കാൻ
- ഉണ്ണി വന്നു

  അയൽപക്കത്തെ ആളുകളെ പരിചയപ്പെടുന്നതിനും അവരെ അഭിസംബോധന ചെയ്യുന്നതിനും ഇവിടെ സാധ്യതയുണ്ട്. അവ കൂടി പ്രയോജനപ്പെടുത്തണം.

## പാഠഭാഗം അവതരണം

നേരത്തെ സ്വായത്തമാക്കിയ അക്ഷരങ്ങൾക്ക് പുനരനുഭവം ലഭിക്കുന്ന പാഠഭാഗമാണിത്.

- ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് ടെക്സ്റ്റ് അവതരിപ്പിക്കുന്ന രീതി പരിചയപ്പെട്ടല്ലോ. പാഠഭാഗം വായിച്ചവതരിപ്പിച്ച ശേഷം കേട്ട കാര്യങ്ങൾ ചോദിച്ചുകൊണ്ട് ചാർട്ടിൽ പാഠരൂപീകരണം നടത്താം.
- ആര് വന്നു?

- പട്ടം കണ്ടപ്പോൾ ഉണ്ണി എന്തുപറഞ്ഞു?
- അവൻ എന്തുചെയ്തു?
- എവിടേക്കാണ് അവൻ ഓടിയത്?
- അപ്പോൾ ഉമ എന്തുചെയ്തു?
- ആരൊക്കെയാണ് പട്ടം കാണാൻ വന്നത്?
- ആർക്കൊക്കെ പട്ടം ഇഷ്ടമായി?

ഇത്തരം ചോദ്യങ്ങളിലൂടെ കുട്ടികളുടെ ഉത്തരം ഉറക്കെപ്പറഞ്ഞുകൊണ്ട് (മെഗഫോൺ ചെയ്ത്) അധ്യാപിക പാഠഭാഗം ചാർട്ടിൽ രൂപീകരിക്കുന്നു. അവ കുട്ടികൾ വായിക്കുന്നു.

## പട്ടത്തിന്റെ ചിന്ത

ചിത്രവായന - കുട്ടികൾ എന്തുചെയ്യുന്നു? എല്ലാവരും പട്ടത്തെ തൊടാൻ നോക്കുകയാണ്. ആകെ ബഹളം. അപ്പോൾ പട്ടം തന്നെത്താൻ പറഞ്ഞു. *വലിച്ചുകീറാഞ്ഞാൽ മതിയായിരുന്നു.* പട്ടത്തിന്റെ ചിന്ത പങ്കുവയ്ക്കാൻ കുട്ടികൾക്ക് അവസരം നൽകിയ ശേഷമാണ് പാഠപുസ്തകത്തിലെ ചിന്ത അവതരിപ്പിക്കേണ്ടത്.

## പട്ടം നിർമ്മാണം

യൂ ട്യൂബ് (How to make a kite) നോക്കുക.

## മാറ്റിപ്പറയാം

| | | |
|---|---|---|
| കീറാഞ്ഞാൽ | - | കീറാതിരുന്നാൽ |
| പാടാഞ്ഞാൽ | - | പാടാതിരുന്നാൽ |
| വായിക്കാഞ്ഞാൽ | - | |
| പറയാഞ്ഞാൽ | - | |
| പോകാഞ്ഞാൽ | - | |
| വരാഞ്ഞാൽ | - | |

കുട്ടികളും അധ്യാപികയും ചേർന്ന് കളിക്കുന്നു. വാക്കുകൾ കുട്ടികൾ മാറ്റിപ്പറയട്ടെ. ഇനി കുട്ടികൾ (ഒന്നാം ഗ്രൂപ്പ്) വാക്കുകൾ പറയുന്നു. മറ്റേ ഗ്രൂപ്പ് മാറ്റിപ്പറയുന്നു.

## വിലയിരുത്തൽ

'എനിക്കു കഴിയും' എന്ന ഭാഗം മൂല്യനിർണയ സ്വഭാവത്തോടുകൂടിയതാണ്. കുട്ടികൾ സ്വയം ചെയ്യട്ടെ.

ഇവർ ഉമയുടെ ആരൊക്കെയാവും? എന്ന പ്രവർത്തനത്തിൽ വ്യത്യസ്തമായ ഉത്തരങ്ങൾക്ക് സാധ്യതയില്ലേ? മുത്തശ്ശനും മുത്തശ്ശിയും മാമനും മാമിയും, ........... ബന്ധങ്ങളുടെ വിവിധ സാധ്യതകൾ ഉറപ്പുവരുത്തുന്ന രീതിയിൽ അധ്യാപിക ഇടപെടണം.


## എത്രമാത്രം ശേഷികൾ നേടി

- സ്വതന്ത്രമായി പൂർത്തീകരിക്കാൻ കഴിഞ്ഞവർ എത്ര?
- ഇനിയും മെച്ചപ്പെടേണ്ടവർ ആരൊക്കെ?
- ഏതൊക്കെ മേഖലകളിൽ സഹായം വേണ്ടതുണ്ട്?
- തുടർന്നുള്ള പാഠാസൂത്രണത്തിൽ എന്തൊക്കെ മാറ്റങ്ങൾ ഉൾപ്പെടുത്തണം?

## വായിച്ചുകേൾക്കാം

ആമയും അരയന്നങ്ങളും എന്ന കഥ കുട്ടികൾക്ക് വായിച്ചുകൊടുക്കാം.
ഈ കഥ സ്വന്തം ഭാഷയിൽ കുട്ടികൾ പറയട്ടെ.

ഭാഷയിലെ പ്രയോഗങ്ങൾ കുട്ടികൾക്ക് തിരിച്ചറിയാനാവണം. ശബ്ദവ്യതിയാനം, ഭാവം, താളഭംഗി എന്നിവയോടെ വായിക്കാൻ അധ്യാപിക ശ്രമിക്കണം. ജീവജാലങ്ങളോടുള്ള സ്നേഹം വളർത്തിയെടുക്കുന്നതിനും നമ്മുടെ പരിസരം അവർക്കുകൂടി ഉള്ളതാണ് എന്ന ബോധം വളർത്തുന്നതിനും ഈ കഥ എങ്ങിനെ പ്രയോജനപ്പെടുത്താം?



ഇതൾ 2

# ഉമ കണ്ട കാഴ്ചകൾ

## ആമുഖം

'വീടും പരിസരവും' എന്ന പ്രമേയത്തിലെ രണ്ടാമത്തെ ഇതളാണിത്. പലതരം വീടുകൾ, ജീവികളുടെ പാർപ്പിടങ്ങൾ, വീടില്ലാത്തവരുടെ പ്രയാസങ്ങൾ തുടങ്ങിയ ആശയങ്ങൾ ഈ പാഠത്തിൽ ചർച്ച ചെയ്യുന്നു. കൂടാതെ ഭാഷാകേളികൾ, ചിത്രരചന, നിറം നൽകൽ തുടങ്ങിയ പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

## പഠനനേട്ടങ്ങൾ

- കുട്ടിക്കവിതകൾ കേട്ടാസ്വദിക്കുകയും ഒറ്റയ്ക്കും കൂട്ടായും ഈണത്തിൽ ചൊല്ലുകയും ചെയ്യുന്നു.
- അക്ഷരങ്ങൾ, പദങ്ങൾ എന്നിവ ഉപയോഗിച്ച് ഭാഷാകേളികളിൽ ഏർപ്പെടുന്നു.
- നാട്ടറിവുകൾ, ചൊല്ലുകൾ, കടങ്കഥകൾ, ശൈലികൾ എന്നിവ ശേഖരിക്കുന്നു. പങ്കുവയ്ക്കുന്നു.
- പരിചിതങ്ങളായ സംഭവങ്ങൾ, വസ്തുക്കൾ, വ്യക്തികൾ തുടങ്ങിയവയെക്കുറിച്ച് വിവരണങ്ങൾ കേൾക്കുന്നു. പറയുന്നു, വായിക്കുന്നു, എഴുതുന്നു.

| ഊന്നൽ അക്ഷരങ്ങൾ,<br>ചിഹ്നങ്ങൾ, ഭാഷാ വസ്തുതകൾ | വ്യവഹാര രൂപങ്ങൾ |
|---|---|
| ഒ, ഓ, ക, ഖ, ര, യ,<br>ക്ക, ന്ന, ച്ച, ട്ട, ക്ഷ<br>ീ, ൂ | കഥ (ആഖ്യാനം)<br>കവിത<br>പഴഞ്ചൊല്ലുകൾ |

## സാമഗ്രികൾ

അക്ഷരക്കാർഡുകൾ, പദ/വാക്യ കാർഡുകൾ, ക്രയോൺ, അക്ഷര ഡൈസുകൾ, അക്ഷരകിറ്റ്, വിവിധ ജീവികളുടെ കൂടുകളുടെ ചിത്രം/വീഡിയോകൾ, കവിതകളുടെ ഓഡിയോകൾ, ചാർട്ട്, മാർക്കർ പേനകൾ.

സമയം: 8 മണിക്കൂർ

## പ്രക്രിയ

## കാഴ്ചകൾ പറയാം

- കുട്ടികൾ വട്ടത്തിൽ നിൽക്കുന്നു.
- നിങ്ങൾ യാത്ര ചെയ്തിട്ടില്ലേ? പോകാനിഷ്ടമുള്ള സ്ഥലം ഏതാണെന്ന് പറയൂ.
- എല്ലാവരും കണ്ണടച്ചിരിക്കട്ടെ.
- നിങ്ങൾക്കിഷ്ടമുള്ള സ്ഥലത്തെക്കുറിച്ച് ഓർമ്മിക്കൂ.
- അവിടെ കണ്ട കാഴ്ചകൾ പറയൂ.

## ആയിത്തീരൽ കളി

എല്ലാവരും വിമാനമായി മാറുന്നു (അഭിനയം). ഉയർന്നു പറക്കുകയാണ് നമ്മൾ. താഴോട്ടു നോക്കൂ. എന്തെല്ലാം കാണുന്നു. ഓരോരുത്തർ വിളിച്ചുപറയട്ടെ.

## പാഠത്തിലേക്ക്

നമ്മളെപ്പോലെ ഉമയും ആകാശത്തുകൂടി യാത്രചെയ്തത് വായിക്കാം.

'രാത്രിയായി.... ഉയർന്നുയർന്നു പറന്നു' വരെയുള്ള ഭാഗം ചാർട്ടിൽ അവതരിപ്പിക്കുന്നു.

- ആരാണ് ഉറങ്ങാമെന്ന് പറഞ്ഞത്? **രവി.**
- രവി ആരാണ്? **ചേട്ടൻ/അനിയൻ.**
- എപ്പോഴാണ് ഉറങ്ങാമെന്ന് പറഞ്ഞത്? **രാത്രി.**
- പട്ടം എന്താണ് പറഞ്ഞത്?
- ഉമ എവിടെയാണ് ഇരുന്നത്?
- പട്ടം എങ്ങനെയാണ് പറന്നത്?

പാഠം രൂപീകരിച്ച് ചാർട്ടിൽ എഴുതുന്നു. കഴിഞ്ഞ പാഠത്തിൽ ചെയ്ത രീതിയിൽ (ആശയാവതരണ ഘട്ടങ്ങൾ പാലിച്ച്) പാഠഭാഗം അവതരിപ്പിക്കണം. 'ര' എന്ന അക്ഷരത്തിന് ഊന്നൽ നൽകുന്ന പാഠഭാഗമാണിത്.

## ഉമ കണ്ട കാഴ്ചകൾ

*ആഖ്യാനം:* ഉമ ആകാശത്തുനിന്ന് താഴേക്ക് നോക്കി. പലതരം വീടുകൾ. ചിലത് കൂണുകൾ പോലെ. ചിലത് പെട്ടികൾ അടുക്കിവെച്ചത് പോലെ. ഓടുകൾ മേഞ്ഞവ. ഷീറ്റുകൾ കൊണ്ട് മേൽക്കൂരയുള്ളവ. പുല്ലുകൾ നിറഞ്ഞ മൺകൂനകൾ പോലെ മലകൾ. ചെറു തീപ്പെട്ടികൾ സഞ്ചരിക്കുമ്പോലെ വാഹനങ്ങൾ. ഉറുമ്പുകളെപ്പോലെ ആളുകൾ.....

ചിത്രവായന

പാഠപുസ്തകത്തിലെ പേജ് 16 ലെ ചിത്രം നിരീക്ഷിക്കട്ടെ.

- ഉമ എന്തൊക്കെ കണ്ടു?
- ഓരോന്നും മുകളിൽനിന്ന് നോക്കുമ്പോൾ ഏതുപോലെയുണ്ട്?
- ഏതെല്ലാം തരത്തിലുള്ള വീടുകൾ?
-
-

ചിത്രത്തിന്റെ സൂക്ഷ്മാംശങ്ങൾ നിരീക്ഷിക്കത്തക്കവിധം ചോദ്യങ്ങൾ ചോദിക്കണം. മുകളിൽ നിന്നും താഴോട്ടു നോക്കുമ്പോൾ കാണുന്നവ ഏതുപോലെയിരിക്കും? ഭാവനാപൂർവ്വം ഭാഷ ഉപയോഗിക്കാനുള്ള അവസരം കുട്ടികൾക്ക് നൽകണം.

- ടവറുകൾ
- റോഡുകൾ
- പുഴ
- വയൽ/പാടം
- മനുഷ്യർ
- വാഹനങ്ങൾ
- മരങ്ങൾ

## കഴുകന്റെ കാഴ്ചകൾ

ഉമ പട്ടത്തിലാണ് ആകാശയാത്ര നടത്തിയത്. അതുപോലെ ഉയരത്തിൽ പാറി നടക്കുന്ന കഴുകൻ കണ്ട കാഴ്ചകളെക്കുറിച്ച് പി. മധുസൂദനൻ എന്ന കവി എഴുതിയത് നോക്കൂ.

അധ്യാപിക ചാർട്ടിൽ എഴുതിയ കവിതാഭാഗം പ്രദർശിപ്പിക്കുന്നു. ഓരോ വരിയായി അധ്യാപിക ഈണത്തിൽ പാടി അവതരിപ്പിക്കുന്നു. തുടർന്ന് അധ്യാപികയോടൊപ്പം കുട്ടികളും പാടട്ടെ.

- കവിതയുടെ ഓഡിയോ കേൾപ്പിക്കുകയും ചെയ്യാം.
- കവിതയിലെ പരിചിതമല്ലാത്ത പദങ്ങൾ ഏതൊക്കെ?
- കമ്പളം, വെൺമുകിൽ എന്നിവ ദൃശ്യങ്ങളിലൂടെ പരിചയപ്പെടുത്താം. (പാടത്തിന്റെ ദൂരക്കാഴ്ച, പച്ചപിടിച്ച മലനിരകളിലൂടെ താഴേക്കൊഴുകുന്ന വെളുത്ത നീർച്ചാലുകൾ)

## ഏതുപോലെ

കഴുകൻ പാടത്തെയും പുഴയെയും വീടിനെയും കണ്ടത് ഏതുപോലെയാണെന്ന് വായിച്ചു കൊടുക്കുന്നു. പരിചിതമല്ലാത്ത പദങ്ങൾ ലളിതമായി അവതരിപ്പിക്കുന്നതിനാണ് ഈ പ്രവർത്തനം നൽകിയിരിക്കുന്നത്.

## കഴുകൻ കണ്ടതെങ്ങിനെ?

പാടം - പച്ചപ്പുതപ്പുപോലെ
മരം - ചെറു ചെടി പോലെ
ബസ് - തീപ്പെട്ടിപോലെ
ആന - ഉറുമ്പിനെപ്പോലെ/വണ്ടിനെപ്പോലെ

കുട്ടികൾ അവരുടെ ഭാവനയനുസരിച്ച് പ്രതികരിക്കട്ടെ. എന്തുകൊണ്ടാണ് അങ്ങിനെ പറയാൻ കാരണം? യുക്തി വിശദമാക്കാൻ അവർക്ക് അവസരം നൽകുകയാണ് വേണ്ടത്.

- പട്ടം ഏതിലൂടെയാണ് പറക്കുന്നത്?

  ആകാശം - മാനം - വാനം ........ തുടങ്ങിയ പര്യായപദങ്ങൾ പരിചയപ്പെടുത്താനുള്ള സന്ദർഭമാണിത്.

- പട്ടം പറക്കുന്നത് ആകാശത്തിലെ ചിലർ കണ്ടു. ആരെയൊക്കെയാണ് രാത്രി ആകാശത്ത് കാണുക?

  അമ്പിളി / നക്ഷത്രങ്ങൾ....

- ആരാണ് പട്ടത്തെ കണ്ടത്?

  അമ്പിളി മാമൻ കണ്ടു.

- പിന്നെ ആരു കണ്ടു?

  നക്ഷത്രങ്ങളും കണ്ടു.

- അവർ എന്തു ചെയ്തു?

  അവർ ഉമയെ നോക്കി ചിരിച്ചു.

- ഉമ അപ്പോൾ എന്തുചെയ്തു?

  ഉമയും ചിരിച്ചു.

- അപ്പോൾ പട്ടത്തിന്റെ മുഖഭാവം എന്തായിരുന്നു?

  പട്ടത്തിന്റെ മുഖത്തും ചിരി.

- രൂപീകരിച്ച പാഠം. (Evolved Text) കുട്ടികൾ വായിക്കട്ടെ. ആശയാവതരണരീതിയിൽ വരികൾ ക്രമീകരിക്കട്ടെ.

## ചിത്രം വരയ്ക്കാം നിറം നൽകാം

ചിത്രം വരയ്ക്കാനും നിറം കൊടുക്കാനുമുള്ള അവസരമാണിത്. എഴുത്തിലേക്ക് നയിക്കാനുള്ള പ്രാരംഭ പ്രവർത്തനമായി ഇതിനെ കാണണം.

- ഉചിതമായ നിറം നൽകിയിട്ടുണ്ട്.
- ചിത്രത്തിന് ഭാവം നൽകാൻ കഴിഞ്ഞിട്ടുണ്ട്.
- വരച്ച ചിത്രത്തിനുള്ളിൽ കൃത്യമായി നിറം നൽകാനായിട്ടുണ്ട്.

ഈ രീതിയിൽ ചിത്രങ്ങളെ വിലയിരുത്താനും ആവശ്യമായ പ്രതിപുഷ്ടി (Feed back) നൽകാനും അധ്യാപികയ്ക്ക് കഴിയണം.

*അധ്യാപിക അറിയാൻ:* കുട്ടികളുടെ സൃഷ്ടിയുടെ മികവുകളാണ് അധ്യാപിക ഫീഡ്ബാക്കായി പറയേണ്ടത്. ഇങ്ങനെ വരച്ചിരുന്നെങ്കിൽ കൂടുതൽ നന്നായേനേ.... എന്ന രീതിയിൽ പോസിറ്റീവ് ഫീഡ് ബാക്ക് നൽകണം. കുറ്റങ്ങൾ കണ്ടെത്തലല്ല, മെച്ചപ്പെടാനുള്ള നിർദേശങ്ങളാണ് ഫീഡ് ബാക്കിലൂടെ നൽകേണ്ടത്.

- വരച്ച ചിത്രങ്ങൾ പ്രദർശിപ്പിക്കട്ടെ. കുട്ടികൾ പരസ്പരം വിലയിരുത്തട്ടെ. ഓരോരുത്തരും അവർ വരച്ച ചിത്രങ്ങളെക്കുറിച്ച് പറയട്ടെ.
- 'നേരം പുലർന്നു..... നല്ല സുഖം' ഈ പാഠഭാഗം അവതരിപ്പിക്കുന്നു. 'ക്ഷ' എന്ന അക്ഷരത്തിന് ഊന്നൽ നൽകുന്നതിന് ശ്രദ്ധിക്കണം. ഭക്ഷണം, ക്ഷീണം തുടങ്ങിയ പദങ്ങൾ ഉപയോഗിച്ചാണ് ഇതിന് അവസരം ഒരുക്കേണ്ടത്.

  'നല്ല' എന്ന വാക്കിന് വ്യത്യസ്ത അർഥങ്ങളുണ്ട്. ഒന്ന് ശക്തിയെ സൂചിപ്പിക്കുന്നതും (ഉദാ: നല്ല ക്ഷീണം) മറ്റൊന്ന് അതിന്റെ ഗുണത്തെ സൂചിപ്പിക്കുന്നതുമാണ് (ഉദാ: നല്ല സുഖം).

  'ക്ഷ' വരുന്ന കൂടുതൽ പദങ്ങൾ കണ്ടെത്തി പറയട്ടെ.

  പക്ഷി　　മീനാക്ഷി　　അക്ഷരം　　രക്ഷ
  ക്ഷണിച്ചു　　കക്ഷം　　ലക്ഷം

- എഴുതാൻ കഴിയുന്നവർ എഴുതട്ടെ. പദക്കാർഡുകൾ തയാറാക്കി ഉപയോഗപ്പെടുത്താം. അക്ഷരക്കാർഡുകൾ നൽകി പദരൂപീകരണക്കളികൾ നടത്താവുന്നതാണ്.

  ല　　　　　　യ
  ക — ക്ഷം　　　പ — ക്ഷി

- 'ഖ' എന്ന അക്ഷരത്തിന് ഊന്നൽ നൽകുന്നതിന് എന്തു പ്രവർത്തനങ്ങൾ നൽകാം.
- പാഠഭാഗത്തുനിന്ന് കണ്ടെത്തൽ **മുഖം, സുഖം, അസുഖം, നഖം**

## ചിത്രത്തിൽ എന്തെല്ലാം? പറയൂ.

കാണുന്ന കാര്യങ്ങൾ പറയട്ടെ. കേവലം ഒറ്റപ്പദങ്ങൾ പറയുന്നതിനപ്പുറം കൂടുതൽ പദങ്ങൾ ചേർത്തുപറയാനവസരം നൽകണം. അവ ചിത്രവിവരണത്തിലേക്ക് വളരണം.

*ഉദാ:* വലിയ മരം. മരം നിറയെ ഇലകൾ
മരക്കൊമ്പിൽ ഉമയും പട്ടവും
ചില്ലകളിൽ തൂങ്ങിനിൽക്കുന്ന പക്ഷിക്കൂടുകൾ

ഓരോരുത്തരും ഒരു വാക്യം പറയട്ടെ.

**രവി ചിത്രം വരച്ചു.**
**ഒരു മരത്തിന്റെ ചിത്രം.**
**മരത്തിൽ കുരുവി.**
**താഴെ കീരിയും.**

- 'ര' എന്ന അക്ഷരത്തിന് ഊന്നൽ നൽകണം. 'ര' വരുന്ന പദങ്ങൾ എടുത്തെഴുതട്ടെ.

  പിന്നെ എന്തു സംഭവിച്ചിരിക്കാം? കഥയായി പറയട്ടെ.

## എഴുതാം

നേരത്തെ പറഞ്ഞ കാര്യങ്ങൾ കണക്കിലെടുത്ത് ഓരോ കുട്ടിക്കും സ്വന്തം ഭാഷയിൽ എഴുതാനുള്ള പ്രവർത്തനമാണിത്. എല്ലാവരും ഒരേ കാര്യം എഴുതണമെന്ന് ശഠിക്കേണ്ടതില്ല.

## നിറം നൽകാം

ഇതിനകം സ്വായത്തമാക്കിയ അക്ഷരങ്ങൾ തിരിച്ചറിയൽ, നിർദേശങ്ങൾ പാലിച്ച് നിറം നൽകൽ. തുടങ്ങിയ കഴിവുകൾ വിലയിരുത്താനുള്ള പ്രവർത്തനം കൂടിയാണിത്. നിർദേശങ്ങൾ പാലിച്ച് നിറം നൽകിയാൽ മരം, വീട് എന്നിവയുടെ ചിത്രം തെളിഞ്ഞു വരും. അവയുടെ പേര് താഴെ എഴുതാൻ സ്ഥലം നൽകിയിട്ടുണ്ട്.

## വായിക്കാം

നിറങ്ങൾ ചേർത്ത് (വിശേഷണപദങ്ങൾ) ചിത്രത്തെക്കുറിച്ച് ആദ്യം പറയട്ടെ. അതുതന്നെ യാണോ പാഠപുസ്തകത്തിലുള്ളത് എന്നു നോക്കാമെന്ന് പറഞ്ഞുകൊണ്ട് സ്വതന്ത്രമായി വായിക്കാനുള്ള അവസരം നൽകണം.

- കാ.... കാ.... കീ.... കീ.... എന്ന് തുടങ്ങുന്ന പാഠഭാഗം അധ്യാപിക വായിച്ച് അവതരി പ്പിക്കുന്നു.
- സ്വരചിഹ്നങ്ങൾ ചേർത്ത് അക്ഷരങ്ങൾ അവതരിപ്പിക്കുക എന്നതാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

  കാ.... കാ.... കീ.... കീ.... കു... കൂ....

  പഠിച്ച മറ്റ് അക്ഷരങ്ങൾ ചേർത്ത് പറയാനും എഴുതാനും അവസരം നൽകണം.
- 'പലതരം' ചേർത്ത് പറയാനും എഴുതാനും സന്ദർഭങ്ങൾ ഒരുക്കണം.
  - പലതരം പക്ഷികൾ
  - പലതരം തുണികൾ
  - പലതരം വീടുകൾ
  - 

## പാടി രസിക്കാം

- ഒ ഓ എന്ന അക്ഷരം ആവർത്തിച്ചുവരുന്ന പാട്ടാണിത്.
- ഈ പാഠത്തിൽ ഒ, ഓ എന്നീ അക്ഷരങ്ങൾ എവിടെയെല്ലാമുണ്ട്? അടിയിൽ വരയ്ക്കൂ.

## വായിക്കാം

ഒന്ന്, ഒപ്പം, ഒട്ടകം, ഒളിച്ചു, ഓല, ഓട്, ഓടി, ഓണം

## പറയാം

പക്ഷിക്കൂടുകൾ കണ്ട് ഏതൊക്കെ പക്ഷിയുടെ കൂടാണെന്ന് തിരിച്ചറിയാൻ കഴിയണം. കുട്ടികളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ അറിയാവുന്നവ പറയട്ടെ. തൂക്കണാം കുരുവി, കാക്ക, കൊറ്റി എന്നിവ പറയാൻ കഴിയുമോ?

- വിവിധ ജീവികളുടെ കൂടുകൾ പരിചയപ്പെടുന്നതിന്. യൂട്യൂബ് ദൃശ്യങ്ങൾ പ്രയോജന പ്പെടുത്താവുന്നതാണ്. കൂടാതെ വീട്, കൂട് - കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് - എന്ന പുസ്തകം പ്രയോജനപ്പെടുത്താവുന്നതാണ്.

## പഴഞ്ചൊല്ലുകൾ

പഴഞ്ചൊല്ലുകൾ പരിചയപ്പെടുന്ന സന്ദർഭമാണിത്.

### കൂടുതൽ പഴഞ്ചൊല്ലുകൾ ശേഖരിച്ച് പതിപ്പ് തയാറാക്കട്ടെ.

- അരിയെറിഞ്ഞാൽ ആയിരം കാക്ക.
- ഒരു വെടിക്ക് രണ്ടു പക്ഷി
- കൊക്കിലൊതുങ്ങുന്നതേ കൊത്താവൂ.
- കോഴിക്കുണ്ടോ നെല്ലും വിത്തും.

ആവശ്യമായ ചിത്രങ്ങൾ വരച്ചോ, ഒട്ടിച്ചോ പതിപ്പ് ഭംഗിയാക്കാം.


## വായിക്കാം

| കട | കാട | ........................ |

| ാ | ി | ീ | ു | ൂ |

എന്നീ ചിഹ്നങ്ങൾ വരുന്ന പദങ്ങളാണ് വായനയ്ക്കായി നൽകിയിരിക്കുന്നത്. ഓരോ ചിഹ്നങ്ങൾക്കും കൂടുതൽ ഉദാഹരണങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ. സ്വര ചിഹ്നങ്ങളുടെ കട്ടൗട്ടുകൾ കാർഡ് ബോർഡിൽ വെട്ടിയെടുത്ത് ഉപയോഗിക്കാം. അക്ഷര കട്ടൗട്ടുകൾ, ചിഹ്നങ്ങൾ ചേർത്ത് പുതിയ വാക്കുകൾ ഉണ്ടാക്കി അവ നോട്ടുബുക്കിൽ എഴുതട്ടെ

## പദങ്ങൾ ഉണ്ടാക്കാം




'ട്' എന്ന അക്ഷരത്തിൽ അവസാനിക്കുന്ന പദങ്ങൾ കണ്ടെത്തി എഴുതട്ടെ.

കാട് വീട് ആട് കൂട്

ഇതുപോലെ കൂടുതൽ വാക്കുകൾ ഉണ്ടാക്കിക്കൂടേ? രണ്ടക്ഷരങ്ങൾ വരുന്നവയ്ക്ക് പകരം വലിയ പദങ്ങൾ ഉണ്ടാക്കാം.

| | | | | |
|---|---|---|---|---|
| ഓട് | കരട് | പാലക്കാട് | തോട് | ചരട് |
| കോഴിക്കോട് | നാട് | തവിട് | വയനാട് | |

## പാടി രസിക്കാം

കൂടും വീടും എന്ന കവിത അധ്യാപികയും കുട്ടികളും ചേർന്ന് ഈണത്തിലും താളത്തിലും പാടണം.

- ചിത്രത്തിൽ ആരുടെയൊക്കെ കൂടുകളുണ്ട്?
- എല്ലാവരുടെയും കൂടുകൾ ഒരുപോലെയാണോ?
  ഓരോന്നും നിർമിക്കാൻ എന്തൊക്കെ വസ്തുക്കളാണുപയോഗിച്ചിരിക്കുന്നത്?

## വായിക്കാം എഴുതാം

'ക്ഷ' എന്ന അക്ഷരം വായിക്കാനും എഴുതാനുമുള്ള പ്രവർത്തനമാണിത്. കുത്തുകൾ യോജിപ്പിച്ച് 'ക്ഷ' എന്നെഴുതട്ടെ. 'ക്ഷ' എന്ന അക്ഷരം വരുന്ന കൂടുതൽ പദങ്ങൾ, അവ ഉപയോഗിച്ചുള്ള ലഘു വാക്യങ്ങൾ എന്നിവ കണ്ടെത്തി എഴുതട്ടെ.

## വീടില്ലാത്തവർ

പാഠഭാഗം അവതരിപ്പിക്കുന്നു.

- 'എവിടുന്നാണീ പുക? ................... പാകം ചെയ്യുന്നു.'
- ചിത്രവായന

  കുട്ടികൾ ചിത്രത്തിൽ കാണുന്ന കാര്യങ്ങളെക്കുറിച്ച് പറയട്ടെ.
- എന്തുകൊണ്ടാണ് ഇവർക്ക് മരച്ചുവട്ടിൽ വെച്ച് ഭക്ഷണം പാകം ചെയ്യേണ്ടിവന്നത്?
- വീടില്ലെങ്കിൽ എന്തൊക്കെ പ്രയാസങ്ങൾ ഉണ്ടാവും.
  - മഴയും വെയിലും പോലുള്ള പ്രകൃതി പ്രതിഭാസങ്ങളിൽനിന്ന് രക്ഷനേടാൻ.
  - സുരക്ഷിതത്വത്തോടെ ജീവിക്കാൻ (ജീവികളിൽനിന്ന്)
  - സാധനങ്ങൾ സൂക്ഷിക്കാൻ

### 'ഖ' എന്ന അക്ഷരം വരുന്ന വാക്കുകൾ

| | | | | | |
|---|---|---|---|---|---|
| മുഖം | സഖി | ശംഖ് | മുഖ്യം | നഖം | രേഖ |
| സംഖ്യ | സുമുഖി | സുഖം | ഖേദം | ഖനി | മാലാഖ |

- ചിത്രങ്ങളിൽ ആരൊക്കെ? എന്തൊക്കെ?

  കാക്ക, കുയിൽ, കൂട്, മുട്ട, മരക്കൊമ്പ്

### ഒത്തുപാടാം

കാ... കാ.... കു.... കൂ.... എന്ന മുത്തലപുരം മോഹൻദാസിന്റെ കവിത ടീച്ചറും കുട്ടികളും ഒത്തുചേർന്ന് പാടുന്നു.


## എനിക്ക് കഴിയും

കുട്ടികൾക്ക് സ്വതന്ത്രമായി വായിക്കാൻ കഴിയുന്നുണ്ടോ? വിലയിരുത്തൽ പ്രവർത്തനമായാണ് നൽകിയിരിക്കുന്നത്.

- ഉമ മരത്തിൽ എന്തൊക്കെ കണ്ടു? സ്വതന്ത്രമായി എഴുതിയത് ടീച്ചർ വിലയിരുത്തണം.
- അക്ഷരങ്ങൾ ചേർത്ത് പദനിർമിതി, വായന, എഴുത്ത് എന്നീ പ്രവർത്തനങ്ങളും കുട്ടികൾ ചെയ്യട്ടെ.

## വായിച്ചു കേൾക്കാം

അക്കിത്തം അച്യുതൻ നമ്പൂതിരിയുടെ ബാലകവിത 'ഉത്സവപ്പിറ്റേന്ന്' ഭാവം, താളം എന്നിവയോടെ ഉറക്കെ പാടിക്കൊടുക്കുന്നു. കുട്ടികൾ ഏറ്റുപാടുന്നു. കവിതയിലെ സന്ദർഭങ്ങൾ അഭിനയിക്കട്ടെ.



ഇതൾ 3

# ശാ.... ശീ.... ദോശ

## ആമുഖം

'വീടും പരിസരവും' എന്ന പ്രമേയത്തെ ആധാരമാക്കിയ മൂന്നാമത്തെ പാഠമാണ് 'ശാ.... ശീ.... ദോശ'. നമുക്കു ചുറ്റുമുള്ള കാഴ്ചകൾ, പലതരം പലഹാരങ്ങൾ, വിഭവങ്ങൾ, കുടുംബത്തിലെ ആഘോഷങ്ങൾ എന്നീ ആശയമേഖലകളാണ് ഇതിൽ ഉള്ളടക്കം ചെയ്തിരിക്കുന്നത്.

## പഠനനേട്ടങ്ങൾ

- സംഭാഷണങ്ങൾ, ചർച്ചകൾ എന്നിവയിൽ പങ്കെടുത്ത് ആശയങ്ങൾ പറഞ്ഞ് അവതരിപ്പിക്കുന്നു.
- പരിചിതമായ സംഭവങ്ങൾ, വസ്തുക്കൾ, വ്യക്തികൾ എന്നിവയെക്കുറിച്ച് വിവരണങ്ങൾ കേൾക്കുന്നു, പറയുന്നു, വായിക്കുന്നു, എഴുതുന്നു.
- കുട്ടിക്കവിതകൾ, നാടൻ പാട്ടുകൾ, വായ്ത്താരികൾ, കളിപ്പാട്ടുകൾ കേട്ടാസ്വദിക്കുകയും ഒറ്റയ്ക്കും കൂട്ടായും ഈണത്തിൽ ചൊല്ലുകയും ചെയ്യുന്നു.
- മലയാളം സിനിമാ ഗാനങ്ങൾ ആസ്വദിച്ച് ഒറ്റയ്ക്കും കൂട്ടായും ആലപിക്കുന്നു.

- കുട്ടിക്കവിതകൾ സമാന താളം കണ്ടെത്തി വരികൾ കൂട്ടിച്ചേർത്തു പാടുന്നു, എഴുതുന്നു.
- കഥാപാത്രങ്ങളായി സങ്കൽപ്പിച്ചുകൊണ്ട് സംഭാഷണങ്ങൾ ഭാവമാറ്റങ്ങളോടെ അവതരിപ്പിക്കുന്നു. പരിചിത കഥകളെ നാടകരൂപത്തിൽ അവതരിപ്പിക്കുന്നു.
- റോൾ പ്ലേ, മൂകാഭിനയം, ലഘുനാടകം എന്നിവയിൽ പങ്കാളികളാകുന്നു.
- നാട്ടറിവുകൾ, ചൊല്ലുകൾ, കടങ്കഥകൾ, ശൈലികൾ എന്നിവ ശേഖരിക്കുന്നു. പങ്കുവയ്ക്കുന്നു.
- സാധ്യതകൾക്കനുസരിച്ച് വിവിധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി എല്ലാവരുടെയും പങ്കാളിത്തത്തോടെ ഉത്സവങ്ങൾ/ആഘോഷങ്ങൾ, ദിനാചരണങ്ങൾ എന്നിവയിൽ (പരിസ്ഥിതി ദിനം, കർഷക ദിനം, കേരളപ്പിറവി, വായനദിനം, ബഷീർ ദിനം, ഓണം, വിഷു, ക്രിസ്തുമസ്, പിറന്നാൾ, റംസാൻ...) പങ്കാളിയാവുന്നു. ലഘു പതിപ്പുകൾ, അനുഭവക്കുറിപ്പുകൾ എന്നിവ തയാറാക്കുന്നു. (വാചികം, ലിഖിതം)

| ഊന്നൽ അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ഭാഷാവസ്തുതകൾ | വ്യവഹാര രൂപങ്ങൾ |
|---|---|
| അ, ശ, ഹ, ട, ദ<br>ത്ത, പ്പ,<br>ൊ, േ, ൊ–ാ | പാട്ട്, സംഭാഷണം,<br>കഥ (ചിത്രകഥ)<br>കുറിപ്പ്, കടങ്കഥ |

- കുട്ടികളുമായി സൗഹൃദ സംഭാഷണത്തിലേർപ്പെടുന്നു.
  - എന്തൊക്കെയാണ് നാം രാവിലെ കഴിക്കുന്നത്?
  - ഇഷ്ടമുള്ള പലഹാരങ്ങൾ ഏതൊക്കെയാണ്?
  - വീട്ടിലുണ്ടാക്കുന്നവയാണോ പുറത്തുനിന്നു വാങ്ങുന്നവയാണോ കൂടുതലിഷ്ടം?
  - എല്ലാവർക്കും പറയാൻ അവസരം നൽകുന്നു.
  - ഇഷ്ടമുള്ള പലഹാരങ്ങളെക്കുറിച്ച് അധ്യാപിക പറയുന്നു.

**അമ്മി**
**അടുപ്പ്**
**കലം**
**മിക്സർ/മിക്സി**
**ദോശ**
**ചട്ടുകം**
..........................
..........................

## പാഠഭാഗത്തേക്ക്

### ചിത്രവായന

- ചിത്രത്തിലെന്തെല്ലാം?

  ചിത്രം നോക്കി കുട്ടികൾ പറയുന്നത് അധ്യാപിക ചാർട്ടിലെഴുതുന്നു. അധ്യാപികയും കുട്ടികളും ചേർന്ന് വായിക്കുന്നു.

### വായിക്കാം കണ്ടെത്താം

- ആരാണ് വീട്ടിലേക്ക് ഓടിക്കയറിയത്?

  കുട്ടികൾ ഉമ എന്നു മാത്രം പറഞ്ഞാലും അധ്യാപിക പൂർണവാക്യത്തിൽ ഉറക്കെപ്പറഞ്ഞുകൊണ്ട് ബോർഡിൽ/ചാർട്ടിൽ എഴുതുന്നു.

ഉമ വീട്ടിലേക്ക് ഓടിക്കയറി

- അപ്പോൾ മുത്തശ്ശി എന്തുചെയ്യുകയായിരന്നു?

മുത്തശ്ശി ദോശ ചുടുകയായിരുന്നു.

- ഉമ എന്താണ് മുത്തശ്ശിയോട് ആവശ്യപ്പെട്ടത്?

എനിക്കൊരു ദോശ

- മുത്തശ്ശി എന്തു പറഞ്ഞു?

കൈ കഴുകി വന്നോളൂ.

- മുത്തശ്ശി എന്തൊക്കെ കൊടുക്കാമെന്നാണ് പറഞ്ഞത്?

ദോശയും കാപ്പിയും തരാം

ചാർട്ടിലെഴുതിയ ടെക്സ്റ്റ് കുട്ടികൾ ആവർത്തിച്ചു വായിക്കുന്നു. രണ്ടുപേരുള്ള ഗ്രൂപ്പിൽ വാക്യങ്ങൾ സ്ട്രിപ്പിലെഴുതി നൽകുന്നു.

- ടീച്ചർ നിർദേശിക്കുന്ന വാക്കുകൾ കുട്ടികൾ തൊട്ടുകാണിക്കുന്നു. ഉമ, ദോശ, കാപ്പി...
- പാഠഭാഗത്തിൽനിന്നും 'ശ' വരുന്ന വാക്കുകൾ കണ്ടെത്തി എഴുതുന്നു.
- മുത്തശ്ശി ഉമക്കുട്ടിക്ക് എന്തൊക്കെ കൊടുത്തു.

ദോശ കാപ്പി

........................ ....................


## ചിത്രം നോക്കിപ്പറയാം. എഴുതാം

അടുക്കളയിൽ എന്തൊക്കെയുണ്ട്? നേരത്തേ ചാർട്ടിലെഴുതിയ വാക്കുകൾ രണ്ടോ മൂന്നോ എങ്കിലും പാഠപുസ്തകത്തിൽ എഴുതട്ടെ.

## അക്ഷരചിത്രം

- ടെക്സ്റ്റ് ബുക്കിലെ അക്ഷര ചിത്രത്തിന് നിറം നൽകുന്നു.
- 'ശ' ഉപയോഗിച്ചുള്ള കൂടുതൽ അക്ഷര ചിത്രങ്ങൾ വരയ്ക്കട്ടെ.

സ്വതന്ത്ര രചനയ്ക്ക് ശേഷം അധ്യാപിക മാതൃകകൾ കാണിച്ചുകൊടുക്കാം.



## വായിക്കാം

സംഭാഷണ ഭാഗം അധ്യാപിക വായിച്ചുകൊടുക്കുന്നു. 'റ' വരുന്ന ഏതൊക്കെ വാക്കുകൾ? പാഠഭാഗത്തുനിന്നും കണ്ടെത്തി എഴുതട്ടെ. ഇതുപോലെ 'പ', 'വ' എന്നീ അക്ഷരങ്ങൾ വരുന്നവയും കണ്ടെത്തട്ടെ.

മുത്തശ്ശിയും ഉമയുമായി അഭിനയിച്ച് സംഭാഷണം അവതരിപ്പിക്കട്ടെ.

## കടങ്കഥകൾ

കടങ്കഥകൾ ഓരോന്നായി വായിച്ചുകൊടുക്കുന്നു. ഒന്നാമത്തേതിന്റെ ഉത്തരമായി വരുന്ന ചിത്രവുമായി യോജിപ്പിച്ചുവരയ്ക്കട്ടെ. ഇങ്ങനെ ഓരോ കടങ്കഥയും വായിച്ചുകൊടുത്ത് ഉത്തരമായി വരുന്ന ചിത്രങ്ങളുമായി വരച്ച് യോജിപ്പിക്കട്ടെ.

1. അമ്മിയും കുട്ടിയും 2. കിണ്ടി 3. ചൂൽ 4. പപ്പടം

കൂടുതൽ കടങ്കഥകൾ ശേഖരിച്ച് ക്ലാസിൽ മത്സരമായി നടത്താം.

പാഠപുസ്തകത്തിലെ ദോശയെക്കുറിച്ചുള്ള കടങ്കഥ പാട്ട് അധ്യാപിക കുട്ടികളും ചേർന്ന് പാടുന്നു.

ചില ദോശപ്പാട്ടുകൾ പരിചയപ്പെടുത്തുന്നു.

*ശീ.... ശൂ.... രണ്ടോച്ച*
*എടുത്തു നോക്കീ നൂറോട്ട*

കുട്ടികൾക്ക് ഇഷ്ടമുള്ള പലഹാരങ്ങളെക്കുറിച്ച് കടങ്കഥപ്പാട്ടുകൾ പാടുന്നു.

*കുളിക്കാൻ പോകുമ്പോൾ വെളുത്തിട്ട്*
*കുളിച്ചുവരുമ്പോൾ ചുവന്നിട്ട്*

(നെയ്യപ്പം)

*പുളിയിലപോലെ കുറിയൊരു വസ്തു*
*ഇടിയേറ്റിടിയേറ്റിങ്ങനെയായി*

(അവിൽ)

*രുചിയുള്ളൊരു വള*
*തുളയുള്ളൊരു വള*
*കയ്യിലിടാനാകില്ല*
*നാവിനുചേരുമതെന്നാലും*

(ഉഴുന്നുവട)

## പലഹാരപ്പാട്ടുകൾ

കൂടുതൽ പാട്ടുകൾ അവതരിപ്പിക്കാം.

- *ഹയ്യടാ എന്തൊരു നെയ്യപ്പം*
  *കണ്ടാൽ അയ്യട കൊതിയപ്പം*
  *ഹയ്യോ പൊള്ളും ചൂടപ്പം*
  *പയ്യെ തിന്നാം നെയ്യപ്പം*

- *പരിപ്പുവട പക്കുവട*
  *നമ്മുടെ വായിൽ ചടപടാ*
  *അച്ചപ്പം കുഴലപ്പം*
  *നമ്മുടെ വായിൽ ഊത്തപ്പം*

- *സൂര്യനുദിച്ചു ചിരിക്കുന്നു*
  *കോഴിയുറക്കെ കൂകുന്നു*
  *ചായ വിളിച്ചു കോവാലാ*
  *ദോശ വിളിച്ചു കോവാലാ*
  *ചായേം ദോശേം ചേർന്നു വിളിച്ചു*
  *കോവാലാ.... കോവാലാ....*

പലഹാരപ്പാട്ടുകൾ ശേഖരിച്ചു പതിപ്പാക്കാനും പൊതു അവതരണത്തിനും അധ്യാപിക നിർദേശിക്കുന്നു.

## പാഠഭാഗം വായന

(മുത്തശ്ശീ .......................... കുശാൽ)

മുൻപു നൽകിയ ഗ്രാഫിക് വായനയുടെ പ്രക്രിയ പാലിച്ച് പാഠഭാഗം അവതരിപ്പിക്കുന്നു.

- ഉമ മുത്തശ്ശിയോട് എന്താണ് ചോദിച്ചത്?

  | മുത്തശ്ശീ ഇന്നെന്താ വിശേഷം? |
  |---|

- മുത്തശ്ശിയുടെ മറുപടി എന്താണ്?

  | ഇന്ന് അപ്പൂപ്പന്റെ പിറന്നാളാണ്. |
  |---|

- ഉമക്കുട്ടി എന്താണ് വീണ്ടും ചോദിച്ചത്?

  | സദ്യയില്ലേ ? |
  |---|

- മുത്തശ്ശി എന്തു പറഞ്ഞു?

  | ഉണ്ടല്ലോ. കേമമാക്കാം |
  |---|

- എല്ലാം കേട്ടിട്ട് ഉമക്കുട്ടി പറഞ്ഞതെന്താ?

  | ഇന്നത്തെ ദിവസം കുശാൽ |
  |---|

ചാർട്ടിലെഴുതിയത് അധ്യാപികയും കുട്ടികളും കൂടി വായിക്കുന്നു. വാക്കുകൾ, അക്ഷരങ്ങൾ ഇവ തിരിച്ചറിയുന്നു. സ്ട്രിപ്പിലെഴുതിയ ഭാഗം കുട്ടികൾക്ക് നൽകുന്നു. കുട്ടികൾ സ്വയം വായിക്കുന്നു. അധ്യാപിക നിർദേശിക്കുന്ന അക്ഷരങ്ങൾക്കു നിറം നൽകുന്നു. അതുൾപ്പെടുന്ന വാക്കുകൾ നോട്ടുബുക്കിലെഴുതുന്നു.

മുത്തശ്ശി, സദ്യ, വിശേഷം, അപ്പൂപ്പൻ, പിറന്നാൾ, ഊണ്.

'അ' എന്ന അക്ഷരത്തിന് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾ ചാർട്ടിൽ എഴുതി അവതരിപ്പിക്കണം.

| |
|---|
| അപ്പൂപ്പൻ ഊണിന് ഇരുന്നു. |
| അമ്മൂമ്മ അച്ചാർ വിളമ്പി. |
| "അവിയലിന് നല്ല രുചി" - രവി പറഞ്ഞു. |
| "അടപ്രഥമൻ അടിപൊളി" |
| എല്ലാവരും മുത്തശ്ശിയെ അഭിനന്ദിച്ചു. |

'അ' വരുന്ന വാക്കുകൾ കണ്ടെത്തട്ടെ. അറിയാവുന്ന കൂടുതൽ വാക്കുകൾ പറയട്ടെ. എഴുതട്ടെ.

കുട്ടികളെ വിവിധ ഭക്ഷണവുമായി ബന്ധപ്പെട്ട സിനിമാഗാനങ്ങൾ കേൾപ്പിക്കുന്നു.

*അയലാ പൊരിച്ചതുണ്ട്*
*കരിമീൻ വറുത്തതുണ്ട്*
*കുടമ്പുളിയിട്ടുവച്ച*
*നല്ല ചെമ്മീൻ കറിയുണ്ട്*

- ദോശ നല്ലൊരു ദോശ വേണോ?
  (*ചിത്രം:* കമ്മത്ത് & കമ്മത്ത്)
- പരിപ്പുവട.... പക്കുവട....
  (*ചിത്രം:* സ്നേഹയമുന)

അധ്യാപികയും കുട്ടികളും ചേർന്നു പാടുന്നു.

### പാഠഭാഗത്തേക്ക്

*(നെയ്യിൽ .................. മോരുണ്ട്.)*

അറിയാവുന്ന പലഹാരങ്ങളുടെ പേര് പറയുന്നു. പാഠപുസ്തകം പൂരിപ്പിക്കുന്നു. കൂട്ടിച്ചേർക്കുന്നു. ഏറ്റവും കൂടുതൽ പലഹാരങ്ങളുടെ പേരെഴുതിയ കുട്ടികളെ കണ്ടെത്തുന്നു.

- അധ്യാപിക നിർമിച്ച പലഹാരക്കൂടയിലെന്തെല്ലാം?

'ടീച്ചർ വെർഷൻ' അവതരിപ്പിക്കുന്നു. പലഹാരങ്ങളുടെ പേരെഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.

കുട്ടികൾ നോട്ടുബുക്കിൽ മെച്ചപ്പെടുത്തി എഴുതുന്നു.

### സദ്യയുടെ വിഭവങ്ങൾ

കവിതയിൽനിന്നു കണ്ടെത്തി എഴുതുന്നു.

പാഠപുസ്തകത്തിലെ പദസൂര്യൻ പൂർത്തിയാക്കുന്നു.

### വാക്യങ്ങൾ ഉണ്ടാക്കാം (പ്രവർത്തനം ടി.ബി.)

എത്ര വാക്യങ്ങൾ ഉണ്ടാക്കാം. പരമാവധി വാക്യങ്ങൾ നോട്ടുബുക്കിൽ എഴുതട്ടെ. തുടർന്ന് പാഠപുസ്തകത്തിൽ നാല് വാക്യങ്ങൾ എഴുതുന്നു.

അധ്യാപികയുടെ വിലയിരുത്തൽ.

### പാടി രസിക്കാം

പാഠപുസ്തകത്തിലെ ദോശ, പുട്ട് എന്നിവയെക്കുറിച്ചുള്ള പാട്ടുകൾ അവതരിപ്പിക്കുന്നു. ഇതുപോലെ മറ്റ് പലഹാരങ്ങളെക്കുറിച്ച് പാട്ടുകൾ ഉണ്ടാക്കാമോ?

### ചിത്രകഥ

(അപ്പൂപ്പാ .................... ഉണ്ടാക്കാം)

കടയിലെന്തെല്ലാം? ചിത്രം നോക്കി പറയാമോ?

അധ്യാപിക പാഠഭാഗം വായിച്ചവതരിപ്പിക്കുന്നു.

ഉമ അപ്പൂപ്പനോട് എന്താണ് ആവശ്യപ്പെട്ടത്?

അപ്പൂപ്പൻ എന്ത് മറുപടി പറഞ്ഞു?

### എത്ര പദങ്ങൾ?

| | | |
|---|---|---|
| | പ | |
| | ല | |
| ആ | ഹാ | രം |
| | ത | |

| | | |
|---|---|---|
| പലഹാരം | ലത | ഹാരം |
| ആഹാരം | പത | ആരം |
| തരം | തല | ആഹാ |
| പലതരം | ആല | |

'ഹ' എന്ന അക്ഷരം ആവർത്തിക്കുന്ന പദങ്ങൾ.

| | |
|---|---|
| ദാഹം | മോഹനൻ |
| മോഹം | സിംഹം |
| ഹരി | വാഹനം |
| ഹായ് | ഹൽവ |

ഹാരം

......................................

......................................

......................................

ഹരി ഹൽവ തിന്നു
വല്ലാത്ത ദാഹം

### ചർച്ച

കടയിൽനിന്നു വാങ്ങുന്നതാണോ വീട്ടിലുണ്ടാക്കി കഴിക്കുന്നതാണോ നിങ്ങൾക്കിഷ്ടം?

കുട്ടികളുടെ പ്രതികരണം.

മുത്തശ്ശി എന്താവും ഉമയ്ക്ക് ഉണ്ടാക്കിക്കൊടുത്തത്?

### പാഠഭാഗം വായന (പ്രക്രിയ)

(എന്താ ........ അടയുണ്ടാക്കാം)

മുത്തശ്ശി ഉണ്ടാക്കി നൽകിയ വിഭവങ്ങൾ പാഠപുസ്തകത്തിൽ എഴുതുന്നു.

നമുക്കും ഒരു പലഹാരമുണ്ടാക്കിയാലോ? പൊതു ചർച്ച.

എല്ലാവർക്കും നൽകാൻ വേണ്ടി അവൽ കുഴച്ചത്/അനുയോജ്യമായ മറ്റെന്തെങ്കിലും വിഭവം ക്ലാസിൽ ഉണ്ടാക്കുന്നു.

### പ്രക്രിയ

അവൽ നനച്ച് തേങ്ങ ചിരകിയത്, ശർക്കര, ഏലക്ക, നിലക്കടല എന്നിവ ചേർത്ത് കുഴച്ചെടുത്ത് കുട്ടികൾക്കു നൽകുന്നു.

അവൽ നനച്ചത് - ഘട്ടങ്ങൾ ചാർട്ടിലെഴുതുന്നു. കുട്ടികൾ അന്വേഷിച്ചു കണ്ടെത്തിയ ചില പാചകക്കുറിപ്പുകൾ ക്ലാസിൽ പങ്കിടുന്നു. രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ ഈ പ്രവർത്തനം ചെയ്യാൻ ശ്രമിക്കുമല്ലോ.

പാഠപുസ്തകത്തിലെ (അരി....... ഉണ്ടയാക്കി)

### ചിത്രം നോക്കി എഴുതാം

െ, േ..... എന്നീ ചിഹ്നങ്ങൾക്കുള്ള പ്രവർത്തനമാണിത്. ചിത്രം നോക്കി കുട്ടികൾ അവയുടെ പേരെഴുതട്ടെ.

| **െ** | **േ** |
|---|---|
| കെട്ടി | കേരളം |
| വെടി | തേൾ |
| ചെണ്ട | വേണ്ട |
| വെണ്ട | തേൻ |
| വെള്ളി | തേക്ക് |
| തെറ്റി | ചേര |
| മെഴുക് | വേര് |

കെട്ടു കെട്ടി
വെടി വെച്ചു.

ചേര ചെടിയിൽ കയറി
ചേച്ചി കല്ലെറിഞ്ഞു.
ചേര വേഗത്തിൽ ഓടി

'ൊ-ാ' ചിഹ്നത്തിന് ഊന്നൽ നൽകാൻ ഇവിടെ ശ്രദ്ധിക്കണം. പൊടി പൊടിച്ചു. ഈ ചിഹ്നം വരുന്ന മറ്റു വാക്കുകൾ പറയട്ടെ. കൊടി, തൊടി, പൊട്ട്.... കൂടാതെ 'ട' എന്ന അക്ഷരത്തിന് ഊന്നൽ നൽകി അവതരിപ്പിക്കണം. അട, വട, കട, പൊടി, പൊടിച്ചു, കൊടി, തൊടി, മുടി....

## ചേർത്തുപറയാം

'ഉം' എന്നു ചേർത്ത് പറയുകയും എഴുതുകയും ചെയ്യാനുള്ള പ്രവർത്തനമാണിത്. കൂടുതൽ വാക്കുകൾ ഉപയോഗിച്ച് പറയട്ടെ.

| | |
|---|---|
| ഉമയും രവിയും | ആനയും ആമയും |
| മേശയും കസേരയും | അടയും വടയും |

## യോജിച്ച പദം ചേർക്കൽ

'ദ' എന്ന അക്ഷരത്തിന് ഊന്നൽ നൽകുന്ന പ്രവർത്തനമാണിത്. ബ്രാക്കറ്റിൽ കൊടുത്ത പദങ്ങൾ ചാർട്ടിൽ/ബോർഡിൽ എഴുതി വായിക്കട്ടെ. ചോദ്യം, ദീപം എന്നിവയല്ലാതെ മറ്റേതെങ്കിലും പദം ചേർക്കാൻ സാധ്യതയുണ്ടോ?

## വായിക്കാം

'ദ' വരുന്ന വാക്കുകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. വേദന, പാദം, ആമോദം, ദിനം, കദളി, മുദ്ര. സൂര്യൻ ഉദിച്ചു. ദീപ കദളിപ്പഴം തിന്നു.

ചില അടുക്കള ഉപകരണങ്ങൾക്കുള്ള കടങ്കഥകൾ ടീച്ചർ അവതരിപ്പിക്കുന്നു.

*വാലുപിടിക്കുമ്പോൾ വാ തുറക്കും.*
*ചൂടുള്ളതെല്ലാം ചെന്നെടുക്കും*

(കൊടിൽ)

*നോബു തിരിച്ചാലാളിക്കത്തും*
*നീല നിറത്തിൽ ജ്വലിച്ചുനിൽക്കും*

(ഗ്യാസ് സ്റ്റൗ)

കൂടുതൽ അടുക്കള ഉപകരണങ്ങളുടെ കടങ്കഥകൾ കുട്ടികൾ കണ്ടെത്തട്ടെ. ക്ലാസിലും വാചികമായി രൂപീകരിക്കാം.

## എനിക്കു കഴിയും

- ഏതെങ്കിലും ആഹാരം ഉണ്ടാക്കുന്ന രീതി പറയുകയും എഴുതുകയും ചെയ്യാൻ എത്രപേർക്ക് കഴിയുന്നുണ്ട്? വിലയിരുത്തട്ടെ.

- 'ശ' യിൽ അവസാനിക്കുന്ന പദങ്ങൾ കണ്ടെത്തി എഴുതൽ.

  പദങ്ങൾ വായിക്കാനും എഴുതാനുമുള്ള കഴിവ് കുട്ടികൾക്കുണ്ടോ എന്നാണ് വിലയിരുത്തേണ്ടത്.

- ഈ പദങ്ങളോട് മറ്റു പദങ്ങൾ ചേർത്ത് വാക്യങ്ങൾ രൂപീകരിക്കട്ടെ.
  - കീശയിൽ കാശ് ഉണ്ട്.
  - മീശ പിരിച്ചു.
  - ആശ ദോശ തിന്നു.

### വായിച്ചു കേൾക്കാം

'മ്യാവൂ... ങ്യാവൂ' എന്ന കഥ വായിച്ചുകൊടുക്കുന്നു. കഥ കുട്ടികൾ പറയട്ടെ.



ഇതൾ 4

# കറുമ്പിയുടെ കുറുമ്പ്

## ആമുഖം

'വീടും പരിസരവും' എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി നാലാമത്തെ ഇതളാണ് കറുമ്പിയുടെ കുറുമ്പ്. വളർത്തുജീവികൾ, അടുക്കളത്തോട്ടത്തിലെ പഴങ്ങൾ, പച്ചക്കറികൾ, എന്നീ ആശയങ്ങൾ ഉൾപ്പെടുന്നതാണ് ഈ ഇതൾ.

## പഠനനേട്ടങ്ങൾ

- സംഭാഷണം, ചർച്ച എന്നിവയിൽ പങ്കെടുത്ത് ആശയം അവതരിപ്പിക്കുന്നു.
- പരിചിത വസ്തുക്കളെക്കുറിച്ച് വിവരണങ്ങൾ കേൾക്കുന്നു. പറയുന്നു. വായിക്കുന്നു. എഴുതുന്നു.
- കഥാപാത്രങ്ങളായി സങ്കൽപ്പിച്ചുകൊണ്ട് സംഭാഷണങ്ങൾ അവതരിപ്പിക്കുന്നു.

| ഊന്നൽ അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ഭാഷാവസ്തുതകൾ | വ്യവഹാര രൂപങ്ങൾ |
|---|---|
| ആ, എ, ഒ, ഓ, ഔ,<br>ഗ, ർ, ൽ,<br>ബ, റ്റ, ശ്ശ, േ-ാ | ആഖ്യാനം, കഥ,<br>കവിത, സംഭാഷണം,<br>ലഘുവിവരണം |

## പ്രവർത്തനങ്ങൾ

കുട്ടികളോട് അന്ന് കഴിച്ച ഭക്ഷണത്തെക്കുറിച്ച് ചോദിക്കുന്നു.

- ഏതാണ് ഏറ്റവും ഇഷ്ടപ്പെട്ട ഭക്ഷണം.
- ഇഷ്ടപ്പെട്ട പഴങ്ങൾ ഏതാണ്?

പച്ചക്കറികളും പഴങ്ങളും വീട്ടിൽ കൃഷിചെയ്യുന്നുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം എന്നിങ്ങനെയുള്ള കുശലപ്രശ്നങ്ങളിലൂടെ ആരംഭിക്കാം.

ഉമ മുത്തശ്ശന്റെയും മുത്തശ്ശിയുടെയും കൂടെ നടക്കാനിറങ്ങി. മുറ്റം കടന്ന് തോട്ടത്തിലൂടെ ചുറ്റി നടന്നു.

എന്തൊക്കെയാവും പച്ചക്കറിത്തോട്ടത്തിൽ കണ്ടിട്ടുണ്ടാവുക.

കുട്ടികൾ ഊഹിച്ചു പറയുന്നു. അധ്യാപിക കുട്ടികൾ പറയുന്നത് ചാർട്ടിൽ (ബോർഡിൽ) എഴുതുന്നു.

- കാരറ്റ്
- മത്തങ്ങ
- ...................

തുടർന്ന് പുസ്തകം പരിശോധിക്കാൻ അവസരം. പുസ്തകത്തിലെ ചിത്രം പരിശോധിച്ച് തിരിച്ചറിഞ്ഞ പച്ചക്കറികൾ പറയാൻ ആവശ്യപ്പെടുന്നു.

കുട്ടികൾ തിരിച്ചറിയുന്ന പച്ചക്കറികളുടെ പേരുകളും ചാർട്ടിൽ ലിസ്റ്റ് ചെയ്യുന്നു.

- കുമ്പളം
- വെള്ളരി
- പയർ
- ................

ലഭ്യമായ പച്ചക്കറികൾ, ഇലക്കറികൾ ഇവ ക്ലാസിൽ പരിചയപ്പെടുത്താവുന്നതാണ്. കറുമ്പിയുടെ കുറുമ്പ് എന്ന ഭാഗം അധ്യാപിക വായിക്കുന്നു. പാഠപുസ്തകത്തിലുള്ള പച്ചക്കറികളുടെ പേരുകൾ വായിക്കുന്നു. പുസ്തകത്തിൽ കാണിച്ചവ മാത്രം ചെറിയ കടലാസു കഷണങ്ങളിൽ എഴുതിയത് മേശപ്പുറത്ത് നിരത്തി വയ്ക്കുന്നു.

അധ്യാപിക ചില പച്ചക്കറികളുടെ പേരുകൾ പറയുന്നു. കുട്ടികൾ മേശപ്പുറത്ത് നിരത്തിവച്ച പേപ്പറുകളിൽനിന്നും ടീച്ചർ പറയുന്ന പച്ചക്കറിയുടെ പേര് തെരഞ്ഞെടുക്കുന്നു.

ഉമയും പട്ടവും എങ്ങനെയാണ് നടന്നത്?

ഒപ്പം നടന്നു

തോട്ടത്തിൽ ഒരു പച്ചക്കറി മാത്രമാണോ ഉള്ളത്?

ഒത്തിരി പച്ചക്കറികൾ ഉണ്ട്

ഉമയും പട്ടവും ആദ്യം എവിടേക്കാണ് ഇറങ്ങിയത്?

മുറ്റത്തേക്ക് ഇറങ്ങി

എന്നിട്ട് എന്തുചെയ്തു?

തോട്ടത്തിലൂടെ ചുറ്റി നടന്നു.

## പാടി രസിക്കാം

*ഒത്തുപിടിച്ചോളിൻ*
*നമ്മൾ ഒന്നായ് നിന്നോളിൻ*
*അക്കരെയിക്കരെയെല്ലാം നോക്കി*
*കണ്ടു വളർന്നോളിൻ*
*ഓലേഞ്ഞാലിക്കിളിയോടൊപ്പം*
*ഒത്തുപറന്നോളിൻ*
*ഒത്തിരി ഒത്തിരി ഒത്തിരി കാര്യം*
*കണ്ടു പഠിച്ചോളിൻ*

കവിത താളമടിച്ച് പാടാം. ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കാം. 'ഒ' വരുന്ന വാക്കുകൾ കുട്ടികൾ കണ്ടെത്തട്ടെ.

## പദതമ്പോല

അധ്യാപിക 'ഒ' എന്ന അക്ഷരം ബോർഡിൽ എഴുതുന്നു. അടുത്ത അക്ഷരം ഒരു കുട്ടിക്ക് പറയാം. പറയുന്ന അക്ഷരം ചേരുമ്പോൾ അത് അർഥമുള്ള വാക്കായി മാറുകയും വേണം.

*ഉദാ:* ഒ - ച്ച

അടുത്ത കുട്ടി ഇത് ഒരു വാക്യമാക്കി മാറ്റണം.

*ഉദാ:* ഒച്ച വച്ചു

തുടർന്ന് അടുത്ത കുട്ടി 'ഒ' എന്ന അക്ഷരം വച്ച് പുതിയ വാക്കുണ്ടാക്കണം. 'ഒ', 'ഓ'.... എന്നിങ്ങനെ അക്ഷരങ്ങൾ മാറി മാറി ഉപയോഗിക്കാം. എല്ലാവർക്കും അവസരം ലഭിക്കണം. ഉണ്ടാക്കുന്ന വാക്കുകളും വാക്യങ്ങളും കുട്ടികൾ എഴുതണം.

## എത്ര 'റ്റ'

മഴ പറ്റെ നിന്നുപോയാൽ പുഴ വറ്റിപ്പോകും. പിന്നെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. മുറ്റത്തെ മഴവെള്ളം എവിടേക്കും മാറ്റാതെ അവിടെത്തന്നെ വറ്റിക്കോട്ടെ.

ഇതിൽ 'റ്റ' വരുന്ന വാക്കുകൾ വായിക്കുകയും എഴുതുകയും വേണം.

'ഔ' എന്ന അക്ഷരം ഈ പാഠഭാഗത്ത് അവതരിപ്പിക്കുന്നുണ്ട്. ഇതിന് കൂടുതൽ തെളിവു കിട്ടുന്ന തരത്തിൽ വാക്കുകളും വാക്യങ്ങളും കുട്ടികളെ പരിചയപ്പെടുത്തണം.

*ഉദാ:* ഔസേപ്പിന് ദീനം വന്നു.
ഔഷധം വാങ്ങി
രണ്ട് ഔൺസ് വീതം കഴിക്കണം
ഔസേപ്പ് ഔഷധം കഴിച്ചു
ദീനം മാറി

## വായിക്കാം

ഔചിത്യം, ഔന്നത്യം, ഔദാര്യം, ഔപചാരികം, ഔദ്യോഗികം.

## പഴം പച്ചക്കറി – കളി

കുട്ടികളെ വട്ടത്തിൽ നിർത്തുന്നു. ഒരാൾ തലയിൽ കുട്ടയുമായി പഴം പച്ചക്കറി എന്ന് വിളിച്ചുപറഞ്ഞ് വിൽപ്പനക്കാരന്റെ രീതിയിൽ ചുറ്റും നടക്കുന്നു. ടീച്ചർ ഒരു പേരു പറയും. പഴത്തിന്റെ പേരാണെങ്കിൽ കുട്ടികൾ ഒരു സ്റ്റെപ്പ് മുന്നോട്ടു ചാടണം. പച്ചക്കറിയുടെ പേരാണെങ്കിൽ ഒരു സ്റ്റെപ്പ് പിന്നോട്ട് ചാടണം.

തെറ്റി ചാടിയവരെ കളത്തിനുള്ളിൽ നിർത്തുന്നു. കച്ചവടക്കാരനായി നടക്കാൻ അനുവദിക്കുന്നു.

## ചിത്രം വരയ്ക്കാം

പരിചിത പച്ചക്കറികളുടെ ചിത്രങ്ങൾ വരച്ച് നിറം കൊടുക്കൽ. കട്ടൗട്ട് പച്ചക്കറി ചിത്രം.

## തോട്ടത്തിൽ ആരൊക്കെ?

കുട്ടികൾക്ക് ഇഷ്ടമുള്ള പൂക്കൾ ഏതാണെന്ന് ചോദിക്കുന്നു. വീട്ടിൽ/പരിസരത്ത് കാണാവുന്ന പൂക്കൾ ഏതെല്ലാമായിരിക്കും. പൂവിൽ തേൻ കുടിക്കാൻ വരുന്നവർ ആരൊക്കെ? കുട്ടികൾ ഊഹിച്ച് പറയുന്നു. അധ്യാപിക ബോർഡിൽ എഴുതുന്നു.

അധ്യാപിക കുട്ടികളുടെ ശ്രദ്ധ പാഠപുസ്തകത്തിലെ ചിത്രത്തിലേക്ക് ക്ഷണിക്കുന്നു. ചിത്രത്തിൽ ആരെല്ലാമാണ്? എന്താണ് അവർ ഒത്തുകൂടാൻ കാരണം? കുട്ടികൾക്ക് പറയാൻ അവസരം. പേരുകൾ പറയുന്നു. എഴുതുന്നു. പുസ്തകത്തിൽ നൽകിയ ചിത്രങ്ങളും പേരുകളും വായിക്കുന്നു.

## കളിക്കാം കാക്ക പറ പറ

കുട്ടികളെ വട്ടത്തിൽ നിർത്തുന്നു. അധ്യാപിക ഒരു പക്ഷിയുടെ പേരു പറയുമ്പോൾ കുട്ടികൾ പക്ഷികൾ പറക്കുന്ന രീതിയിൽ കൈകൾ ചലിപ്പിക്കുന്നു. അധ്യാപിക തത്ത പറ പറ തത്ത പറപറ എന്നു പറയുമ്പോൾ കുട്ടികൾ കൈകൾ ചലിപ്പിക്കട്ടെ.

പക്ഷികളുടെ പേരുകൾ മാറ്റി പറയുന്നതിനിടയ്ക്ക് മൃഗങ്ങളുടെ പേരുകൾ ചേർത്ത് പറയുന്നു. ഉദാ: പൂച്ച പറപറ. അപ്പോൾ കുട്ടികൾ അനങ്ങാതെ നിൽക്കണം. തെറ്റിക്കുന്ന വരെ ഉള്ളിലേക്ക് നിർത്താം.

## പാടാം രസിക്കാം

മൃഗങ്ങളുടെ പേരുകൾ വരുന്ന പാട്ടുകൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.

*അമ്മുവിനുണ്ടൊരു പൂച്ചമ്മ*
*പമ്മിയിരിക്കും പൂച്ചമ്മ*
*എലിയെ കണ്ടാൽ പൂച്ചമ്മ*
*പുലിയായ് മാറും പൂച്ചമ്മ*

## വായിക്കാം. എഴുതാം

ജീവികളുടെ പേരുകൾ കടലാസ് സ്ലിപ്പുകളിൽ എഴുതി മേശപ്പുറത്തുവയ്ക്കുന്നു. അധ്യാപിക ചില ജീവികളുടെ ശബ്ദമുണ്ടാക്കുന്നു. അധ്യാപിക നിർദേശിക്കുന്നു. കുട്ടി വന്ന് ആ ജീവിയുടെ പേരെഴുതിയ സ്ലിപ്പുകൾ എടുക്കുന്നു. കിട്ടിയ പേര് ബോർഡിൽ എഴുതുന്നു. എല്ലാവരും ചേർന്ന് വായിക്കുന്നു. എല്ലാ കുട്ടികൾക്കും അവസരം ലഭിക്കണം.

## ജീവികൾ ഏതെല്ലാം

'ആ' യിൽ തുടങ്ങുന്ന ജീവികൾ ഏതെല്ലാം. കുട്ടികൾ പറയുന്നു. പറയുന്ന വാക്കുകൾ അധ്യാപിക ബോർഡിൽ എഴുതണം. ആന, ആമ, ആട്, ആറ്റക്കുരുവി. തുടർന്ന് 'ആ' യിൽ തുടങ്ങുന്ന പരമാവധി വാക്കുകൾ കണ്ടെത്തി എഴുതുന്ന പ്രവർത്തനം നടത്താം. ആദ്യം ഒറ്റയ്ക്ക് എഴുതുന്നു. തുടർന്ന് 3 പേർ അടങ്ങിയ ഗ്രൂപ്പിൽ പങ്കുവെയ്ക്കുന്നു. നിശ്ചിത സമയത്തിനുള്ളിൽ ഏറ്റവും കൂടുതൽ വാക്കുകൾ എഴുതിയ ഗ്രൂപ്പിനെ അഭിനന്ദിക്കുന്നു. അധ്യാപിക വാക്കുകൾ പൊതുവായി ബോർഡിൽ എഴുതുകയും വേണം.

ആണി, ആനി, ആടി, ആറി, ആവി, ആല, ആട, ആഭരണം, ആറ്, ആയിരം, ആരോമൽ, ആരതി.....

- ആട് - ആടുകൾ എന്നിങ്ങനെ കൂടുതൽ ജീവികളുടെ പേരുകൾ ചേർത്ത് വാക്കുകൾ ഉണ്ടാക്കാൻ അവസരം നൽകണം. ഒന്ന്/ഒന്നിൽ കൂടുതൽ ഇവ തമ്മിലുള്ള ഭാഷാപര മായ വ്യത്യാസം കുട്ടികൾക്ക് ബോധ്യപ്പെടണം. (ഏകവചനം/ബഹുവചനം)

## നേതാവിനെ കണ്ടെത്താം

പാഠപുസ്തകത്തിലെ കഥ ഭാവത്തോടെ കുട്ടികൾക്ക് വായിച്ചുകൊടുക്കുന്നു. ഓരോ പച്ചക്കറിയായി കുട്ടികൾ നേതാവാകാൻ വേണ്ട ഗുണവിശേഷങ്ങൾ പറയട്ടെ.

ഇതിനായി വിവിധ പച്ചക്കറികളുടെ പേരുകൾ എഴുതിയ കടലാസുകൾ എല്ലാവർക്കും വിതരണം ചെയ്യാം. (ചിത്രങ്ങൾ ചരടിൽ കോർത്ത് കഴുത്തിലിട്ടും അവതരിപ്പിക്കാം)

അല്ലെങ്കിൽ ഒരു പെട്ടിയിൽ ഇട്ട് ഓരോ കുട്ടിയും വന്ന് ഒരു സ്ലിപ്പ് എടുക്കുകയും അതിലെ പച്ചക്കറിയുടെ ഗുണവിശേഷങ്ങൾ പറയുന്ന രീതിയിലും പ്രവർത്തനം മാറ്റാം.

- മറ്റ് പച്ചക്കറികൾ എന്തു പറഞ്ഞുകാണും?
- ഒടുവിൽ നേതാവായത് ആരായിരിക്കും? എന്തുകൊണ്ട്?
- കഥയ്ക്ക് ഉചിതമായ തലക്കെട്ട് നൽകട്ടെ.

## പച്ചക്കറിയുടെ വിവരണം

അധ്യാപിക പറയുന്ന സവിശേഷതകളെ തിരിച്ചറിഞ്ഞ് ആ പച്ചക്കറിയുടെ പേരുകൾ ഉള്ള സ്ലിപ്പുകൾ കുട്ടികൾ കണ്ടെത്തുന്നു.

കുട്ടികൾ എടുത്ത പച്ചക്കറിയെ കുറിച്ച് വിവരണം പറയുന്നു.

## അധ്യാപികയ്ക്ക്

### വസ്തുവിവരണം നടത്തുമ്പോൾ

ബാഹ്യ സവിശേഷതകൾ ആവാം. ഗുണവിശേഷങ്ങൾ ആവാം. നോക്കിയാൽ കാണാത്ത സവിശേഷതകൾ കൂടി ചേർക്കണം. അനുഭവത്തെ ബന്ധിപ്പിക്കാം. തക്കാളിക്ക് പുളിരസം.

## 'ഗ' കണ്ടെത്താം

കഥ പൂർത്തിയാക്കാം എന്ന പാഠഭാഗത്ത് 'ഗ' വരുന്ന വാക്കുകൾ കണ്ടെത്തി നോട്ടു പുസ്തകത്തിൽ എഴുതണം.

'ഗ' വരുന്ന കൂടുതൽ പദങ്ങൾ മറ്റു വായനാ സാമഗ്രികളിൽ നിന്ന് കണ്ടെത്തുന്ന പ്രവർത്തനം നടത്താം.

ഗീത, ഗാനം, ഗംഗ, ഗരുഡൻ, ഗണപതി, ഗണിതം, ഗതാഗതം, ഗദ്യം.

*ആഖ്യാനം:* പാവം ജീവികൾ അവരുടെ കൂടെ അൽപ്പം നടക്കാം. പട്ടം ചാടിയിറങ്ങി. പൂച്ചയുടെയും പട്ടിയുടെയും കൂടെ നടന്നു.

കറമ്പി പശു ഇതുകണ്ടു. പട്ടം കണ്ട കറമ്പി അമ്പരന്നു. തുറിച്ചു നോക്കി. എന്നിട്ടോ?

കുട്ടികൾ പുസ്തകം നോക്കി കഥ സ്വന്തം വാക്യത്തിൽ പറയുന്നു. കുറച്ചുപേർക്ക് അവസരം നൽകാം. തുടർന്ന് അധ്യാപിക പാഠഭാഗം വായിച്ച് അവതരിപ്പിക്കുന്നു.

## വാക്കുകൾ ഉണ്ടാക്കാം

ർ

| | |
|---|---|
| ക | പ |
| വ | യ |
| അ | ഇ |

കയർ
പയർ
വയർ
അവർ ഇവർ

ൽ

| | |
|---|---|
| മു | വ |
| തു | യ |
| ക | പ |

തുകൽ
മുയൽ
വയൽ
പകൽ

ൺ

| | |
|---|---|
| ആ | പെ |
| തൂ | കൂ |
| ചാ | ബ |

ബൺ കൂൺ
ചാൺ തൂൺ
ആൺ
പെൺ

ൾ

| | |
|---|---|
| വാ | തേ |
| ആ | അ |
| വ | മോ |

മോൾ
ആൾ
അവൾ
വാൾ
തേൾ

ൻ

| | |
|---|---|
| അ | മീ |
| ഇ | തേ |
| മാ | വ |

മീൻ
മാൻ
തേൻ
ഇവൻ
അവൻ

## എനിക്കു കഴിയും

പറഞ്ഞത് എന്ത്?

പട്ടം തിരിച്ചുപോകുന്നു എന്ന സന്ദർഭം ടീച്ചർ അവതരിപ്പിക്കുന്നു. അപ്പോൾ ചങ്ങാതിമാരായ നായ, പൂച്ച ഇവരുടെ പ്രതികരണം പാഠഭാഗത്ത് നൽകിയിട്ടുണ്ട്. ഇത് വായിക്കുന്നു. പട്ടം എന്തായിരിക്കും മറുപടി പറഞ്ഞിട്ടുണ്ടാവുക?

3 പേർ ചേർന്ന് ഈ സന്ദർഭം ക്ലാസിൽ അവതരിപ്പിക്കുന്നു. (നായ, പൂച്ച, പട്ടം)

- പട്ടത്തിന്റെ മറുപടി ഓരോ സംഘവും അവതരിപ്പിക്കണം.

- വ്യത്യസ്ത മറുപടി ലഭിക്കാൻ ടീച്ചർ എങ്ങിനെ ഇടപെടും?
- എല്ലാവരും കയറിയാൽ ഞാൻ എങ്ങനെ പറക്കും?
- നിങ്ങൾ കയറിയാൽ നഖം കൊണ്ട് എന്നെ കീറില്ലേ?
- നിങ്ങൾ എവിടെ താമസിക്കും?
- ആകാശത്ത് ചുറ്റിക്കറങ്ങി താഴെയിറക്കാം.

പട്ടം പറഞ്ഞത് എന്ത് എന്നത് ഓരോരുത്തരും ഭാവനയ്ക്ക് അനുസരിച്ച് പാഠപുസ്തകത്തിൽ എഴുതണം.


- എത്രപേർക്ക് സ്വന്തമായി എഴുതാൻ കഴിയുന്നുണ്ട്?
- ഇനിയും മെച്ചപ്പെടേണ്ടവർ എത്രപേർ ഉണ്ട്?
- വ്യത്യസ്തമായ കണ്ടെത്തലുകൾ നടത്തിയവർ ഉണ്ടോ?

## വായിക്കാം. എഴുതാം

- തക്കാളിയുടെ വിവരണം വായിക്കുന്നു. പാവയ്ക്കയെ കുറിച്ച് സവിശേഷതകൾ ചേർത്ത് എഴുതുന്നു.
- മറ്റുള്ള വസ്തുക്കളെക്കുറിച്ചും ലഘുവിവരണം തയാറാക്കാൻ അവസരം നൽകണം (ബലൂൺ, ബസ്സ് ...).

## വായിച്ചുകേൾക്കാം

'വാലു കണ്ടേ' എന്ന കഥ ഉച്ചാരണ ശുദ്ധിയോടെ, ഭാവത്തോടെ മുഴുവൻ കേൾപ്പിക്കുന്നു. കേട്ട കഥ പറയാൻ കുട്ടിക്ക് അവസരം നൽകണം.



ഇതൾ 5

# പൂരം പൊടിപൂരം

## ആമുഖം

ഉത്സവം എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി നാലു ഇതളുകളാണ് ഈ യൂണിറ്റിലുള്ളത്. ആദ്യത്തെ ഇതളായ 'പൂരം പൊടിപൂര'ത്തിലൂടെ കേരളത്തിലെ നാട്ടിൻപുറത്തെ ഒരു ഉത്സവക്കാഴ്ചയാണ് അനുഭവവേദ്യമാക്കുന്നത്. ഓരോ പ്രാദേശിക ഉത്സവവും ആ പ്രദേശത്തെ ജനങ്ങളുടെ കൂട്ടായ്മയുടെ പ്രതിഫലനമാണ്. മതജാതിഭേദം കൂടാതെ നാട്ടുകാരെല്ലാം ഇതിൽ പങ്കാളികളാകുന്നു. കേരളത്തിന്റെ സംസ്കാരത്തിന്റേയും തനിമയുടേയും ഭാഗമാണിത്.

ഈ പാഠം വിനിമയം ചെയ്തുതീരുന്നതോടെ തെയ്യം, പടയണി, കുമ്മാട്ടി, കോൽക്കളി, ദഫ്മുട്ട്, മാർഗംകളി തുടങ്ങിയ പ്രാദേശിക കലകളേയും കുട്ടികൾ പരിചയപ്പെടണം.

## പഠനനേട്ടങ്ങൾ

- പരിചിതമായ സംഭവങ്ങൾ, വസ്തുക്കൾ, വ്യക്തികൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരണങ്ങൾ കേൾക്കുന്നു, പറയുന്നു, വായിക്കുന്നു, എഴുതുന്നു.
- മലയാള സിനിമാ ഗാനങ്ങൾ ആസ്വദിച്ച് ഒറ്റയ്ക്കും കൂട്ടായും ആലപിക്കുന്നു.

- നാട്ടറിവുകൾ, ചൊല്ലുകൾ, കടങ്കഥകൾ, ശൈലികൾ എന്നിവ ശേഖരിക്കുന്നു. പങ്കുവെക്കുന്നു.
- സാഹിത്യ സമാജങ്ങളിലും മലയാളി കൂട്ടായ്മകളിലും പാഠഭാഗങ്ങളുടെയും നൈസർഗിക കഴിവുകളുടെയും ആവിഷ്കാരം നടത്തുന്നു.
- കഥാപാത്രങ്ങളായി സങ്കൽപ്പിച്ചുകൊണ്ട് സംഭാഷണങ്ങൾ, ഭാവമാറ്റങ്ങളോടെ അവതരിപ്പിക്കുന്നു. പരിചിത കഥകളെ നാടക രൂപത്തിൽ അവതരിപ്പിക്കുന്നു.

| ഊന്നൽ അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ഭാഷാവസ്തുതകൾ | വ്യവഹാര രൂപങ്ങൾ |
|---|---|
| ഇ, ഈ, ഊ<br>ച<br>ഞ്ച, ത്സ | വിവരണം, സംഭാഷണം<br>അറിയിപ്പ്, പാട്ട്,<br>കഥ |

## സാമഗ്രികൾ

ചാർട്ട്, മാർക്കർ പെൻ, ചിത്രങ്ങൾ/ദൃശ്യങ്ങൾ (കലകൾ)

## സമയം

എട്ട് മണിക്കൂർ

## പ്രക്രിയ

- **ചിത്രവായന**

  ചിത്രത്തിൽ എന്തെല്ലാം കാണുന്നു? ആരെല്ലാമുണ്ട്?

  ചിത്രത്തിന്റെ സൂക്ഷ്മമായ വിശദാംശങ്ങൾ കണ്ടെത്തുന്ന വിധം ഉചിതമായ ചോദ്യങ്ങൾ അധ്യാപിക ചോദിക്കുന്നു. ഓണം, ക്രിസ്തുമസ്, പ്രാദേശിക ഉത്സവങ്ങൾ, സ്വാതന്ത്ര്യദിനാഘോഷം തുടങ്ങി വിവിധ ഉത്സവങ്ങളാണ് ചിത്രത്തിലുള്ളത്.

- **അനുഭവങ്ങൾ പങ്കുവയ്ക്കാം**

  പഠിതാവിന്റെ സ്വന്തം ഉത്സവാനുഭവങ്ങൾ സ്വതന്ത്രമായി പങ്കുവയ്ക്കാനുള്ള അവസരമാണ് അധ്യാപിക ഒരുക്കേണ്ടത്. കൂടെ അധ്യാപികയും സ്വന്തം അനുഭവം അവതരിപ്പിക്കുന്നു.

## പാഠവായന

ഉത്സവവുമായി ബന്ധപ്പെട്ട കുഞ്ചുവിന്റെ അനുഭവം നമുക്കു നോക്കാം. പാഠഭാഗത്തെ ചിത്രവുമായി ബന്ധപ്പെട്ട് ടീച്ചർ ചോദ്യങ്ങൾ ചോദിക്കുന്നു.

- ചിത്രത്തിൽ കാണുന്ന വാദ്യോപകരണങ്ങൾ ഏതെല്ലാം?

  തുടി, കുഴൽ

- പൂതത്തിന്റെ അലങ്കാരങ്ങൾ എന്തെല്ലാം?

  ചിലമ്പ്, പിച്ചളത്തോട, പണ്ടങ്ങൾ, അലുക്കുകളുള്ള കിരീടം

കൊട്ടുകേട്ടാണ് കുഞ്ചു ഉണർന്നത് മുതൽ താളം പിടിച്ചു വരെയുള്ള ഭാഗം ആശയാവതരണ രീതിയിൽ അവതരിപ്പിക്കുന്നു.

റ്റ, ഞ്ച, ട്ട എന്നീ കൂട്ടക്ഷരങ്ങളും കൊ, കോ, കു തുടങ്ങിയ സ്വരസ്പർശമുള്ള കൂട്ടക്ഷരങ്ങളും പരിചയപ്പെടുത്തുന്നു. അതിനായി എന്തൊക്കെ ചോദ്യങ്ങൾ ചോദിക്കാം.

*ഉദാ:* എങ്ങനെയാണ് കുഞ്ചു ഉമ്മറത്തെത്തിയത്?

| ഒറ്റയോട്ടത്തിന് ഉമ്മറത്തെത്തി |
|---|

മുറ്റം എങ്ങനെയുള്ളതാണ്?

| പഞ്ചാര മണൽവിരിച്ച മുറ്റം |
|---|

പാറ്റ, ഈറ്റ, കുറ്റം, തെറ്റ്, അറ്റം, മുറ്റം, കാറ്റ്, കൊറ്റി, പറ്റി, വറ്റി എന്നീ വാക്കുകൾ ടീച്ചർ ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നു. അതിൽ 'റ്റ' എന്ന അക്ഷരത്തിനു താഴെ കുട്ടികൾ വരയിടുന്നു.

വാക്യമുണ്ടാക്കാം

പാറ്റ പറന്നു, ഈറ്റമേൽ ഇരുന്നു.

ഇതുപോലെ മറ്റു വാക്കുകൾ ചേർത്ത് വാക്യങ്ങൾ ഉണ്ടാക്കുന്നു.
*ഉദാ:* കാറ്റടിച്ചു. കൊറ്റി മുറ്റത്തുനിന്നും പറന്നുപോയി.

..............................................................................

..............................................................................

..............................................................................

## എത്ര വാക്യങ്ങൾ ഉണ്ടാക്കാം

| | |
|---|---|
| തായമ്പക | തിടമ്പേറ്റി |
| വെടിക്കെട്ട് | ആടി തിമർത്തു |
| തിറയും പൂതനും | ആർത്തിരമ്പി |
| ആളുകൾ | കാതു തുളച്ചു |
| ആന | കൊട്ടിക്കയറി |

വലതുവശത്തെ കളത്തിലെ ഭാഷാപ്രയോഗങ്ങൾ പരിചയപ്പെടുത്തണം.

*ഉദാഹരണം:* തായമ്പക കൊട്ടിക്കയറി. വെടിക്കെട്ട് കാതു തുളച്ചു.

കുട്ടികൾ ഇത് അഭിനയിച്ചു കാണിക്കട്ടെ. ഇങ്ങനെ ഓരോ വാക്യം ഉണ്ടാക്കുമ്പോഴും ടീച്ചർ എഴുതിക്കാണിക്കുകയും കുട്ടികൾ അഭിനയിക്കുകയും വേണം.

## ഉത്സവങ്ങൾ, ഉത്സവങ്ങൾ

കേരളത്തിലെ എത്ര പ്രാദേശിക ഉത്സവങ്ങളെക്കുറിച്ച് നമുക്കറിയാം - ചർച്ച.

തൃശൂർ പൂരം, കൊണ്ടോട്ടി നേർച്ച, മലയാറ്റൂർ പെരുന്നാൾ ഇങ്ങനെയുള്ള പ്രാദേശിക ഉത്സവങ്ങളുടെ പേര് കുട്ടികൾ പറയുമ്പോൾ അധ്യാപിക ബോർഡിൽ എഴുതുന്നു. കുട്ടികൾ താമസിക്കുന്ന പ്രദേശങ്ങളിലെ ഉത്സവവും പരിഗണിക്കണം.

തുടർന്ന് നിങ്ങൾക്കറിയാവുന്ന ഉത്സവങ്ങളുടെ പേരെഴുതുക എന്ന പ്രവർത്തനം കുട്ടികൾ സ്വയം ചെയ്യുന്നു.

## കേട്ടുരസിക്കാം, കഥപറയാം

പൂതപ്പാട്ട്

കുട്ടികൾ പൂതപ്പാട്ട് കേട്ട് രസിക്കുന്നു. അധ്യാപിക ചോദ്യങ്ങളിലൂടെ കുട്ടികളിൽനിന്ന് കവിതയുടെ ആശയം ഉരുത്തിരിച്ചെടുക്കുന്നു.

കഥ എട്ടോ പത്തോ വാക്യങ്ങളിൽ സംഗ്രഹിച്ച് അധ്യാപിക ബോർഡിൽ എഴുതുന്നു. കുട്ടികൾ ഉറക്കെ വായിക്കുന്നു.

## പാടി രസിക്കാം

പാഠപുസ്തകത്തിലെ പൂതപ്പാട്ടിലെ വരികൾ കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് ചൊല്ലി അവതരിപ്പിക്കുന്നു.

ഏതു ഗ്രൂപ്പാണ് കൂടുതൽ നന്നായി ചൊല്ലിയത്?

ഏറ്റവും ഇഷ്ടപ്പെട്ട വരികൾ ഏത്?

കഥയിലെ ഇഷ്ടഭാഗങ്ങൾ അഭിനയിച്ചു കാണിക്കട്ടെ.

*ഉദാഹരണം:* നങ്ങേലി ഉണ്ണിക്ക് മാമു കൊടുക്കുന്നത്.

## പൂതത്തെക്കുറിച്ചെഴുതാം

ഈ പ്രവർത്തനം വ്യക്തി/വസ്തു/സ്ഥല വിവരണക്കുറിപ്പുകൾ തയാറാക്കാൻ ഉള്ള ആദ്യപടിയാണ്.

മെയ്യിൽ - അമ്പിളിപ്പൂങ്കല
കാതിൽ - പിച്ചളത്തോട
കഴുത്തിൽ - പണ്ടങ്ങൾ
തലയിൽ - ചായക്കിരീടം/കിരീടം

## ആനയെക്കുറിച്ച് പറയാം എഴുതാം

തൂണുപോലെ കാലുകൾ
മുറം പോലെ ചെവികൾ
ചൂലുപോലെ വാല്
പത്തായംപോലെ വയറ്

കുട്ടികൾ ആനയുടെ ചിത്രം പ്രദർശിപ്പിച്ച് കുട്ടികളോട് ചോദ്യങ്ങൾ ചോദിക്കണം.

- കാലുകൾ ഏതുപോലെ?
- ചെവികളോ?

### ഞാൻ കണ്ട ഉത്സവം

ഡയറിയുടെ ആദ്യരൂപം പരിചയപ്പെടുത്തുന്ന സന്ദർഭമാണിത്. സ്വന്തം അനുഭവങ്ങൾ ഡയറി എഴുത്തിലൂടെ മറ്റുള്ളവരുമായി പങ്കുവയ്ക്കുകയാണിവിടെ. ചാർട്ടിൽ എഴുതിയ ഭാഗം അധ്യാപിക വായിച്ചവതരിപ്പിക്കണം. വത്സലയുടെ ഡയറി വായിച്ച് എന്തൊക്കെ ചോദ്യങ്ങൾ ചോദിക്കാം. വായിച്ചുകേട്ട കാര്യത്തെക്കുറിച്ച് കുട്ടികൾ പരസ്പരം ചോദ്യ ങ്ങൾ ചോദിക്കട്ടെ. തുടർന്ന് ഇന്നലെ കുട്ടികളുടെ അനുഭവത്തിൽ നടന്ന കാര്യങ്ങൾ ക്രമമായി പറയാൻ അവസരം നൽകാം (രാവിലെ മുതൽ രാത്രി വരെ നടന്നവ).

### എത്രയെത്ര പ്രാദേശിക കലകൾ

ഇന്റർനെറ്റിന്റെ സഹായത്തോടെ കേരളത്തിലെ പ്രാദേശിക കലകൾ ടീച്ചർ പരിചയപ്പെടു ത്തുന്നു. തെയ്യം, പടയണി, കുമ്മാട്ടി, കോൽക്കളി, ദഫ്മുട്ട്, മാർഗംകളി, ചവിട്ടുകളി, കൈകൊട്ടിക്കളി, ഒപ്പന, ....... തുടങ്ങിയവ (ചിത്രങ്ങൾ കാണിച്ചും ആവാം).

കുട്ടികൾ താമസിക്കുന്ന പ്രദേശത്തെ പ്രാദേശിക കലകൾ അവർ ശേഖരിക്കട്ടെ. ആൽബം തയാറാക്കട്ടെ.

### വായിക്കാം എഴുതാം

*ഉത്സവമേളം കാണാൻ വത്സാ*
*ഉത്സാഹത്തോടോടി വരൂ*
*മത്സ്യകന്യക വന്നിട്ടുണ്ടേ*
*വത്സലയേയും കൂട്ടി വരൂ*

കവിതയിലെ 'ത്സ' വരുന്ന വാക്കുകൾ കുട്ടികൾ കണ്ടെത്തട്ടെ. എടുത്തെഴുതട്ടെ.

#### 'ത്സ' വരുന്ന എത്ര വാക്കുകൾ കണ്ടെത്താം

ഉത്സവം, ഉത്സാഹം, മത്സ്യം, മത്സരം, വത്സല, ചികിത്സ, വത്സൻ.
വിട്ടുപോയ അക്ഷരം പൂരിപ്പിക്കട്ടെ. ആലേഖന ക്രമം പരിചയപ്പെടുത്തണം.

### കുമ്മാട്ടിപ്പാട്ട്


പാഠഭാഗത്തിലെ കുമ്മാട്ടിപ്പാട്ട് കുട്ടികൾ ഗ്രൂപ്പുതിരിഞ്ഞ് ഈണം കണ്ടെത്തി അഭിനയിച്ച് അവതരിപ്പിക്കുന്നു. ഏറ്റവും നന്നായി അവതരിപ്പിച്ചവരെ അഭിനന്ദിക്കുന്നു.

കുമ്മാട്ടിപ്പാട്ടുകളും കുമ്മാട്ടി സിനിമയിലെ പാട്ടുകളും കേൾപ്പിക്കുന്നു.

### ചൊല്ലി രസിക്കാം

*കുഞ്ഞിയമ്മയ്ക്കഞ്ചു മക്കളാണേ*
*അഞ്ചാമൻ ഓമനക്കുഞ്ചുവാണേ*

*വഞ്ചിയിൽ പഞ്ചാരച്ചാക്കുവെച്ചു*
*തുഞ്ചത്തിരുന്നു തുഴഞ്ഞു കുഞ്ചു*
*പഞ്ചാര വിറ്റു നടന്നു കുഞ്ചു*
*പഞ്ചാര തിന്നു മടുത്തു കുഞ്ചു*
*ഇഞ്ചി കടിച്ചു രസിച്ചു കുഞ്ചു*
*പഞ്ചാരക്കുഞ്ചെന്നു പേരുവന്നു.*



### 'ഞ്ച' വരുന്ന വാക്കുകൾ എടുത്തെഴുതാമോ?

*ഉദാ:* കുഞ്ചിയമ്മ
അഞ്ച്
.........................

### വായിക്കാം

പാഠഭാഗത്തിലെ 'ഞ്ച' വരുന്ന വാക്കുകൾ കുട്ടികൾ സ്വയം വായിക്കുന്നു. എഴുതുന്നു.

കുഞ്ചു വഞ്ചി തുഴഞ്ഞു എന്ന് സ്വയം കണ്ടെത്തുന്നു. നോട്ടു ബുക്കിൽ വഞ്ചി തുഴയുന്ന കുഞ്ചുവിനെ വരയ്ക്കുന്നു. 'കുഞ്ചു വഞ്ചി തുഴഞ്ഞു' എന്ന് എഴുതുന്നു.

### കണ്ടെഴുത്ത്

അധ്യാപിക ബോർഡിൽ മഞ്ഞൾ, പഞ്ഞി, ഇലഞ്ഞി, ഊഞ്ഞാൽ, പറഞ്ഞു, മുറിഞ്ഞു എന്നീ വാക്കുകൾ എഴുതുന്നു. ക്രമം തെറ്റിച്ച് അധ്യാപിക ചുണ്ടുകളനക്കി ശബ്ദമില്ലാതെ ഉച്ചരിക്കുന്നു. അധരവായനയിലൂടെ കുട്ടികൾ വാക്കുകൾ ഊഹിച്ച് പറയുന്നു. ബോർഡിൽ നോക്കി ഉറപ്പുവരുത്തി എഴുതുന്നു.

### എനിക്കു കഴിയും

വിട്ടുപോയ അക്ഷരങ്ങൾ എഴുതിച്ചേർക്കട്ടെ. തുടർന്ന് അധ്യാപികയും കുട്ടികളും ചേർന്ന് താളത്തിൽ പാടട്ടെ.

ഉല ഊതി മറിച്ചു/പറത്തി.

കടലാസ് ഊതി പറത്തി/കളിച്ചു തുടങ്ങി യോജിച്ച വാക്കുകൾ കുട്ടികൾ കണ്ടെത്തി എഴുതട്ടെ.

### ചായകൾ പലതരം

- പാൽ ചായ
- വെള്ള ചായ
- ഏലക്ക ചായ
- മസാല ചായ
- ഇഞ്ചി ചായ

## വാക്കുകൾ ഉണ്ടാക്കാം

ആ
ന മ
ടി ണി

ട്ടി റ്റ
ഈ
ച്ച ണം

## വായിച്ചു കേൾക്കാം

പാഠഭാഗത്തെ ആനയുടെ അനുഭവകഥ ടീച്ചർ താളാത്മകമായി കുട്ടികളെ വായിച്ചുകേൾപ്പിക്കുന്നു.

കുട്ടിക്കൊമ്പന്റെ കണ്ണിൽ വെള്ളം നിറഞ്ഞതെന്തുകൊണ്ട്? ഇതുപോലെയുള്ള ചോദ്യങ്ങൾക്ക് കുട്ടികൾ ഉത്തരം നൽകുന്നു.

## ചൊല്ലി രസിക്കാം

ആ, ഈ എന്നീ അക്ഷരങ്ങൾക്ക് ആവർത്തനം ലഭിക്കുന്ന പാട്ടാണിത്.

*ആ വരുന്നതൊരാന*
*ഈ വരുന്നതൊരീച്ച*
*ആനയുമീച്ചയുമങ്ങനെയങ്ങനെ*
*അടുത്തടുത്തു വരുന്നു*
*ആനയ്ക്കുണ്ടോ പേടി*
*ഈച്ചയ്ക്കുണ്ടോ പേടി*
*ആന താഴെ പോയ്*
*ഈച്ച മേലെ പോയ്*

പാട്ടിൽ എത്ര ആനകളുണ്ട്? എത്ര ഈച്ചകളുണ്ട്? കുട്ടികൾ എണ്ണിനോക്കി പറയട്ടെ. ആന, ഈച്ച എന്നീ പദങ്ങൾ കുട്ടികൾ എടുത്തെഴുതട്ടെ.

- ഉത്സവവുമായി ബന്ധപ്പെട്ട ചലച്ചിത്ര ഗാനങ്ങൾ
  - മാർകഴിയിൽ മല്ലിക പൂത്താൽ
    മണ്ണാർക്കാട് പൂരം
  - നാദാപുരം പള്ളിയിലെ ചന്ദനക്കുടത്തിന്
    (തച്ചോളി അമ്പു - 1978 - യൂസഫലി കേച്ചേരി)
  - ഓമനക്കൈയിലൊലീവില കൊമ്പുമായ്
    ഓശാനപ്പെരുന്നാള് വന്നു.
  - ഇനി എന്തെല്ലാം പാട്ടുകൾ കണ്ടെത്താം:



ഇതൾ 6

# ഓണം പൊന്നോണം

## ആമുഖം

ഉത്സവങ്ങൾ എന്ന കേന്ദ്രപ്രമേയത്തിൽ ആഘോഷങ്ങൾ എന്ന ആശയം മുൻനിർത്തിയാണ് 'ഓണം പൊന്നോണം' എന്ന ഇതൾ വിരിയുന്നത്. വിവരണം, ക്ഷണക്കത്ത്, പോസ്റ്റർ, വിവിധതരം പാട്ടുകൾ (നാടൻ പാട്ട്, തിരുവാതിരപ്പാട്ട്), ഓണച്ചൊല്ലുകൾ എന്നീ വ്യവഹാര രൂപങ്ങൾ പരിചയപ്പെടുത്തുന്നുണ്ട്.

## പഠനനേട്ടങ്ങൾ

- പരിചിതമായ സംഭവങ്ങൾ, വസ്തുക്കൾ, വ്യക്തികൾ എന്നിവയെക്കുറിച്ചുള്ള വിവരണങ്ങൾ കേൾക്കുന്നു. പറയുന്നു. വായിക്കുന്നു. എഴുതുന്നു.
- സംഭാഷണം, ചർച്ച എന്നിവയിൽ പങ്കെടുത്ത് ആശയങ്ങൾ പറഞ്ഞ് അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ, നാടൻ പാട്ടുകൾ, വായ്ത്താരികൾ എന്നിവ ഒറ്റയ്ക്കും കൂട്ടായും ഈണത്തിൽ ചൊല്ലുന്നു.

| ഊന്നൽ അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ഭാഷാവസ്തുതകൾ | വ്യവഹാര രൂപങ്ങൾ |
|---|---|
| ഘ, ഭ, ഷ, ങ്ക, ണ<br>ൻ<br>.....ാം | സംഭാഷണം,<br>ക്ഷണക്കത്ത്, പാട്ട്,<br>വിവരണം |

## സാമഗ്രികൾ

മാവേലിയുടെ മെഴുകുകൊണ്ട് വരച്ച ചിത്രം, മഷി, സ്പോഞ്ച്, കളിഫോൺ/മൊബൈൽ ഫോൺ

## സമയം

8 മണിക്കൂർ

## പ്രക്രിയ

അധ്യാപിക മാവേലിയുടെ ചിത്രം പ്രദർശിപ്പിക്കുന്നു.

- ഇത് ആരുടെ ചിത്രമാണെന്നറിയാമോ? *അല്ലെങ്കിൽ*

  മാവേലിയുടെ ചിത്രം മെഴുകുകൊണ്ട് വരച്ച ഒരു ചാർട്ട് പ്രദർശിപ്പിക്കുന്നു. സ്പോഞ്ച് കഷണം മഷിയിൽ മുക്കി ചാർട്ടിൽ തേക്കുന്നു. മാവേലിയുടെ ചിത്രം തെളിഞ്ഞുവരുന്നു.
- ആരാണിത്? അറിയാമോ?

  മാവേലിയുടെ വേഷം കുട്ടികൾ വ്യക്തിവിവരണ രൂപത്തിൽ പറയട്ടെ. ചിത്രത്തിൽ കിരീടം, ഉത്തരീയം, ഓലക്കുട, തോൾവള, ആഭരണങ്ങൾ, വസ്ത്രം, മെതിയടി എന്നീ വിശദാംശങ്ങൾ ഉൾക്കൊള്ളുന്നതാവണം.
- ഓണാഘോഷത്തിൽ പങ്കെടുത്ത അനുഭവങ്ങൾ പറയട്ടെ.

  ഓണക്കോടി, പൂക്കളം, ഓണസദ്യ, ഓണക്കളികൾ എന്നിവയൊക്കെ ചർച്ചയിൽ വന്നിട്ടുണ്ടോ? ഇല്ലെങ്കിൽ അധ്യാപിക ലഘുചോദ്യങ്ങളിലൂടെ ചർച്ചയെ ശരിയായ ദിശയിലേക്ക് നയിക്കണം.

## പാഠഭാഗത്തേക്ക്

*ആഖ്യാനം:*

പങ്കജാക്ഷന്റെ കൊച്ചുമകനാണ് അഭി. അഭിയുടെ അച്ഛൻ രഘുനാഥന് ഡൽഹിയിലാണ് ജോലി. അമ്മ പിങ്കിയും അവിടെയാണ് ജോലി ചെയ്യുന്നത്. അഭി ഇടയ്ക്കിടെ മുത്തശ്ശിയെ ഫോണിൽ വിളിക്കും.

- എന്തായിരിക്കും ഫോണിൽ പറഞ്ഞിരിക്കുക?
- മൊബൈൽ ഫോൺ ഉപയോഗിച്ച് സംസാരിച്ച് അഭിനയിക്കട്ടെ.

നിങ്ങൾ പറഞ്ഞത് തന്നെയാണോ അവർ സംസാരിച്ചതെന്ന് നോക്കാം.

പാഠഭാഗം അവതരിപ്പിക്കുന്നു.

“അഭി വിളിച്ചിരുന്നു... മുത്തശ്ശൻ” - വരെയുള്ള ഭാഗം ഘട്ടം ഘട്ടമായി അവതരിപ്പിക്കുന്നു.

- അഭി മുത്തശ്ശിയോട് ഫോണിൽ എന്തായിരിക്കും തുടക്കത്തിൽ പറഞ്ഞിട്ടുണ്ടാവുക-ചർച്ച

## സംഭാഷണം

- മുത്തശ്ശിയും അഭിയും തമ്മിലുള്ള സംഭാഷണം എഴുതൂ.

അഭി : ഹലോ.... മുത്തശ്ശിയല്ലേ?

മുത്തശ്ശി : ഹായ് അഭിമോനേ...

അഭി : മുത്തശ്ശിക്ക് സുഖം തന്നെയല്ലേ?

............................................................................................................

ഇതുപോലെ കുട്ടികൾ സ്വന്തമായി എഴുതട്ടെ. എഴുതിയവ പരസ്പരം കൈമാറി വായിക്കട്ടെ.

*അഭിനയം:* മുത്തശ്ശിയും മുത്തശ്ശനും തമ്മിൽ പറഞ്ഞ കാര്യങ്ങൾ ചേർത്തുകൊണ്ട് അഭിനയിക്കൂ.

*ക്ഷണക്കത്ത്:* ഫോൺ സ്ക്രീനിൽ കാണുന്ന ഭാഗം ചാർട്ടിലെഴുതിയത് ടീച്ചർ പ്രദർശിപ്പിക്കുന്നു.

ക്ഷണക്കത്തിന്റെ ഘടന, ഉള്ളടക്കം എന്നിവ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിക്കണം.

- ആരെയൊക്കെയാണ് ക്ഷണിക്കുന്നത്? ആരാണ് ക്ഷണിക്കുന്നത്?
- ഓണാഘോഷത്തിന്റെ ഭാഗമായി എന്തൊക്കെ പരിപാടികളാണുള്ളത്?

## ഭാഷാപ്രയോഗങ്ങൾ

സ്നേഹപൂർവം - സ്നേഹത്തോടുകൂടി ദയാപൂർവം -

നന്ദിപൂർവം - ക്ഷമാപൂർവം -

ഇതുപോലെ 'പൂർവം' ചേർന്നുവരുന്ന വാക്കുകൾ കണ്ടെത്തി പറയട്ടെ.

*ആഖ്യാനം:*

മുത്തശ്ശനും മുത്തശ്ശിയും തീവണ്ടിയിലാണ് ഡൽഹിയിലേക്ക് പോയത്. രണ്ടുപേരുടെയും മനസ്സിൽ ഓണത്തെക്കുറിച്ചുള്ള ഓർമകളാണ്. തീവണ്ടിയിൽ ഇരുന്ന് മുത്തശ്ശി ഓണപ്പാട്ട് മൂളി.

*"മാവേലി നാടുവാണീടും കാലം...."*

അധ്യാപികയും കുട്ടികളും ചേർന്നുപാടുന്നു. കുട്ടികളെ ചെറു ഗ്രൂപ്പുകളാക്കുന്നു. ഓരോ ഗ്രൂപ്പിനും പാട്ടിന്റെ രണ്ടു വരികൾ വീതം നൽകുന്നു. ആദ്യ വരികൾ കിട്ടിയ ഗ്രൂപ്പ് ഈണത്തോടെ ചൊല്ലുന്നു. തുടർന്ന് അടുത്ത വരികൾ കിട്ടിയ ഗ്രൂപ്പ്.

- പാട്ടിൽ പരിചിതമല്ലാത്ത പദങ്ങൾ കണ്ടെത്തൽ

ആമോദം - സന്തോഷം ആധി - ദുഃഖം

വ്യാധി - രോഗം പൊളിവചനം - കളവ് പറയൽ

നേരിട്ട് അർഥം വിശദീകരിക്കുകയല്ല. സന്ദർഭങ്ങൾ വെച്ച് അർഥം ഊഹിച്ചു പറയാനുള്ള അവസരവും നൽകണം.

*ഉദാ:* അമ്മാവൻ നാട്ടിൽ വരുന്നുവെന്ന് അറിഞ്ഞപ്പോൾ അനഘ ആമോദത്താൽ തുള്ളിച്ചാടി.

- 'അഭിയും അച്ഛനും............. ഘോഷയാത്ര നീങ്ങി' - എന്ന ഭാഗം അവതരിപ്പിക്കുന്നു. 'ഷ', 'ങ്ക' എന്നീ അക്ഷരങ്ങൾക്ക് ഊന്നൽ നൽകാൻ ശ്രദ്ധിക്കണം.

## വായിക്കാം

| | | |
|---|---|---|
| സ്റ്റേഷൻ | മഷി | ശിങ്കാരിമേളം |
| വേഷം | ഷാരോൺ | പിങ്കി |
| ഘോഷയാത്ര | ഷീല | എങ്കിൽ |
| വിഷമം | വിഷം | പങ്കായം |
| കഷായം | ഭാഷ | പങ്ക |
| മുഷിഞ്ഞു | കൃഷി | തിങ്കൾ |
| | | സങ്കടം പങ്കജാക്ഷൻ |

ഹാഷിമിന്റെ ഷർട്ടിൽ മഷി വീണു. അവൻ മുഷിഞ്ഞ വേഷം മാറ്റി.

ഷീല ചീര കൃഷി ചെയ്തു. പുഴുക്കൾ ചീരയില തിന്നു. ഷീലയ്ക്കു സങ്കടം വന്നു. "പുകയില കഷായം തളിച്ചാൽ മതി" - ഷാരോൺ പറഞ്ഞു.

- എവിടെയാണ് എല്ലാവരും ഒത്തുകൂടിയത്?
- ഘോഷയാത്രയിൽ എന്തൊക്കെ?
- മാവേലി വേഷം കെട്ടിയതാര്?

ഘോഷയാത്രയിൽ എന്തൊക്കെ എന്ന് എഴുതട്ടെ.

| | |
|---|---|
| മുത്തുക്കുടകൾ | കൊടിക്കൂറകൾ |
| പുലിവേഷക്കാർ | ശിങ്കാരിമേളം |

- മുത്തുക്കുടയ്ക്ക് നിറം നൽകാം.
  കുട്ടികൾ ഇഷ്ടാനുസരണം നിറം നൽകുന്നു. എല്ലാവരുടെയും ചിത്രം പ്രദർശിപ്പിക്കുന്നു. പരസ്പരം വിലയിരുത്തുന്നു.
- 'ഘോഷയാത്ര കഴിഞ്ഞു.... വിളിച്ചുപറഞ്ഞു' വരെയുള്ള പാഠഭാഗം അവതരിപ്പിക്കുന്നു.
  'ൻ' എന്ന ചില്ലക്ഷരത്തിന് ഊന്നൽ നൽകണം.
- പാഠഭാഗത്ത് 'ൻ' എവിടെയൊക്കെയുണ്ട്? അടിയിൽ വരയിടട്ടെ.

| | | |
|---|---|---|
| മുത്തശ്ശൻ | നാടൻപാട്ട് | കാണാൻ |
| സ്റ്റേഷൻ | പങ്കജാക്ഷൻ | |

**മറ്റു പദങ്ങൾ**

| | | | |
|---|---|---|---|
| അവൻ | വരാൻ | മാൻ | പറയാൻ |
| മീൻ | കേൾക്കാൻ | ഗോപൻ | ഉറങ്ങാൻ |

ഈ വാക്കുകൾ ചേർത്ത് ലഘുവാക്യങ്ങൾ നിർമ്മിക്കട്ടെ.

*ഉദാ:* ഗോപൻ മീൻ വാങ്ങാൻ പോയി.

## അനുബന്ധം

**പൂപ്പൊലി പാട്ടുകൾ**

പണ്ടുകാലത്ത് കുട്ടികൾ പൂപറിക്കാൻ പോകുമ്പോൾ പാടിയിരുന്ന നിരവധി പാട്ടുകൾ പ്രചാരത്തിലുണ്ട്. അവയിൽ ചിലത് പരിചയപ്പെടാനും പാടാനും അവസരം ഉണ്ടാവണം.

*പൂവായ പൂവെല്ലാം പിള്ളേരറുത്തു*
*പൂവാംകുരുന്നില ഞാനുമറുത്തു*
*പിള്ളേരുടെ പൂവൊക്കെ കത്തിക്കരിഞ്ഞു*
*എന്നുടെ പൂവൊക്കെ മിന്നിത്തെളിഞ്ഞു*
*പൂവേ പൊലി പൂവേ പൊലി പൂവേ പൊലി പൂവേ*

ഇന്നും സജീവമായി നിൽക്കുന്ന കലാരൂപമാണ് തിരുവാതിരക്കളി. സിനിമകളിലും കലോത്സവങ്ങളിലും തിരുവാതിരക്കളി പരിചയപ്പെടാൻ അവസരമുണ്ട്.

തിരുവാതിരക്കളിയിൽ കളിക്കൊപ്പം പാട്ടിനും പ്രാധാന്യമുണ്ട്.

**ഓണപ്പാട്ടുകൾ**

- മുത്തശ്ശൻ പാടിയ നാടൻപാട്ട് ടീച്ചറും കുട്ടികളും ചേർന്ന് പാടട്ടെ.
- കൂടുതൽ പൂപ്പൊലി പാട്ടുകൾ അനുബന്ധമായി നൽകിയിട്ടുണ്ട്. അവ പാടി രസിക്കുകയും ഓണാഘോഷ പരിപാടികളിൽ ആലപിക്കുകയും ചെയ്യട്ടെ.

'തിരുവാതിരക്കളി തുടങ്ങാം..... ചുവടുവെച്ചു' എന്ന ഭാഗം വരെ അവതരിപ്പിക്കുന്നു.

തിരുവാതിരക്കളി തുടങ്ങാം

'ാം' എന്ന ചിഹ്നം വരുന്ന പദങ്ങൾ പറയട്ടെ.

പറയാം, ഉറങ്ങാം, നടക്കാം, ചാടാം, എടുക്കാം,
എഴുതാം, പാടാം, ഓടാം, ഉടുക്കാം, കളിക്കാം

കൂടുതൽ ഉദാഹരണങ്ങൾ കുട്ടികൾ കണ്ടെത്തി പറയട്ടെ/എഴുതട്ടെ.

ഈ വാക്കുകൾ വരുന്ന വാക്യങ്ങൾ എഴുതട്ടെ.

ഉദാ: നമുക്ക് കടങ്കഥ പറഞ്ഞു കളിക്കാം. ആദ്യം ഞാൻ പറയാം.


- **വാക്കിന്റെ രൂപം മാറ്റാം**

  കുട്ടികൾ രണ്ടു ഗ്രൂപ്പാകുന്നു. ഒരു ഗ്രൂപ്പ് 'കളിക്കും' എന്ന് പറയുമ്പോൾ മറ്റേ ഗ്രൂപ്പ് 'കളിക്കാം' എന്ന് മാറ്റി പറയണം. മറ്റ് പദങ്ങൾ ഉപയോഗിച്ച് കളി ആവർത്തിക്കുന്നു.

- പാഠഭാഗത്തിൽനിന്നും 'ണ' എന്ന അക്ഷരം വരുന്ന വാക്കുകൾ കണ്ടെത്തി എഴുതട്ടെ.

| | | |
|---|---|---|
| ഇത്തവണ | ക്ഷണക്കത്ത് | ക്ഷണിക്കുന്നു |
| ഓണാഘോഷം | ക്ഷണിച്ചു | വാണീടും |
| ഓണം | ഓണസദ്യ | ബാലമരണങ്ങൾ |
| ഫോണിൽ | ഓണപ്പാട്ട് | വർണശബളമായ |

- നിങ്ങൾക്കറിയാവുന്ന മറ്റുപദങ്ങൾ എന്തൊക്കെ?




| | |
|---|---|
| കാണണം | മണി |
| വരണം | ആണി |
| ചാണകം | തുണി |
| ഗുണനം | കണി |
| | പണി |

– പദങ്ങൾ ചേർത്ത് വാക്യങ്ങൾ നിർമിക്കട്ടെ.

തിരുവാതിരപ്പാട്ടിലെ പദങ്ങൾ കണ്ടല്ലോ.

- **ണ്ണ** ഉണ്ണി
  കണ്ണൻ

**മറ്റ് പദങ്ങൾ**

| | | | |
|---|---|---|---|
| വണ്ണം | മണ്ണ് | തണ്ണിമത്തൻ | മണ്ണപ്പം |
| ഉണ്ണാം | കണ്ണ് | ചുണ്ണാമ്പ് | വെണ്ണ |

ഉണ്ണി മണ്ണ് കുഴച്ചു. മണ്ണപ്പം ചുട്ടു. കണ്ണൻ വെണ്ണ തിന്നു.

- ഓണവുമായി ബന്ധപ്പെട്ട സിനിമാഗാനങ്ങൾ ശേഖരിക്കൂ. ക്ലാസിൽ അവതരിപ്പിക്കൂ. ഒരെണ്ണം അനുബന്ധമായി നൽകിയിട്ടുണ്ട്. ക്യൂ.ആർ. കോഡും നൽകിയിട്ടുണ്ട്.

## കഥ പൂർത്തിയാക്കാം

'ഞ' എന്ന അക്ഷരത്തിന് ആവർത്തനം ലഭിക്കുന്ന തരത്തിലുള്ള കഥാഭാഗം വായിക്കുന്നു. ഏതൊക്കെ വാക്കുകൾ? കണ്ടെത്തൂ.

| | | |
|---|---|---|
| ഞായർ | ഞാവൽ | ഞങ്ങൾ |
| ഞരക്കം | ഞാൻ | |

കഥാഭാഗം വായിച്ചല്ലോ. ആരുടെ ഞരക്കമായിരിക്കും കേട്ടത്? പിന്നീട് എന്തായിരിക്കും ഉണ്ടായത്? പുതിയ കഥാപാത്രങ്ങളെ ചേർത്ത് ഓരോരുത്തരും സ്വന്തം കഥ വികസിപ്പിക്കട്ടെ. അവ നോട്ടുപുസ്തകത്തിൽ എഴുതി അവതരിപ്പിക്കട്ടെ. അവതരണങ്ങളെക്കുറിച്ച് മറ്റു കുട്ടികൾ ചർച്ച ചെയ്യട്ടെ. കഥ മെച്ചപ്പെടുത്തി പാഠപുസ്തകത്തിൽ എഴുതട്ടെ. ടീച്ചറും കഥ പൂർത്തിയാക്കി അവതരിപ്പിക്കുമല്ലോ.

*ഒരു ഉദാഹരണം:* ഇടവഴിയിലെ ഞണ്ടിന്റെ മാളം. കൊറ്റി പിടിക്കാൻ ചെന്നു. ഞണ്ട് കഴുത്തിൽ ഇറുക്കി. കൊറ്റി ഞരങ്ങുന്നു. കൂട്ടുകാരെ വിളിച്ചു. ഞണ്ടിന്റെ പിടി വിടുവിച്ചു. കൊറ്റി പറന്നുപോയി.

- ഓരോ കുട്ടിയുടെയും കഥകൾ ചേർത്ത് ഒരു കഥാപ്പതിപ്പ് തയ്യാറാക്കൂ.
- 'ഓണം' എന്ന വാക്ക് ചേർത്ത് എത്ര പദങ്ങളുണ്ടാക്കാം.

| | | | |
|---|---|---|---|
| ഓണക്കോടി | ഓണസദ്യ | ഓണക്കളികൾ | ഓണത്തുമ്പി |
| ഓണപ്പൂക്കളം | ഓണാഘോഷം | ഓണപ്പാട്ട് | |
| ഓണച്ചൊല്ലുകൾ | ഓണനിലാവ് | ഓണവെയിൽ | |

- ആർക്കാണ് ഏറ്റവും കൂടുതൽ പദങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞത്. ഗ്രൂപ്പുകൾ തമ്മിൽ മത്സരമായി നടത്താം.
- **ഓണച്ചൊല്ലുകൾ**
  ഓണവുമായി ബന്ധപ്പെട്ട് ഒട്ടേറെ പഴഞ്ചൊല്ലുകളുണ്ട്.
  അവ പരിചയപ്പെടുത്താൻ ഈ സന്ദർഭം പ്രയോജനപ്പെടുത്താം.
  ചില ഉദാഹരണങ്ങൾ ഇതാ...
  - അത്തം കറുത്താൽ ഓണം വെളുക്കും
  - അത്തം പത്തോണം
  - ഓണത്തിരക്കിനിടയ്ക്കാണോ പുട്ടുകച്ചവടം?

### എനിക്കു കഴിയും

- വായിക്കാം എഴുതാം

| | | | |
|---|---|---|---|
| **ഘ** | ആഘോഷം | രാഘവൻ | ................................... |
| | ഘോഷയാത്ര | അനഘ | ................................... |

പദങ്ങൾ വരുന്ന വാക്യങ്ങൾ എഴുതൽ

### ഡയറി

ഇന്നലെ നടന്ന സംഭവങ്ങൾ ഉൾപ്പെടുത്തി ഒരു ഡയറി എഴുതാനുള്ള അവസരമാണിത്. കഴിഞ്ഞദിവസം രാവിലെ മുതൽ നടന്ന സംഭവങ്ങൾ ക്രമമായി ഓർമിക്കാനും പറയാനും എഴുതാനും കഴിയണം.

ഡയറിയുടെ ഘടനയിൽ എന്തൊക്കെ വരണം?

- തീയതിയും ദിവസവും
- സംഭവങ്ങളുടെ ക്രമം
- പ്രധാന സംഭവങ്ങളുടെ പരാമർശം
- ആത്മാംശം കലർന്ന ഭാഷ
- സംഭവങ്ങളോട് തനിക്കുള്ള വികാരം/നിലപാട്
- 

ഇവ കുട്ടികളുടെ നിലവാരമനുസരിച്ച് എഴുത്തിൽ പ്രതിഫലിച്ചാൽ മതിയാകും.

### വായിക്കാം

ബ, ഭ, ങ്ക എന്നീ അക്ഷരങ്ങൾ ആവർത്തിച്ചു വരുന്ന വായനാ സാമഗ്രിയാണ് നൽകിയിരിക്കുന്നത്. സ്വതന്ത്രമായി അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് വായിക്കാൻ കഴിയാത്തവരുണ്ടെങ്കിൽ അവ സ്വായത്തമാക്കാനുള്ള പ്രക്രിയയിലൂടെ അവതരിപ്പിക്കണം.

### വാക്യങ്ങൾ എഴുതാം

പങ്ക, മങ്ക എന്നീ പദങ്ങൾ ചേർത്ത് വ്യത്യസ്തമായ വാക്യങ്ങൾ രചിക്കാനും അവ പങ്കുവയ്ക്കാനും അവസരം നൽകാം.

### വായിച്ചു രസിക്കാം

ശ, ഷ എന്നീ അക്ഷരങ്ങളുടെ ഉച്ചാരണ വ്യത്യാസം തിരിച്ചറിയുന്ന വായനാസാമഗ്രിയാണിത്. ഉറക്കെ വായിച്ച് അവതരിപ്പിക്കാൻ അവസരം നൽകണം.

### പാടിരസിക്കാം

പി. കുഞ്ഞിരാമൻ നായരുടെ ഓണക്കവിത പാടി രസിക്കട്ടെ.
ഓണപ്പാട്ടുകൾ ശേഖരിച്ച് പതിപ്പാക്കൂ.

### ഓണപ്പാട്ടുകൾ

(1) ചന്തത്തിൽ മുറ്റവും ചെത്തിപ്പറിച്ചീല
എന്തെന്റെ മാവേലി ഓണം വന്നു
ചന്തയ്ക്ക് പോയീലാ നേന്ത്രക്കാ വാങ്ങീല

എന്തെന്റെ മാവേലി ഓണം വന്നു.
അമ്മാവൻ വന്നീല സമ്മാനം തന്നീലാ
എന്തെന്റെ മാവേലി ഓണം വന്നു
അച്ഛനും വന്നീല ആടകൾ തന്നീല
എന്തെന്റെ മാവേലി ഓണം വന്നു

(2) ഓണത്തപ്പാ കുടവയറാ
നാളെപ്പിറ്റേ തിരുവോണം
തിരുവോണക്കറിയെന്തെല്ലാം
ചേനത്തണ്ടും ചെറുപയറും
ചിരട്ടപൊട്ടിച്ചുപ്പേരീം

(3) അത്തം ചെറുവിരലിൽ
തിത്തകമാവേലി
ചിത്തിരയണിവിരലിൽ
എത്തുക മാവേലി
ചോതി വിശാഖത്തിൽ
ചോറും ചെറുപയറും
അനിഴം കേട്ടയ്ക്ക്
അരിപറ മാവേലി
മൂലം പൂരാടം
ആലേലൂഞ്ഞാല്
പിന്നെയൊരുത്രാടം
വന്നു തിരുവോണം.

## പൂപ്പൊലിപ്പാട്ടുകൾ

(1) അങ്ങേക്കര ഇങ്ങേക്കര
കണ്ണാന്തളി മുറ്റത്തൊരാലു മുളച്ചൂ
ആലിന്റെ കൊമ്പത്തൊരുണ്ണി പിറന്നു
ഉണ്ണിക്ക് കൊട്ടാനും
ഉണ്ണിക്ക് പാടാനും
തുടിയും തുടിക്കോലും
പറയും പറക്കോലും
പൂവേ പൂവേ പൊലി പൂവേ


(2) തുമ്പപ്പൂവേ പൂത്തിരളേ
നാളേക്കൊരു വട്ടി പൂ തരണേ
ആക്കില ഈക്കില ഇളംകൊടി പൂക്കില
പിന്നെ ഞാനെങ്ങനെ പൂ തരേണ്ടൂ
കാക്കപ്പൂവേ പൂത്തിരളേ
നാളേക്കൊരു വട്ടി പൂ തരണേ
ആക്കില ഈക്കില ഇളംകൊടി പൂക്കില
പിന്നെ ഞാനെങ്ങനെ പൂ തരേണ്ടൂ

## സിനിമാഗാനം

(1) മാവേലി വാണൊരു കാലം
മറക്കുകില്ലാ മറക്കുകില്ലാ
മറക്കുകില്ലാ മലയാളം
കള്ളമില്ലാ ചതിയില്ലാ
കണ്ണുനീരില്ലാ കണ്ണുനീരില്ലാ - അന്ന്
കനകം മൂലം കാമിനി മൂലം
കലഹങ്ങളുമില്ലാ.... കലഹങ്ങളുമില്ലാ...
(മാവേലി....)

ധനവും ധാന്യവുമൊരുപോലെ
മനുഷ്യരൊരുപോലെ... മനുഷ്യരൊരുപോലെ - അന്ന്
പൊന്നുകായ്ക്കും കേരളത്തിൽ
എന്നും തിരുവോണം... എന്നും തിരുവോണം.

*രചന:* വയലാർ. *ചിത്രം:* കുറ്റവാളി



ഇതൾ 7

# സ്വാതന്ത്ര്യം തന്നെ അമൃതം

## ആമുഖം

ഉത്സവം എന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയാണ് ഏഴാമത്തെ ഇതളായ 'സ്വാതന്ത്ര്യം തന്നെ അമൃതം' അവതരിപ്പിക്കുന്നത്. വിവരണം, നോട്ടീസ്, കവിത (വരികൾ കൂട്ടിച്ചേർക്കൽ), കഥ എന്നീ വ്യവഹാരരൂപങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പഠനനേട്ടങ്ങൾ

- സംഭാഷണം, ചർച്ച എന്നിവയിൽ പങ്കെടുത്ത് ആശയങ്ങൾ പറഞ്ഞ് അവതരിപ്പിക്കുന്നു.
- പരിചിതമായ സംഭവങ്ങൾ, വസ്തുക്കൾ, വ്യക്തികൾ തുടങ്ങിയവയെക്കുറിച്ച് വിവരണങ്ങൾ കേൾക്കുന്നു. പറയുന്നു. വായിക്കുന്നു. എഴുതുന്നു.
- കുട്ടിക്കവിതകൾ, നാടൻ പാട്ടുകൾ, വായ്ത്താരികൾ, കളിപ്പാട്ടുകൾ എന്നിവ കേട്ടാസ്വദിക്കുകയും ഒറ്റയ്ക്കും കൂട്ടായും ഈണത്തിൽ ചൊല്ലുകയും ചെയ്യുന്നു.
- കുട്ടിക്കവിതകൾ സമാനതാളം കണ്ടെത്തി വരികൾ കൂട്ടിച്ചേർത്തു പാടുന്നു. എഴുതുന്നു. സ്വതന്ത്രമായി കുട്ടികൾ അവതരിപ്പിക്കുന്നു.
- കേരളത്തിലെയും മറുനാട്ടിലെയും നവോത്ഥാന നായകരുടെ ചിത്രങ്ങളും സംഭാവന കളും ശേഖരിച്ച് പതിപ്പുകൾ രൂപപ്പെടുത്തുന്നു.
- സാധ്യതകൾക്കനുസരിച്ച് വിവിധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി എല്ലാവരുടെയും പങ്കാളിത്തത്തോടെ ഉത്സവങ്ങൾ/ആഘോഷങ്ങൾ, ദിനാചരണങ്ങൾ എന്നിവയിൽ പങ്കാളിയാവുന്നു. ലഘുപത്രികകൾ, അനുഭവക്കുറിപ്പുകൾ എന്നിവ തയാറാക്കുന്നു.

| ഊന്നൽ അക്ഷരങ്ങൾ,<br>ചിഹ്നങ്ങൾ, ഭാഷാവസ്തുതകൾ | വ്യവഹാര രൂപങ്ങൾ |
|---|---|
| എ, ഏ, സ, ജ<br>ന്ദ, ന്ത, ന്ധ<br>ൈ... | കഥ, പാട്ട്, വിവരണം,<br>നോട്ടീസ്/പോസ്റ്റർ,<br>കടങ്കഥ |

### പ്രക്രിയ

അധ്യാപിക കുട്ടികളുമായി സൗഹൃദ സംഭാഷണത്തിലേർപ്പെടുന്നു. വളർത്തുമൃഗങ്ങൾ, പക്ഷികൾ എന്നിവയെക്കുറിച്ച് പറയുന്നു.

കൂട്ടിനകത്തടയ്ക്കുമ്പോൾ അവയ്ക്ക് എന്താണു തോന്നുക?

നമ്മെ ആരെങ്കിലും കൂട്ടിലടച്ചാലോ?

കുട്ടികൾ പ്രതികരിക്കുന്നു.

പാഠപുസ്തകത്തിലെ കവിത ചാർട്ടിലെഴുതി കുട്ടികളും ടീച്ചറും ചേർന്ന് ചൊല്ലുന്നു.

(നിറപറയും ........... പുലരി)

ഇന്ത്യയുടെ സ്വാതന്ത്ര്യദിനം എന്നാണ്?

കുട്ടികളുടെ പ്രതികരണം ചാർട്ടിൽ എഴുതുന്നു.

ആഗസ്റ്റ് 15

### പാഠഭാഗം വായന

(ഇന്നാണ് ആഗസ്റ്റ് 15 ............ ആഘോഷം) - പാഠഭാഗം ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

വ്യക്തിഗത വായന

പ്രധാന പദങ്ങൾ അടിവരയിടുന്നു.

തിരിച്ചറിഞ്ഞ പദങ്ങൾ നോട്ടുബുക്കിൽ എഴുതുന്നു.

ഗ്രൂപ്പുതല വായനയിലേക്ക്

ഗ്രൂപ്പിൽ വായന സഹായത്തിന് അധ്യാപികയുടെ ഇടപെടൽ

### എന്തൊക്കെയാവും സ്വാതന്ത്ര്യദിനാഘോഷത്തിൽ ഉണ്ടാവുക?

- കുട്ടികൾ പറയുന്നത് ടീച്ചർ ചാർട്ടിൽ എഴുതുന്നു.
- ചില കുട്ടികൾക്ക് വായിക്കാനവസരം
- ഇനിയുമെന്തൊക്കെ പരിപാടികളാവാം?
- കുട്ടികൾ വ്യക്തിഗതമായി എഴുതുന്നു.
- ഗ്രൂപ്പിൽ മെച്ചപ്പെടുത്തുന്നു.
- അവതരണം
- ടീച്ചർ വെർഷൻ അവതരണം
- പൊതുവായി എഡിറ്റ് ചെയ്യുന്നു
- കുട്ടികൾ മെച്ചപ്പെടുത്തി എഴുതുന്നു.

സ്വാതന്ത്ര്യദിനാഘോഷത്തിന് ദേശീയ പതാക ഉയർത്തും. ദേശീയ ഗാനം ആലപിക്കും. സ്വാതന്ത്ര്യ ദിനസന്ദേശം നൽകും. വിവിധ കലാപരിപാടികൾ നടത്തും. മധുരം വിതരണം ചെയ്യും. കൊടിതോരണ ങ്ങളാൽ പരിസരം അലങ്കരിക്കും.

പാഠപുസ്തകത്തിലെ ദേശീയ പതാകയ്ക്ക് നിറം നൽകുന്നു.

വിവിധ രാജ്യങ്ങളിലെ ദേശീയ പതാകകൾ ചേർത്ത് ആൽബം നിർമിക്കുന്നു.

### പാഠഭാഗം വായന

(സമീറ ....... വന്ദിച്ചു)

പ്രധാനപ്പെട്ട പദങ്ങൾ കണ്ടെത്തി എഴുതുന്നു.

സ പാഠഭാഗത്ത് എവിടെയെല്ലാം ആവർത്തിച്ചുവരുന്നുണ്ട്? കണ്ടെത്തട്ടെ.
'സ' വരുന്ന കൂടുതൽ പദങ്ങൾ വായിക്കാം.

| | | | | |
|---|---|---|---|---|
| സന്ധ്യ | സിന്ദൂരം | സുഗന്ധി | സ്വന്തം | മാസം |
| സാരി | സീത | സൂത്രം | പരസ്യം | ദിവസം |

- പദങ്ങൾ വരുന്ന വാക്യങ്ങൾ പറയൽ, എഴുതൽ.

പാഠപുസ്തകത്തിലെ പദങ്ങൾ വായിക്കുകയും എഴുതുകയും ചെയ്യുന്നു.

കുട്ടികളും ടീച്ചറും ചേർന്ന് പാഠപുസ്തകത്തിലെ ദേശഭക്തിഗാനം ആലപിക്കുന്നു.

*ഇന്ത്യ ................ രാജ്യം*

കൂടുതൽ ദേശഭക്തിഗാനങ്ങൾ കേൾക്കാൻ അവസരം നൽകുന്നു.

*ഭാരതമെന്നാൽ പാരിൻ നടുവിൽ*
*കേവലമൊരുപിടി മണ്ണല്ല*
*ജനകോടികൾ നമ്മെ*
*നാമായ് മാറ്റിയ*
*ജൻമ ഗൃഹമല്ലോ*

*പോരാ പോരാ നാളിൽ നാളിൽ*
*ദൂരദൂരമുയരട്ടെ*
*ഭാരതക്ഷ്മാദേവിയുടെ*
*തൃപ്പതാകകൾ (വള്ളത്തോൾ)*

*സാരെ ജഹാം സെ അച്ഛാ*

## പ്രക്രിയ


പഠനകേന്ദ്രത്തിലെ സ്വാതന്ത്ര്യദിനാഘോഷത്തിനായുള്ള പോസ്റ്റർ തയാറാക്കുന്നതിന്റെ മുന്നോടിയായി ചില പോസ്റ്ററുകൾ പരിചയപ്പെടാൻ കുട്ടികൾക്ക് അവസരം നൽകുന്നു.

**ചർച്ചയിൽ എന്തൊക്കെ?**

- ചിത്രീകരണം
- ലഘുവാക്യങ്ങൾ
- ഉള്ളടക്കം
- പൂർണത
- ആകർഷണീയത
- രൂപകല്പന (Layout)

പാഠഭാഗത്തിലെ പോസ്റ്റർ പരിചയപ്പെടുത്തുന്നു.

എന്തെല്ലാം ഉൾക്കൊള്ളിക്കണം? ആശയഭൂപടം രൂപീകരിക്കുന്നു (Concept mapping).




കുട്ടികൾ പോസ്റ്റർ രചനയിൽ ഏർപ്പെടുന്നു.

പരസ്പര വിലയിരുത്തൽ

'ടീച്ചർ വെർഷൻ' അവതരണം

മെച്ചപ്പെടുത്തൽ

ക്ലാസിൽ പോസ്റ്റർ പ്രദർശനം സംഘടിപ്പിക്കുന്നു.

ചാർട്ടിലെഴുതിയ ഗാന്ധിജിയെക്കുറിച്ചുള്ള കവിത എല്ലാവരും ചേർന്നു പാടുന്നു.

ഗാന്ധിജിയെക്കുറിച്ചുള്ള ലഘു വിവരണം അധ്യാപിക അവതരിപ്പിക്കുന്നു.

**മോഹൻദാസ് കരംചന്ദ് ഗാന്ധി**

| | | |
|---|---|---|
| അച്ഛൻ | - | കരംചന്ദ് ഗാന്ധി |
| അമ്മ | - | പുത്‌ലീ ബായി |
| ജനനം | - | 1869 ഒക്ടോബർ 2 |
| സ്ഥലം | - | പോർബന്തർ |
| ഭാര്യ | - | കസ്തൂർബാഗാന്ധി |

മഹാത്മാ എന്ന വിശേഷണം നൽകിയത് മഹാകവി രബീന്ദ്രനാഥ ടാഗോർ ആണ്. ഇന്ത്യയുടെ രാഷ്ട്ര പിതാവ് എന്നറിയപ്പെടുന്നു.

ദേശീയ നേതാക്കളുടെ ചിത്രങ്ങൾ ശേഖരിച്ച് പതിപ്പ് തയാറാക്കുന്നു.

**കൗമുദിയുടെ ത്യാഗം**

1934 ൽ ഗാന്ധിജിയുടെ കേരള സന്ദർശനത്തിനിടയിൽ കോഴിക്കോട് ജില്ലയിലെ വടകരയിൽ നടന്ന ചരിത്ര മുഹൂർത്തമാണിത്. കൗമുദി എന്ന ബാലിക, ഹരിജനോദ്ധാരണ ഫണ്ടിലേക്ക് ധനസമാഹരണത്തിനായി എത്തിയ ഗാന്ധിജിക്ക് തന്റെ സ്വർണാഭരണങ്ങൾ അഴിച്ചുനൽകുകയുണ്ടായി. ഈ സംഭവത്തെക്കുറിച്ച് 'കൗമുദിയുടെ ത്യാഗം' എന്ന പേരിൽ അദ്ദേഹം ലേഖനമെഴുതുകയും ചെയ്തു.

കൗമുദീ ടീച്ചറെക്കുറിച്ച് വിക്കിപീഡിയയിൽ നിന്നും കൂടുതൽ വിവരങ്ങൾ ശേഖരിച്ച് കുട്ടികളുമായി പങ്കുവയ്ക്കുമല്ലോ.

പാഠഭാഗം വൈകാരികമായ തീവ്രതയോടെ അവതരിപ്പിക്കണം. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട മറ്റ് സംഭവങ്ങളും കുട്ടികളുടെ നിലവാരത്തിൽ അവതരിപ്പിക്കാവുന്നതാണ്.

- പാഠപുസ്തകത്തിലെ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തട്ടെ.

## വായിക്കാം എഴുതാം

പാഠപുസ്തകത്തിൽ നൽകിയിട്ടുള്ള വാക്കുകൾ ചാർട്ടിലെഴുതുന്നു. വായിക്കുന്നു.

## പാടാം

ചെമ്മനം ചാക്കോയുടെ 'ഇന്ത്യയെന്റെ രാജ്യം' എന്ന കവിതാഭാഗം ടീച്ചറും കുട്ടികളും ചേർന്നു പാടുന്നു.

'്യ' ചിഹ്നത്തിന് ആവർത്തനമുള്ള പാഠഭാഗമാണിത്. ഇന്ത്യ, രാജ്യം എന്നീ വാക്കുകൾക്ക് പുറമെ മറ്റ് പദങ്ങൾ എന്തൊക്കെ?

പരസ്യം, സ്വാതന്ത്ര്യം, കന്യാകുമാരി, രഹസ്യം, കന്യക, നിത്യം, സത്യം

ഈ പദങ്ങളുപയോഗിച്ച് വാക്യങ്ങൾ നിർമിക്കട്ടെ. *ഉദാ:* നിത്യവും കുളിക്കണം.

## എനിക്കറിയാവുന്ന ദേശഭക്തിഗാനം

ഒരു ലളിതമായ ദേശഭക്തിഗാനം പാഠപുസ്തകത്തിൽ എഴുതട്ടെ.

- കൂടുതൽ ദേശഭക്തിഗാനങ്ങൾ ശേഖരിച്ച് പതിപ്പ് നിർമിക്കട്ടെ. ചിലത് പാടി അവതരിപ്പിക്കട്ടെ.

## നോട്ടീസ്/പോസ്റ്റർ

- പഠനകേന്ദ്രത്തിൽ/വിദ്യാലയത്തിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷത്തിന്റെ പരിപാടികൾ ഉൾക്കൊള്ളിച്ച് ഒരു പോസ്റ്റർ തയാറാക്കൂ. ഉചിതമായ ചിത്രങ്ങൾ ചേർക്കണം. തയാറാക്കിയവ പ്രദർശിപ്പിക്കുന്നു. മികച്ചവ കണ്ടെത്തുന്നു. എന്താണ് നിങ്ങൾ കണ്ടെത്തിയ മികവുകൾ എന്നു ചർച്ച ചെയ്യുന്നു.

## എഴുതാം

കുഞ്ഞുങ്ങൾക്ക് സ്വയം ചെയ്യാവുന്ന കാര്യങ്ങൾക്ക്പോലും മുതിർന്നവർ സ്വാതന്ത്ര്യം നൽകാറുണ്ടോ? സ്വാതന്ത്ര്യത്തിന്റെ ബാലപാഠങ്ങൾ വീട്ടിൽനിന്നുതന്നെ തുടങ്ങേണ്ടതുണ്ടെന്ന് ഓർമിപ്പിക്കുന്നു. കുഞ്ഞിന്റെ ചിന്തകളാണ് പുസ്തകത്തൽ കൊടുത്തിരിക്കുന്നത്. കൂടുതൽ കാര്യങ്ങൾ അനുഭവത്തിൽ നിന്ന് പറയാനും എഴുതാനും ക്ലാസിൽ അവസരം നൽകണം.

കുട്ടികളുടെ വായന

പുതിയ വാക്യങ്ങൾ നോട്ടുപുസ്തകത്തിൽ എഴുതുന്നു.

## ആഭരണമണിയിക്കാം

നൽകിയിട്ടുള്ള അക്ഷരങ്ങളെ ചിഹ്നങ്ങൾ ചേർത്ത് അർഥപൂർണമായ വാക്യങ്ങളായി നോട്ടുബുക്കിൽ എഴുതുന്നു.

- ഇന്ത്യ എന്റെ രാജ്യമാണ്.
- ഗാന്ധിജി ജനങ്ങളോട് സംസാരിക്കുന്നു.

വായനാസാമഗ്രിയിൽനിന്ന് 'ൈ' ചിഹ്നം വരുന്ന വാക്കുകൾ കണ്ടെത്തുക

കൈതച്ചക്ക, മൈന, കൈതച്ചെടി, സൈതലവി, കൈ, സൈക്കിൾ, മൈതാനം

ഇനിയും പദങ്ങൾ പറയട്ടെ

പൈലി, മൈനാകം, തൈര്, ചൈത്രം

കണ്ടെത്തിയ പദങ്ങൾ ചേർത്ത് കുട്ടികൾ വാക്യങ്ങൾ നിർമിക്കുന്നു.

അവ നോട്ടുബുക്കിലെഴുതുന്നു. പരസ്പരം നോട്ടുബുക്ക് കൈമാറി വിലയിരുത്തുന്നു. വായിച്ചവതരിപ്പിക്കുന്നു. അധ്യാപിക എല്ലാവരും പറയുന്ന വാക്യങ്ങൾ ചാർട്ടിലെഴുതുന്നു. കുട്ടികൾ മെച്ചപ്പെടുത്തി നോട്ടുബുക്കിൽ എഴുതുന്നു.

### വരികൾ ചേർത്തുപാടാം

ഏലഞ്ചേലഞ്ചോ..... എന്നു തുടങ്ങുന്ന നാടൻപാട്ട് താളത്തോടെ അഭിനയിച്ച് പാടുന്നു. എള്ളിൻ ചോട്, തേങ്ങാച്ചോട് എന്നിവയ്ക്കു പുറമെ മറ്റ് 'ചോടുകൾ' (ചുമടുകൾ) ചേർത്ത് പാട്ട് വികസിപ്പിക്കാം.

നെല്ലിൻചോട് വിറകിൻചോട്
മാങ്ങാച്ചോട് വെള്ളരിച്ചോട്

- എ, ഏ എന്നീ അക്ഷരങ്ങൾ ആവർത്തിക്കുന്ന പാട്ടാണിത്. 'ഏ' എന്ന അക്ഷരം വരുന്ന പദങ്ങളും വാക്യങ്ങളും നിർമിക്കട്ടെ.

ഏണി ഏട്ടൻ
ഏലം ഏറ്
ഏറ്റു ഏത്തപ്പഴം

<u>കരച്ചിലോട് കരച്ചിൽ</u>

ഇതുപോലുള്ള പ്രയോഗങ്ങൾ നിങ്ങൾക്ക് അറിയാമോ? അവ എഴുതി നോക്കൂ.

ഉദാ:
- തീറ്റയോട് തീറ്റ
- ഉറക്കത്തോട് ഉറക്കം
- ഓട്ടത്തോട് ഓട്ടം
- പണിയോട് പണി
- മഴയോട് മഴ
- ചിരിയോട് ചിരി
-
-

### എനിക്ക് കഴിയും

- **കടങ്കഥ**

ഇലകളിലിക്കിളി കൂട്ടിടും
എങ്ങും ചുറ്റി നടന്നിടും
കൂട്ടിലാക്കാൻ കിട്ടില്ല
പറയൂ പറയൂ ഞാനാര്?
ഉത്തരം: കാറ്റ്

- **ദേശീയ പതാക**

ദേശീയ പതാകയെക്കുറിച്ച് ഏതാനും വാക്യങ്ങൾ ചേർത്ത് ലഘുവിവരണം എഴുതാനുള്ള പ്രവർത്തനമാണിത്.
(പതാകയുടെ നിറങ്ങൾ, ചക്രത്തിന്റെ സ്ഥാനം, വാനിൽ പാറിക്കളിക്കുന്നത്....)

- **വായിച്ചുകേൾക്കാം**

'സ്വാതന്ത്ര്യം' എന്ന കഥ കുട്ടികൾക്ക് വായിച്ചുകൊടുക്കുന്നു. സ്വതന്ത്രമായി വായിക്കാൻ കുട്ടികൾ ശ്രമിക്കട്ടെ. ആവശ്യമായ സന്ദർഭങ്ങളിൽ അധ്യാപിക സഹായിച്ചാൽ മതി.



ഇതൾ 8

# ക്രിസ്മസ് രാത്രിയിൽ

## ആമുഖം

ലോകമെങ്ങും ആഘോഷിക്കുന്ന ഒന്നാണ് ക്രിസ്മസ്. മഞ്ഞുകാലവും തണുപ്പും സമ്മാനങ്ങളും ഒത്തുചേരുന്ന ക്രിസ്മസ് പഠനസന്ദർഭമാക്കി മാറ്റാൻ കഴിയണം. കുട്ടികൾക്ക് താൽപര്യമുള്ള ഘടകങ്ങളെ വായനയ്ക്കും ആഴത്തിലുള്ള അനുഭവങ്ങളാക്കി മാറ്റാനുമാണ് ശ്രമിക്കേണ്ടത്. ഇതിൽ ഒരു പാവനാടകം അവതരിപ്പിച്ചിട്ടുണ്ട്. പാവകൾ നിർമിച്ച് ഉപയോഗിക്കുന്നതും ഇതിന്റെ ഭാഗമാവണം. ഓരോ പ്രദേശത്തെയും സവിശേഷതകളും വൈവിധ്യങ്ങളും ഉപയോഗപ്പെടുത്താൻ കഴിയണം.

## പഠനനേട്ടങ്ങൾ

- പദങ്ങൾ, വാക്യങ്ങൾ ഉപയോഗിച്ച് ഭാഷാകേളികളിൽ ഏർപ്പെടുന്നു.
- സ്വതന്ത്രമായി കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു.
- കഥാപാത്രങ്ങളായി സങ്കൽപ്പിച്ചുകൊണ്ട് സംഭാഷണങ്ങൾ ഭാവമാറ്റത്തോടെ അവതരിപ്പിക്കുന്നു.
- പരിചിത കഥകളെ നാടക രൂപത്തിൽ അവതരിപ്പിക്കുന്നു.

| ഊന്നൽ അക്ഷരങ്ങൾ,<br>ചിഹ്നങ്ങൾ, ഭാഷാവസ്തുതകൾ | വ്യവഹാര രൂപങ്ങൾ |
|---|---|
| ഐ, ള, ഴ, ധ, ഥ,<br>ഡ, ഞ്ഞ, ണ്ഡ<br>...ൗ | പാവനാടകം<br>കുറിപ്പ്, കഥ,<br>സംഭാഷണം, വാർത്ത |

## സാമഗ്രികൾ

ക്രിസ്മസ് സ്റ്റാർ, സാന്താക്ലോസിന്റെ ചിത്രം, ക്രിസ്മസ് ട്രീ ചിത്രം, ക്രയോൺസ്

## പ്രക്രിയ

അധ്യാപിക ഒരു ക്രിസ്മസ് നക്ഷത്രം പ്രദർശിപ്പിക്കുന്നു. ഏത് ആഘോഷത്തിന്റെ വരവറിയിച്ചുകൊണ്ടാണ് നക്ഷത്രങ്ങൾ തൂക്കുന്നത്? ക്രിസ്മസ് ഏത് മാസത്തിലാണെന്നറിയാമോ? സാന്താക്ലോസിന്റെ ചിത്രം പ്രദർശിപ്പിക്കുന്നു. ഇതാരുടെ ചിത്രമാണ് പറയാമോ?

പാഠപുസ്തകത്തിലെ ഭാഗം കഥയായി അവതരിപ്പിക്കുന്നു.
(നാളെ ക്രിസ്മസാണ്..... വെളുത്ത താടി)

കുട്ടികൾ എല്ലാവരും പാഠഭാഗം വായിക്കുന്നു.

- ഐഡ മൂടിപ്പുതച്ച് കിടക്കാൻ എന്താണ് കാരണം?
- സാന്താക്ലോസിന്റെ കുപ്പായത്തിന്റെ നിറമെന്താണ്?
- തൊപ്പി എങ്ങനെയുള്ളതാണ്?

എന്നാൽ നമുക്ക് അപ്പൂപ്പന്റെ ചിത്രത്തിന് നിറം കൊടുത്താലോ. പുസ്തകത്തിലെ ചിത്രത്തിന് നിറം നൽകാൻ അവസരം നൽകുന്നു.

കൂടുതൽ വിശദാംശങ്ങൾ ചർച്ചയാവാം.

ബെൽറ്റിന് എന്തു നിറം കൊടുക്കും?

സഞ്ചിയുടെ നിറം എന്താണ് വേണ്ടത്?

കുട്ടികൾ ഇഷ്ടപ്പെട്ട നിറം നൽകട്ടെ. എല്ലാവരും നിറം കൊടുത്ത ചിത്രങ്ങൾ പരസ്പരം പരിശോധിക്കട്ടെ.

ക്രിസ്മസ് അപ്പൂപ്പൻ ഐഡക്ക് സമ്മാനങ്ങൾ നൽകി.


അപ്പൂപ്പന്റെ ഭാണ്ഡത്തിൽ എന്തെല്ലാമാണ് ഉണ്ടായിരിക്കുക.

അധ്യാപിക കുട്ടികൾക്ക് ഊഹിക്കാൻ അവസരം നൽകുന്നു.

വ്യക്തിഗതമായി നോട്ടുപുസ്തകത്തിൽ കുട്ടികൾ എഴുതട്ടെ. പൊതുവായി വന്നവ ഓരോരുത്തരും ശരിയായ രീതിയിൽ പാഠപുസ്തകത്തിൽ എഴുതി ചേർക്കട്ടെ!

ഐഡ സാന്താക്ലോസ് നൽകിയ പുതിയ വസ്ത്രങ്ങൾ ധരിച്ച് തയാറായി. അവൾ മുറ്റത്തേക്കിറങ്ങിയതും മാനുകൾ വലിക്കുന്ന വണ്ടി മുറ്റത്ത് വന്നുനിന്നു.

പാഠപുസ്തകത്തിലെ ഭാഗം കഥയുടെ ഭാഗമായി കുട്ടികളോട് പറയുന്നു. (മാനുകൾ...... മനോഹരം)



അധ്യാപിക ക്രിസ്മസ് ട്രീയുടെ ചിത്രം പ്രദർശിപ്പിക്കുന്നു.

കുട്ടികൾ നോട്ട്പുസ്തകത്തിൽ ചിത്രം വരച്ചെടുക്കുന്നു.
ക്രയോൺ ഉപയോഗിച്ച് ക്രിസ്മസ് ട്രീ അലങ്കരിക്കുന്നു.
ചിത്രങ്ങൾ പ്രദർശിപ്പിച്ച് പരസ്പരം വിലയിരുത്തട്ടെ.

ചിത്രത്തിൽ നിറം കൊടുക്കുന്നതിനു പുറമേ മറ്റെന്തെല്ലാം ചെയ്യാം. ഇലകൾ, വർണ്ണക്കടലാസ് എന്നിവ ചിത്രത്തിൽ ഒട്ടിച്ചുചേർക്കാം. മുത്തുകൾ ഒട്ടിച്ചും ഭംഗിയാക്കാം.

കട്ടിയുള്ള കടലാസിൽ ക്രിസ്മസ് ട്രീ വെട്ടി എടുത്തും ഈ പ്രവർത്തനം ചെയ്യാവുന്നതാണ്. ക്രിസ്മസ് ട്രീ, നക്ഷത്ര നിർമ്മാണം എന്നിവയും ഉപയോഗപ്പെടുത്താവുന്നതാണ്.

തുടർന്ന് പാഠഭാഗം വായിക്കുവാൻ അവസരം നൽകണം. കുട്ടികൾക്ക് ആശയഗ്രഹണ വായനയ്ക്ക് വൈവിധ്യമാർന്ന അവസരങ്ങൾ നൽകാം.

- കരോൾ ഗാനസംഘത്തിൽ ആരുടെയെല്ലാം പേരുകളാണ് വന്നിട്ടുള്ളത്?

## ഐഡ കണ്ടതെന്തെല്ലാം?

പാഠഭാഗം വായിച്ചു കണ്ടെത്തൽ

- ഐസുമൂടിയ നിരത്ത്
- കരോൾ ഗായക സംഘം
- നക്ഷത്ര വിളക്കുകൾ

'ഐ', 'ഔ' എന്നീ അക്ഷരങ്ങൾക്ക് ആവർത്തനം ലഭിക്കുന്നതിന് അവസരമുണ്ട്.

| ഐ | ഔ |
|---|---|
| ഐക്യം | ഔഷധം |
| ഐരാവതം | ഔചിത്യം |
| ഐതിഹ്യം | ഔന്നത്യം |
| ഐലേസാ | |

അധ്യാപിക പാഠപുസ്തകത്തിലെ ചിത്രങ്ങൾ, പേരുകൾ ഇല്ലാത്തവിധം കുട്ടികൾക്ക് നൽകി പേരുകൾ സ്വതന്ത്രമായി എഴുതാൻ ആവശ്യപ്പെടാം.

തുടർന്ന് കുട്ടികൾ അവർ എഴുതിയത് പാഠപുസ്തകവുമായി ഒത്തുനോക്കി ശരിയാക്കട്ടെ. സ്വയം തെറ്റുതിരുത്താൻ അവസരം നൽകുന്നതാണ് നല്ലത്.

## പറയാം എഴുതാം

- പല കഥകളിലും കഥാപാത്രവർണ്ണനകൾ വായിച്ചിട്ടുണ്ടാകുമല്ലോ. അധ്യാപിക ക്ലാസിലെ കുട്ടികളുടെ സവിശേഷതകൾ പറഞ്ഞ് അത് ആരെക്കുറിച്ചാണെന്ന് കുട്ടികൾ കണ്ടെത്തട്ടെ. കുട്ടികൾക്ക് വിഷമം ഉണ്ടാക്കുന്ന തരത്തിലാവാതിരിക്കാൻ വളരെയധികം ശ്രദ്ധിക്കേണ്ടതുണ്ട്.

കുട്ടികൾക്ക് അധ്യാപികയെക്കുറിച്ച് ഇതുപോലെ പറയാൻ അവസരം നൽകണം. ചിത്രം വലുതാക്കി കാണിക്കാൻ കഴിഞ്ഞാൽ നന്നായി.

സിനിമാ താരങ്ങളെയും മറ്റ് ഇഷ്ടപ്പെട്ടവരെയും കുറിച്ചൊക്കെ ഇതുപോലെ വർണ്ണിക്കാൻ അവസരം നൽകാവുന്നതാണ്.

പട്ടിക്കുട്ടി, പൂച്ചക്കുട്ടി തുടങ്ങിയവയുടെ രസകരമായ ചിത്രങ്ങൾ ഉപയോഗിച്ചും പ്രവർത്തനം തുടരാം.

കുട്ടികൾ അവരുടെ ഓമന മൃഗങ്ങളുടെ ഫോട്ടോ അല്ലെങ്കിൽ ചിത്രങ്ങൾ ഉപയോഗിച്ച് പ്രവർത്തനം തുടരാം.

### ക്രിസ്മസ് ചേർന്നുവരുന്ന വാക്കുകൾ

| | |
|---|---|
| ക്രിസ്മസ് ട്രീ | ക്രിസ്മസ് കരോൾ |
| ക്രിസ്മസ് ബെൽ | ക്രിസ്മസ് സമ്മാനം |
| ക്രിസ്മസ് പപ്പ | ക്രിസ്മസ് കെയ്ക്ക് |
| | ക്രിസ്മസ് കാർഡ് |

### വായിക്കാം

അധ്യാപിക പറയുന്ന പദങ്ങൾക്ക് വ്യത്യസ്ത നിറം നൽകാൻ പറയുന്നു.

*ഉദാ:-* വസ്ത്രം എന്ന വാക്കിന് മുകളിൽ ചുവന്ന നിറം കൊടുക്കുക.

അങ്ങനെ വാക്കുകളെ ക്രമത്തിലല്ലാതെ വിവിധ നിറങ്ങൾ ഉപയോഗിച്ച് കാണിക്കട്ടെ. തുടർന്ന് ഇതിലെ പദങ്ങൾ കൂടി ചേർത്ത് വരുന്ന വാക്യങ്ങൾ വായിക്കാൻ പറയുന്നു. കുട്ടികൾ കൂടുതൽ വാക്യങ്ങൾ സ്വതന്ത്രമായി ഉണ്ടാക്കട്ടെ.

### കുറിപ്പ് എഴുതാം

കുട്ടികൾ അവരുടെ അനുഭവത്തിലെ ക്രിസ്മസ് ആഘോഷത്തെക്കുറിച്ച് പറയുന്നു.

കുട്ടികൾ പറയുന്നതിൽനിന്ന് ചില സൂചനകൾ, പദങ്ങൾ എന്നിവ അധ്യാപിക ബോർഡിൽ തൽസമയം രേഖപ്പെടുത്തുന്നു.

*ഉദാ:-* എന്റെ വീട്ടിൽ നക്ഷത്ര വിളക്ക് തൂക്കി എന്ന് പറയുമ്പോൾ അധ്യാപിക ബോർഡിൽ 'നക്ഷത്രവിളക്ക് തൂക്കി' എന്ന് എഴുതുന്നു.

വിവിധ കുട്ടികളുടെ അനുഭവങ്ങളിൽനിന്ന് ക്രിസ്മസിനെ കുറിച്ചുള്ള വിവരണത്തിൽ വരണമെന്നാഗ്രഹിക്കുന്നവ ബോർഡിൽ എഴുതാവുന്നതാണ്.

തുടർന്ന് ഓരോ കുട്ടിയും ക്രിസ്മസിനെകുറിച്ച ഒരു ലഘുകുറിപ്പ് എഴുതാൻ പറയുന്നു.

കുട്ടികൾ അവർ എഴുതിയ കുറിപ്പുകൾ വായിക്കാൻ അവസരം നൽകണം. തുടർന്ന് അധ്യാപിക പ്രധാനമായും വരാവുന്ന വാക്യങ്ങൾ ബോർഡിൽ ഒരു കുറിപ്പായി എഴുതുന്നു. കുട്ടികൾ സ്വയം തെറ്റുതിരുത്തി വീണ്ടും ക്രിസ്മസിനെക്കുറിച്ച് എനിക്കറിയാവുന്നത് എന്നിടത്ത് പാഠപുസ്തകത്തിൽ എഴുതുന്നു.

### പറയാം എഴുതാം

ഐഡയുടെ ചിത്രം നോക്കി വിവരിക്കാം

| | |
|---|---|
| ചുരുളൻ മുടി | .......................... ഉടുപ്പ് |
| കൈയിൽ വളകൾ | .......................... ഷൂസ് |
| തലയിൽ റിബൺ | കാലിൽ സോക്സ് |
| കഴുത്തിൽ മാല | |

### കടങ്കഥ പറയാം

- കുട്ടികൾക്ക് ധാരാളം കടങ്കഥകൾ പരിചയപ്പെടാൻ അവസരം നൽകണം.
- വട്ടത്തിൽ ചവിട്ടുമ്പോൾ നീളത്തിലോടും (സൈക്കിൾ)
- കണ്ടാൽ വണ്ടി. തൊട്ടാൽ ചക്രം (തേരട്ട)
- നാലു കാലുള്ളോരു നങ്ങേലിപ്പെണ്ണിനെ കോലുനാരായണൻ കട്ടോണ്ടുപോയി (തവളയെ നീർക്കോലി പിടിച്ചു)
- കടിക്കുമ്പോൾ കടിക്കുമ്പോൾ പല്ലുകൊഴിയുന്ന മുത്തശ്ശി (സ്റ്റാപ്ലർ)

### പത്രവാർത്ത

ക്രിസ്മസ് ചന്തയുടെ വാർത്ത വായിക്കുന്നു. ലഘുചോദ്യങ്ങളിലൂടെ ആശയം ഗ്രഹിച്ചുവോ എന്ന് പരിശോധിക്കാം.

ധ, ഥ, ഡ, ഞ്ഞ, ഴ തുടങ്ങിയ അക്ഷരങ്ങൾക്ക് തെളിവുകൾ ലഭിക്കുന്നുവെന്ന് ഉറപ്പാക്കണം.

പത്രം പരിചയപ്പെടാൻ അവസരം നൽകണം

- തലക്കെട്ട് വായന
- സ്ഥലനാമങ്ങൾ കണ്ടെത്തൽ
- പരിചയിച്ച അക്ഷരങ്ങൾ, പദങ്ങൾ, കണ്ടെത്തൽ
-

### പാവനാടകം

അധ്യാപിക പാഠഭാഗത്തിൽ മുൻപ് പരിചയപ്പെട്ട ഏതെങ്കിലും ഒരു കഥ പാവനാടകമായി അവതരിപ്പിക്കുന്നു.

*ഉദാ:-* ഉമയും മുത്തശ്ശനും, മുത്തശ്ശി അരിയുണ്ട ഉണ്ടാക്കുന്ന കഥ

വടിപ്പാവകളാണ് (stick puppet) ഇതിന് ഉപയോഗിക്കാൻ സൗകര്യം.

സാന്താക്ലോസ് പോകാൻ നേരം ഐഡയോട് ചോദിച്ചു "നിനക്ക് ഇനി എന്തെങ്കിലും വേണമോ?"

അവൾ അൽപ്പനേരം ആലോചിച്ചു. എന്നിട്ടു പറഞ്ഞു "എനിക്ക് ഒരു നക്ഷത്ര വിളക്ക് വേണം"

"അതിനെന്താ വിഷമം" സാന്താക്ലോസ് പറഞ്ഞു.

"അതുപോര. ഇതുവരെ ആരും കാണാത്ത തരം വിളക്ക് വേണം" ഐഡ കൂട്ടിച്ചേർത്തു.

സാന്താക്ലോസ് എന്തുതരം വിളക്കായിരിക്കും കൊടുത്തിട്ടുണ്ടാവുക. കുട്ടികൾ അവരുടെ ഭാവനയ്ക്കനുസരിച്ച് വിവിധതരം സാധ്യതകൾ അവതരിപ്പിക്കുന്നു.

തുടർന്ന്

പാവനാടകം കഥ വായിക്കുന്നു.

കുട്ടികളെ ഉൾപ്പെടുത്തി പാവനാടകം ക്ലാസിൽ അവതരിപ്പിക്കുന്നു.

### റോൾ പ്ലേ

ഓരോ കുട്ടിയും മണിപ്രാവായി അഭിനയിച്ച് കാണിക്കുന്നു.

### കുറിപ്പ് തയാറാക്കുക

ചന്ത/ഷോപ്പിംഗ് മാൾ എന്നിവിടങ്ങളിൽ പോയതിന്റെ അനുഭവം കുറിപ്പായി പറയാനും എഴുതാനും അവസരം നൽകണം. ടീച്ചർ മാതൃക അവതരിപ്പിക്കുന്നതും നന്നായിരിക്കും.

### കുറിപ്പിൽ എന്തൊക്കെ?

- വിവിധതരം ഉൽപ്പന്നങ്ങൾ (നിറഭേദം)
- ഭക്ഷണശാലകൾ (രുചിഭേദം)
- വിനോദത്തിനുള്ള സ്ഥലങ്ങൾ
- ആൾത്തിരക്ക്
- വാങ്ങിയവ
- 

### വായിക്കാം

'് ' ചിഹ്നം ചേർന്നുവരുന്ന പദങ്ങൾ കുട്ടികൾ വായിക്കട്ടെ. എഴുതട്ടെ.

## ക്രിസ്മസ്

ക്രിസ്മസ് അനുഭവങ്ങൾ പറയൽ, അവ മെച്ചപ്പെടുത്തി എഴുതൽ.

### കടങ്കഥ

പാഠപുസ്തകത്തിലെ കടങ്കഥ വായിച്ച് ഉത്തരം കണ്ടെത്തി പറയട്ടെ.
(ആകാശവും നക്ഷത്രങ്ങളും)

## ഒരു വാക്ക് പലരൂപം

'വരും' എന്ന വാക്കിന്റെ വിവിധ രൂപങ്ങളാണ് നൽകിയിട്ടുള്ളത്. ഇത് 'പോകും' എന്ന വാക്കിന്റെ പല രൂപങ്ങൾ എഴുതട്ടെ.

ഏതെങ്കിലും വ്യക്തികളുടെ പേരുകൂടി ചേർത്ത് വാക്യമായി പറയാൻ അവസരം നൽകണം.

കാവ്യ വരും
കാവ്യ വരാം ..... മുതലായ

## വായിക്കാം

'ഗ' എന്ന അക്ഷരം വരുന്ന വാക്കുകൾ വായിക്കുക.

## പാടിരസിക്കാം

'ഞ്ഞ' എന്ന അക്ഷരത്തിന് ആവർത്തനമുള്ള പാഠഭാഗമാണിത്.

### വട്ടത്തിലാക്കാം

കഥ വായിച്ച് ആസ്വദിക്കുക. 'ഐ' എന്ന അക്ഷരത്തിന് ചുറ്റും വട്ടം വരയ്ക്കുക. 'ഐ' വരുന്ന പദങ്ങൾ എടുത്തെഴുതുക.

### കഥ പൂർത്തിയാക്കാം

ഐഡ അവൾക്ക് ലഭിച്ച അപൂർവ നക്ഷത്രവിളക്കുമായി വീട്ടിലേക്കു നടന്നു. പോകുന്ന വഴിയിൽ ചുറ്റുമുള്ള വീടുകളിൽനിന്ന് കുട്ടികൾ അത്ഭുതത്തോടെ അവളുടെ വിളക്ക് നോക്കിനിന്നു. അസൂയകൊണ്ട് ചിലരുടെ മുഖം ചുവന്നു. ചിലർ ദേഷ്യത്തിൽ വാതിലടച്ചുകളഞ്ഞു.

ഐഡ നടന്ന് നടന്ന് നാൽക്കവലയിലെത്തി. പെട്ടെന്ന് തെരുവ് വിളക്കുകൾ അണഞ്ഞു. എങ്ങും കൂരിരുട്ട്. പെട്ടെന്നാണത് കേട്ടത്. ഒരു ശബ്ദം "നിൽക്കവിടെ..."

പിന്നീട് എന്താണ് സംഭവിച്ചത്? കുട്ടികൾ കഥ പൂർത്തിയാക്കട്ടെ.

പാഠപുസ്തകത്തിലെ കഥാഭാഗം വായിക്കുന്നു. ഓരോരുത്തരും ഭാവനയ്ക്കനുസരിച്ച് കഥ പൂർത്തീകരിക്കുന്നു. കഥയ്ക്ക് പേരും നൽകൂ.

### ആശംസാ കാർഡ് നിർമ്മിക്കാം